ப௰ ~·൭

സുറിയാനി ഭാഷാ പ്രവേശിക

ഗ്രന്ഥകർത്താവ്:

മലങ്കരമല്പാൻ

കോനാട്ട് ഏബ്രഹാം കത്തനാർ

നാലാം പതിപ്പ്

പ്രസിദ്ധീകരണം:

എം. ഒ. സി. പബ്ളിക്കേഷൻസ്

1995 മെയ് വില. 30 രൂ.

ܐܙܕܒܢ ܣܦܣܦܬܐ ܘܣܦܣܦ

ܟܬ̈ܒܐ ܗܠܝܢ ܡܢ ܒܝܬ ܐܘܪܚܐ

ܕܡܠܦܢܐ ܐܒܪܗܡ ܢܘܪܐ ܒܪ ܐܠܗܐ

ܡܠ̈ܦܢܐ ܪ̈ܚܡܝ ܝܘܠܦܢܐ܀ ܡܪܕܘܬܐ ܡܠܦܢܐ

ܘܪܒܐ ܕܡܠ̈ܦܢܐ܆ ܐܪܝܐ ܕܝܢ ܠܐܪܝܟܘ ܡܠܦܢܐ ܕܐܬܘܬܐ܆

ܘܐܬܬܐ ܕܘܟܬܐ ܕܫܪܒܬܐ܀ ܘܕܝܠܗ ܒܗܘܢ ܒܒܝܬ ܐܘܪܚܐ

ܕܒܝܬ ܡܪܕܘܬܐ܀܀܀

Beth Mardutho Library

Malphono Abrohom Nuro Collection

സുറിയാനി
ഭാഷാ പ്രവേശിക

ഗ്രന്ഥകർത്താവ്:-
മലങ്കര മൽപ്പാൻ
കോനാട്ട് അബ്രഹാം കത്തനാർ

(Copy Right)

1995

Fourth Edition

വില രൂപ: 30.00

സുറിയാനി ഭാഷാ പ്രവേശിക.

ഗ്രന്ഥകർത്താവ് : മലങ്കര മൽപ്പാൻ
കോനാട്ട് അബ്രഹാം കത്തനാർ

വർഷം - 1995

കോപ്പീസ് - 2000.

പ്രസിദ്ധീകരണം:
മലങ്കര സഭ പബ്ളിക്കേഷൻ വകുപ്പ്.
(എം.ഒ.സി. പബ്ളിക്കേഷൻസ്)
കാതോലിക്കേറ്റ് അരമന
ദേവലോകം, കോട്ടയം-38.

അച്ചടി : ഉദയാ ഓഫ്സെറ്റ്, കോട്ടയം.

വില : 30

മുഖവുര

പുരാതനഭാഷാ ശാസ്ത്രജ്ഞൻമാരുടെ നിർവ്വചനമനുസരിച്ച് സുറിയാനിഭാഷ 'സെമിററിക്' ഭാഷാവിഭാഗത്തിലുൾപ്പെടുന്നു. ഈ വിഭാഗത്തിലുൾപ്പെടുന്ന ഇതരഭാഷകളെപ്പോലെ സുറിയാനി ഭാഷയും വലത്തുനിന്ന് ഇടത്തേക്ക് എഴുതുകയും വായിക്കുകയും ചെയ്യുന്നു. ഈ ഭാഷയ്ക്ക് മൂന്നു വിധത്തിലുള്ള ലിപികളുണ്ട്.

1. എസ്ത്രംഗേലാ— ഈ ലിപികൾ പൊതുവേ ചതുരവടിവിൽ, അൽപ്പം അലങ്കാരരൂപത്തിലുള്ളവയാണ്. വളരെ പുരാതനമായ ചില കയ്യെഴുത്തുഗ്രന്ഥങ്ങളിൽ ഈ ലിപികൾ ദൃശ്യമാണ്. ആധുനികകാലത്ത് ഈ ലിപി ഒരു സ്ഥലത്തും ഉപയോഗത്തിലില്ലെന്നു തോന്നുന്നു. സുറിയാനി ഭാഷാ ലിപികളുടെ ഏററം പുരാതനമായ രൂപം ഇതാണെന്ന് പറയപ്പെടുന്നു. മററു രണ്ടു രൂപഭേദങ്ങളും ഇതിൽനിന്നുള്ള പരിഷ്ക്കരണങ്ങളാണ്.

2. കൽദായ—ഈ ലിപികളും ഏറെക്കുറെ ചതുരവടിവിലുള്ളവയും, എസ്ത്രം ഗേലാലിപികളോടു വളരെ സാമ്യമുള്ളവയുമാണ്. പേർഷ്യാരാജ്യത്തിലെ കൽദായദേശങ്ങളിൽ ഉപയോഗിച്ചിരുന്ന ഭാഷയാകകൊണ്ടായിരിക്കണം ഇതിനു 'കൽദായ സുറിയാനി" എന്നു പേരുണ്ടായത്. യൂറോപ്യൻ രാജ്യങ്ങളിൽ ഇതിന് 'പൌരസ്ത്യസുറിയാനി —Eastern Syriac—എന്ന് പേര് പറയുന്നു. റോമൻ കത്തോലിക്ക്, നെസ്തോറിയ മുതലായ സഭകളിൽ ഇന്ന് ഉപയോഗത്തിലിരിക്കുന്നത് ഇതാണ്.

മലങ്കരസഭയിൽ ഓർത്തഡോക്സുകാരും, ഉദ്ദേശം പതിനേഴാം നൂററാണ്ടു വരെ ഉപയോഗിച്ചിരുന്നത്, കൽദായ സുറിയാനിയായിരുന്നു.

3. മാറാനായ–പുരാതന റോമാ സാമ്രാജ്യത്തിലെ ഓർത്തഡോക്സുകാർ ഉപയോഗിച്ചിരുന്ന ലിപികളാണിത്. മലങ്കര ഓർത്തഡോക്സുകാർ അന്ത്യോക്യൻസുറിയാനിക്കാരുമായി ബന്ധപ്പെട്ടതിനെതുടർന്ന് മലങ്കര ഓർത്തഡോക്സ് സഭയിൽ ഇത് പ്രചാരത്തിൽ വന്നു. ഇതിന് മാറാനായ സുറിയാനി എന്നു പറയുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ ഇതിന് 'പാശ്ചാത്യസുറിയാനി'– Western Syriac- എന്നു പറയുന്നു.

ഇവ മൂന്നും തമ്മിൽ ലിപിയിലുള്ള അന്തരമല്ലാതെ വ്യാകരണസംബന്ധമായി കാര്യമായ വ്യത്യാസങ്ങളില്ല. എന്നാൽ ഉച്ചാരണത്തിൽ ഗണ്യമായ അന്തരമുണ്ട്. ഇവയിൽ മാറാനായ സുറിയാനി മാത്രമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം.

ഇന്ന് ഈ ഭാഷ, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ ആരാധനാഭാഷയാണ്. ഈ നിലയിലല്ലാതെ ഒരു ദേശീയ ഭാഷയെന്ന നിലയിൽ ഇന്ന് ലോകത്തിലൊരിടത്തും തന്നെ ഇതു ഉപയോഗത്തിലില്ലെന്നു തോന്നുന്നു. ആരാധനാഭാഷയെന്ന നിലയിൽ നമ്മുടെ എല്ലാ ആരാധനാക്രമങ്ങളുടെയും മൂലം സുറിയാനിയിലാണ് നമ്മുടെ സഭയിലെ പണ്ഡിതൻമാരായ പൂർവ്വപിതാക്കൻമാരുടെ വേദശാസ്ത്രപരവും സഭാചരിത്രപരവുമായ ഗ്രന്ഥങ്ങളെല്ലാം തന്നെ ഈ ഭാഷയിലാണ്. തൻമൂലം വൈദികരും പ്രത്യേകിച്ച് വേദശാസ്ത്രപഠിതാക്കളും

ഈ ഭാഷയിൽ സാമാന്യജ്ഞാനമെങ്കിലും സമ്പാദിച്ചിരിക്കേണ്ടത് ആവശ്യമാണ്.

ഈ ലക്ഷ്യത്തിന് സഹായകരമായ ഒരു പാഠപുസ്തകത്തിന്റെ അഭാവമാണ് ഈ ഗ്രന്ഥരചനയ്ക്ക് എന്നെ പ്രേരിപ്പിച്ചത്. മുൻപ് ഈ ദൃശ്യമായ ചുരുക്കം ചില ഗ്രന്ഥങ്ങൾ നമ്മുടെ സഭയിലുണ്ടായിരുന്നു. എന്റെ വന്ദ്യപിതാവ് രചിക്കയും അദ്ദേഹത്തിന്റെ കാലശേഷം 1930 ൽ ഞാൻ പ്രസിദ്ധീകരിക്കുകയും ചെയ്ത ഒരു 'സുറിയാനി ഒന്നാം പാഠപുസ്തകം" തന്നെ ഉണ്ടായിരുന്നു. എന്നാൽ ഇവയൊന്നും ഇന്ന് ലഭ്യമല്ല. തൻമൂലം ഞാൻ മുമ്പ് പ്രസിദ്ധീകരിച്ച ഗ്രന്ഥം തന്നെ പുനരായി പ്രസിദ്ധപ്പെടുത്തുകയോ പുതുതായി ഒരു പുസ്തകം രചിക്കുകയോ ചെയ്യുവാൻ ദീർഘകാലമായി അനേകം സുഹൃത്തുക്കൾ എന്നെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. ഈ പരിതസ്ഥിതിയിലാണ് ഈ ഗ്രന്ഥരചനയ്ക്ക് ഞാൻ തുനിഞ്ഞത്.

ഈ ഗ്രന്ഥം യഥാർത്ഥത്തിൽ ഒരു നവീന പാഠപുസ്തകമല്ല; പ്രത്യുത ഞാൻ പ്രസിദ്ധീകരിച്ച മുൻ ഗ്രന്ഥത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പുമാത്രമാണ്. അതായത് ആ പുസ്തകത്തിലെ പാഠങ്ങളുടെ സംവിധാനത്തിൽ കാലാനുസൃതവും പഠിതാക്കൾക്ക് അൽപ്പംകൂടി എളുപ്പവുമെന്നു തോന്നിയ ചില പുനഃക്രമീകരണങ്ങൾ വരുത്തുകയും, വ്യാകരണസംബന്ധമായി അൽപ്പം കൂടി വിശദമായ ചില വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ നിലയിൽ ഈ ഗ്രന്ഥം സുറിയാനി ഭാഷാപഠിതാക്കൾക്ക് പ്രയോജനകരമായിത്തീരുമെന്ന് പ്രത്യാശിക്കുന്നു.

ഈ ഗ്രന്ഥം എഴുതി പൂർത്തിയാക്കിയ ശേഷം ഒരു സുറിയാനി ഭാഷാപണ്ഡിതനായ കൊച്ചിഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയേയും, കോട്ടയം തിയോളജിക്കൽ സിമ്മനാരിയിലെ സുറിയാനി മൽപ്പാനായ ബ: ഞാർത്താങ്കൽ കോരുതച്ചനേയും ഇതിന്റെ കൈയ്യെഴുത്തുപ്രതി ഞാൻ കാണിക്കുകയും, ഇരുവരും കൂടി ഇത് ആത്യന്തം സൂക്ഷ്മമായി പരിശോധിക്കുകയുമുണ്ടായി. ഇതിലെ ക്രമീകരണങ്ങൾ സംബന്ധിച്ചും മററും അവർ നൽകിയ ചില നിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വിലയേറിയ സഹായത്തിന് അവരോടുള്ള എന്റെ ഹൃദയംഗമമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

കോനാട്ട് അബ്രഹാം കത്തനാർ.

പാഠം 1

❖ ܐܠܦܒܝܬ

അക്ഷരങ്ങൾ—AIPHABET.

സുറിയാനി ഭാഷയ്ക്ക് ഇരുപത്തിരണ്ട് അക്ഷരങ്ങളുണ്ട്. അവ താഴെ ചേർക്കുന്നു.

ഓലഫ് . ܐ

ബേസ് . ܒ

ഗോമാൽ . ܓ

ദോലാദ് . ܕ

ഹെ . ܗ

വാവ് . ܘ

സയ്യ് . ܙ

ഹേസ് . ܚ

തേസ് . ܛ

യൂദ് . ܝ

ഖോഫ് . ܟ

ലോമാദ് . ܠ

മീം . ܡ

നൂൻ . ܢ

സെമ്ഖാസ് . ܣ

എ . ܥ

ഫെ . ܦ

സോദെ . ܨ

കോഫ് . ܩ

റീശ് . ܪ

ശീൻ . ܫ

താവ് . ܬ

മേൽ കാണിച്ചിരിക്കുന്നവയിൽ വളരെ രൂപസാദൃശ്യമുള്ള ചില അക്ഷരങ്ങളുണ്ട്.

1- ܝ · ܐ ഇവ തമ്മിൽ വലിപ്പത്തിൽ മാത്രമേ വ്യത്യാസമുള്ളു.

2– ܓ · ܠ ഇവ തമ്മിലും വലിപ്പത്തിൽ മാത്രം വ്യത്യാസം.

3– ܪ · ܕ ഇവ തമ്മിലുള്ള വ്യത്യാസം ഒന്നിന്റെ കുത്ത് താഴെയും മറ്റതിന്റേതു മുകളിലുമാണെന്നു മാത്രം.

4– ܒ · ܟ · ܦ ഇവ തമ്മിലുള്ള വ്യത്യാസം, ആദ്യത്തതിന്റെ മുകളിലെ വര നീളം കൂടിയതാണ്; രണ്ടാമത്തെതിന്റെ മുകളിലെ വര നീളം കുറഞ്ഞ് കീഴോട്ട് വളഞ്ഞതാണ്; മൂന്നാമത്തേതിന്റെ മുകളിലെ വര കീഴോട്ട് വളഞ്ഞ് താഴത്തെ വരയിൽ തൊട്ടിരിക്കുന്നു. ഈ വ്യത്യാസങ്ങൾ പ്രത്യേകം ശ്രദ്ധിച്ച് മനസ്സിലാക്കണം.

സുറിയാനിഭാഷ എഴുതുമ്പോൾ ഒരു പദത്തിലെ അക്ഷരങ്ങളെല്ലാം പരസ്പരം ചേർന്നിരിക്കണം. ബഹുഭൂരിപക്ഷം അക്ഷരങ്ങളും മൂലരൂപത്തിൽ തന്നെ ഇടതുവശത്തേക്കു വരയുള്ളവയാകയാൽ, വലതു നിന്ന് ഇടത്തേക്ക് എഴുതുകയും വായിക്കുകയും ചെയ്യുന്ന ഈ ഭാഷയ്ക്ക് ഇതു വളരെ സൗകര്യമാണ്. ചുരുക്കം ചില അക്ഷരങ്ങൾക്ക് ഇടത്തേക്കു വരയില്ല. അവയെക്കുറിച്ച് പിന്നാലെ പ്രത്യേകം വിവരിക്കുന്നതാണ്. ഇതിനും പുറമെ, അക്ഷരങ്ങൾ പരസ്പരം ചേർത്തെഴുതുവാനുള്ള സൗകര്യത്തിനു വേണ്ടി എല്ലാ അക്ഷരങ്ങൾക്കും തന്നെ ആവശ്യാനുസരണം വലതുവശത്തേക്കു ഒരു ചെറിയ വര ഇടുന്നു. പരസ്പരം ചേർത്തെഴുതുമ്പോൾ ചുരുക്കം ചില

അക്ഷരങ്ങൾക്ക് അവയുടെ ആകൃതിയിൽ ഗണ്യമായ വ്യത്യാസം വരുന്നുണ്ട്, ചേർത്തെഴുതുമ്പോൾ അക്ഷരങ്ങൾക്കുണ്ടാകുന്ന രൂപ വ്യത്യാസം താഴെ കാണിക്കുന്നു.



മേൽ കാണിച്ചിരിക്കുന്ന അക്ഷരങ്ങളുടെ രൂപവ്യത്യാസത്തിൽ താഴെ വിവരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

1. ഈ അക്ഷരങ്ങൾ രണ്ടിനും സാരമായ രൂപവ്യത്യാസം ഉണ്ടാകുന്നു.

2. ഈ അക്ഷരങ്ങൾക്കും അങ്ങനെ തന്നെ

3. ഈ അക്ഷരങ്ങൾക്കു നാലു രൂപങ്ങൾ വീതം കാണിച്ചിരിക്കുന്നു. അവയിൽ രണ്ടാമതു കാണിച്ചിരിക്കുന്നത് വലതുവശത്തെഅക്ഷരത്തോടു ചേർത്തും, ആദ്യത്തെത് വലതുവശത്തെ അക്ഷരത്തോടു ചേർക്കാതെയുമുള്ള രൂപങ്ങൾ. അവസാനം കാണിച്ചിരിക്കുന്ന രണ്ടു രൂപഭേദങ്ങളും, പ്രസ്തുത അക്ഷരങ്ങൾ ഒരു പദത്തിന്റെ അന്ത്യാക്ഷരമായി വരുമ്പോൾ പ്രാപിക്കുന്ന രൂപങ്ങളാണ്. മൂന്നാമത്തെത് വലതുവശത്തെ അക്ഷരത്തോടു ചേർത്തുള്ളരൂപങ്ങൾ.

4.  ഈ അക്ഷരങ്ങൾ തമ്മിൽ വലിപ്പത്തിലുള്ള വ്യത്യാസമേ ഉള്ളുവല്ലൊ. ഇവയുടെ മൂലരൂപം വലതുവശത്തെ അക്ഷരത്തോടു ചേർത്തും ചേർക്കാതെയും ഉപയോഗിക്കപ്പെടുന്നതാണ്. മൂന്നു രൂപ

ഭേദങ്ങൾ കാണിച്ചിരിക്കുന്നതിൽ രണ്ടാമത്തേതും മൂന്നാമത്തേതും പ്രസ്തുത അക്ഷരങ്ങൾ ഒരു പദത്തിന്റെ അന്ത്യാക്ഷരമായി വരുമ്പോൾ ഉണ്ടാകുന്ന രൂപങ്ങളാണ്. രണ്ടാമത്തേത് വലതുവശത്തെ അക്ഷരത്തോടു ചേർക്കാതെയും മൂന്നാമത്തേത് വലതുവശത്തെ അക്ഷരത്തോടു ചേർത്തുമുള്ള രൂപങ്ങൾ.

5. ܠ ܐ ഈ അക്ഷരങ്ങൾ ഒരു പദത്തിൽ അടുത്തടുത്തു വന്നാൽ അവയ്ക്ക് ഗണ്യമായ രൂപഭേദം വരുന്നു. ܐ ആദ്യവും ܠ രണ്ടാമതുമായി വന്നാൽ ܐ എന്ന അക്ഷരവും ܠ പോലെതന്നെ ചായിച്ച് പരസ്പരം തൊടാതെ എഴുതുന്നു. ܠܐ

ܠ ആദ്യവും ܐ രണ്ടാമതുമായി വന്നാൽ ܠ എന്ന അക്ഷരവും ܐ പോലെതന്നെ നേരെ എഴുതുന്നു. രണ്ടും അടിയിൽ പരസ്പരം തൊട്ടിരിക്കയും ചെയ്യും. ܐܠ

6. ܬ ܪ ܕ ܙ ܘ ܗ ܨ ܐ ഈ അക്ഷരങ്ങൾ ഇടതുവശത്തേക്കു വരയില്ലാത്തവയാകയാൽ അവ ഇടതുവശത്തുള്ള അക്ഷരത്തോട് ചേർത്തെഴുതുകയില്ല.

മേൽക്കാണിച്ചിരിക്കുന്ന നിയമങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു പഠിക്കുകയും അക്ഷരങ്ങൾ സ്വയമായി എഴുതുവാൻ പരിശീലിക്കുകയും ചെയ്യണം. സുറിയാനിഭാഷ വലത്തുനിന്ന് ഇടത്തേക്ക് എഴുതുന്നതിനാൽ ആ വിധത്തിൽ എഴുതുന്നതിന് പ്രത്യേകം പരിശീലനം ആവശ്യമാണ് ഓരോ അക്ഷരവും എഴുതുമ്പോൾ അവ എവിടെനിന്ന് ആരംഭിക്കണം എന്നാദിയായ കാര്യങ്ങൾ പരിചയമുള്ളവരുടെ സഹായത്തോടുകൂടി പരിശീലിക്കേണ്ടിയിരിക്കുന്നു. ഇവ പരിശീലിച്ചെങ്കിലേ അക്ഷരങ്ങൾ എഴുതുമ്പോൾ അവയ്ക്കു ശരിയായ രൂപം ലഭിക്കുകയുള്ളൂ.

പാഠം 2

✤ ܗܶܓܳܝܳܐ

ഉച്ചാരണം-PRONOUNCIATION.

1. സുറിയാനി അക്ഷരങ്ങളെ അവയുടെ ഉച്ചാരണത്തിന് ഉപയോഗിക്കുന്ന അവയവത്തിനനുസരണമായി താഴെ കാണിച്ചിരിക്കുന്നപ്രകാരം അഞ്ചായി തരം തിരിച്ചിരിക്കുന്നു.

Gutteral	കണ്ഠ്യം	ܓܓܪ̈ܢܝܬܐ . ܥ ܚ ܗ ܐ :
Palatal	താലവ്യം	ܚܢܟ̈ܢܝܬܐ . ܩ ܟ ܝ ܓ :
Lingual	രാസന്യം	ܠܫܢ̈ܢܝܬܐ . ܬ ܢ ܠ ܛ ܕ :
Dental	ദന്ത്യം	ܫܢ̈ܢܝܬܐ . ܣ ܪ ܫ ܙ :
Labial	ഓഷ്ഠ്യം	ܣܦܘ̈ܬܢܝܬܐ . ܦ ܡ ܘ ܒ :

2. ഈ അക്ഷരങ്ങളെല്ലാം വ്യജ്ഞനങ്ങളാകുന്നു. അതായത് സ്വയമായി ഉച്ചാരണമില്ലാത്തവ. ഓരോ അക്ഷരത്തിനും സ്വയമായി അവയുടെ പേരുച്ചരിക്കുവാനുപയോഗിക്കുന്ന പദത്തിന്റെ ആദ്യശബ്ദമാണ് അതിന്റെ മൂലമായ ഉച്ചാരണം. ഉദാ:—

. ഹ് ܗ . ദ് ܕ . ഗ് ܓ . ബ് ܒ . അ് ܐ

ഇങ്ങനെ എല്ലാ അക്ഷരങ്ങൾക്കും. എന്നാൽ ܐ എന്ന അക്ഷരം ഈ നിയമത്തിൽനിന്ന് വ്യത്യസ്തമാണ്. ഒരു പദത്തിന്റെ ആരംഭത്തിൽ ഈ അക്ഷരം വരുമ്പോൾ മാത്രമേ അതിന് ഈ ഉച്ചാരണമുള്ളു.

പദത്തിൻെറ ഇടയിലൊ അന്ത്യത്തിലൊ ഈ അക്ഷരം വന്നാൽ അത് ഉച്ചരിക്കുകയില്ല.

3. വ്യജ്ഞനങ്ങളായ ഈ അക്ഷരങ്ങൾക്ക് ശരിയായ ഉച്ചാരണം ലഭിക്കുവാൻവേണ്ടി അഞ്ച് ഉച്ചാരണ പുള്ളികൾ ഉപയോഗിക്കുന്നു.

അ. ആ. (പ്തോഹൊ) ܰ

ഒ. ഓ. (സ്ക്കോപ്പൊ) ܳ

എ. ഏ. (റ്ബോസൊ) ܶ

ഇ. ഈ. (ഹ്ബോസൊ) ܺ

ഉ ഊ. (അസോസൊ) ܽ

ബ്രാക്കററിൽ കാണിച്ചിരിക്കുന്നത് ഓരോ പുള്ളിയുടെയും പേരും തുടർന്നു കാണിച്ചിരിക്കുന്നത് ഓരോ പുള്ളിയുടെ ഉച്ചാരണവുമാകുന്നു. ഈ പുള്ളികൾ ആവശ്യാനുസരണം ഓരോ അക്ഷരത്തോടും ചേർക്കുമ്പോൾ അക്ഷരത്തിൻെറ മൂലശബ്ദത്തോട് ചേർന്നു ഉപയോഗിക്കുന്ന പുള്ളിയുടെ ഉച്ചാരണം അതിന് ലഭിക്കുന്നു.

. ഉ ܐܽ . ഇ ܐܺ . ഏ ܐܶ . ഒ ܐܳ . അ ܐܰ

. ബു ܒܽ . ബി ܒܺ . ബെ ܒܶ . ബൊ ܒܳ . ബ ܒܰ

. ഗു ܓܽ . ഗി ܓܺ . ഗെ ܓܶ . ഗൊ ܓܳ . ഗ ܓܰ

. ദു ܕܽ . ദി ܕܺ . ദെ ܕܶ . ദൊ ܕܳ . ദ ܕܰ

ഇങ്ങനെ എല്ലാ അക്ഷരങ്ങൾക്കും.

4. **മേൽ** കാണിച്ചിരിക്കുന്ന അഞ്ചു പുള്ളികൾക്കും ഹ്രസ്വവും ദീർഘവുമായ ഉച്ചാരണങ്ങളുണ്ട്. അതായത് ഏകദേശം അ ആ, ബ ബാ, ഗ ഗാ, ദ ദാ, ഹ ഹാ, എന്നിങ്ങനെ. തൽസംബന്ധമായ ഒരു ഏകദേശ നിയമം താഴെ **ചേർക്കുന്നു.**

ഒരു പദത്തിലെ അക്ഷരങ്ങൾക്ക് തുടർച്ചയായി ഉച്ചാരണ പുള്ളികൾ **വന്നാൽ,** ആദ്യത്തേതുൾപ്പെടെ എല്ലാ പുള്ളികളും ദീർഘമായും, ഏററം ഒടുവിലത്തെ പുള്ളിമാത്രം ഹ്രസ്വമായും ഉച്ചരിക്കും ഉദാ:-

യാമൊ [illegible]   ആലോഹൊ [illegible]

മായോനോയൊ [illegible]   ഹാസോമൊ [illegible]

എന്നാൽ ഒരു പദത്തിലെ അക്ഷരങ്ങളുടെ ഇടയിൽ പുള്ളിയില്ലാത്ത അക്ഷരം വന്നാൽ ഈ നിയമം വ്യത്യാസപ്പെടുന്നു. പുള്ളിയില്ലാത്ത അക്ഷരത്തിന് അടുത്ത് മുമ്പുള്ള അക്ഷരത്തിൻെറ പുള്ളി, ഹ്രസ്വമായി ശബ്ദിക്കണം. എന്നാൽ പദത്തിൻെറ അന്ത്യാക്ഷരം പുള്ളിയില്ലാത്തതാണെങ്കിൽ അതിന് മുമ്പുള്ള അക്ഷരത്തിൻെറ പുള്ളി ദീർഘമായി ഉച്ചരിക്കണം. ഉദാ:-

എസ്റംറാം [illegible]   മെൻശയാനൊ [illegible]

5. ഉച്ചാരണപുള്ളികൾ അക്ഷരങ്ങളുടെ മുകളിലാണ് ഇടേണ്ടത് എങ്കിലും അപൂർവ്വമായി അക്ഷരങ്ങളുടെ താഴെയും ഇടുക പതിവുണ്ട്. താഴെ ഇടുമ്പോൾ അവ മറിച്ചിടുകയാണ് പതിവ്. ഉദാ:-

[illegible] [illegible]   [illegible] [illegible]

6. ₓ എന്ന പുള്ളി ഒരക്ഷരത്തിന് വന്നാൽ മിക്കവാറും ആ അക്ഷരത്തിൻെറ പിന്നാലെ ـܝ എന്ന അക്ഷരമുണ്ടായിരിക്കും. അപ്പോൾ ആ ـܝ എന്ന അക്ഷരം ഉച്ചരിക്കേണ്ട ആവശ്യമില്ല. ഉദാ:—

[illegible] [illegible] [illegible]

അതുപോലെ തന്നെ ^ എന്ന പുള്ളി ഒരക്ഷരത്തിന് വന്നാൽ മിക്കവാറും അതിൻെറ പിന്നാലെ ܘ എന്ന അക്ഷരം വരുന്നതാണ്. അപ്പോൾ ആ ܘ എന്ന അക്ഷരവും ഉച്ചരിക്കേണ്ട ആവശ്യമില്ല. ഉദാ:—

[illegible] [illegible] [illegible]

ഒരു പദത്തിൽ ഒരക്ഷരത്തിന് ̦ പുള്ളി വന്നിട്ട് ആ അക്ഷരത്തെ തുടർന്ന് ܘ എന്ന അക്ഷരം വന്നാൽ, ആ ܘ ന് ഉച്ചാരണമുണ്ടായിരിക്കയില്ല. ഉദാ:—

[illegible] [illegible] [illegible]

അതുപോലെതന്നെ ̦ പുള്ളിയുള്ള ഒരക്ഷരത്തിൻെറ പിന്നാലെ ـܝ എന്ന അക്ഷരം വരികയും, ആ ـܝ എന്ന അക്ഷരത്തിന് പുള്ളിയില്ലാതിരിക്കയും ചെയ്താൽ, ആ ـܝ എന്ന അക്ഷരവും ഉച്ചരിക്കേണ്ട ആവശ്യമില്ല. ഉദാ:—

[illegible] [illegible]

7. ചില പദങ്ങളിൽ, ചില അക്ഷരങ്ങൾ, ആ പദത്തിൽ അവ ആവശ്യമാണെങ്കിലും ഉച്ചരിക്കുകയില്ല. അങ്ങനെ ഉച്ചരിക്കാത്ത അക്ഷരത്തിൻെറ താഴെ, അത് ഉച്ചരിക്കേണ്ട ആവശ്യമില്ല എന്നുള്ള സൂചനയായി, ഒരു ചെറിയ വര കൊടുക്കുന്നു. ഉദാ:—

. [illegible] . [illegible] . [illegible] . [illegible]

8. ചില പദങ്ങളിൽ മുഴുവൻ അക്ഷരങ്ങളും എഴുതാതെ, ആരംഭത്തിലെ രണ്ടോ മൂന്നോ അക്ഷരങ്ങൾ മാത്രം എഴുതിയിട്ട്, എഴുതിയിട്ടുള്ളതിൽ അവസാനത്തെ അക്ഷരത്തിന്റെ മുകളിൽ ഒരു വര കൊടുക്കുന്നു. വളരെ സാധാരണയായി ഉപയോഗത്തിലിരിക്കുന്ന ചില സുപ്രസിദ്ധ പദങ്ങളിൽ മാത്രമാണ് ഇങ്ങനെ ചെയ്യുന്നത്. അങ്ങനെ കൊടുക്കുന്ന ആ വരയുടെ അർത്ഥം, പ്രസ്തുത പദം അപൂർണ്ണമാണ്, എങ്കിലും അതു പൂർണ്ണമായി ഉച്ചരിക്കണം എന്നാകുന്നു. ഉദാ:—

[illegible]

9. മലയാള ഭാഷയിലെപ്പോലെ ഒരു പദത്തിലെ ഏതാനും അക്ഷരങ്ങൾ ഒരു വരിയിലും ശേഷമുള്ളഅക്ഷരങ്ങൾ അടുത്ത വരിയിലുമായി സുറിയാനിയിൽ എഴുതുകയില്ല. ഒരു വരിയുടെ അവസാനത്തിൽ വരുന്ന പദംകൊണ്ട് ആ വരിയുടെ നീളം പൂർത്തിയാകാതെയും അടുത്തപദം മുഴുവനായി ആ വരിയിൽ എഴുതുവാൻ സ്ഥലം മതിയാകാതെയും വരുമ്പോൾ, ഭംഗിക്കുവേണ്ടി, എല്ലാ വരികളും ഒരേ നീളത്തിൽ ആയിരിക്കത്തക്കവണ്ണം അവസാന പദത്തിലെ അക്ഷരങ്ങളുടെ തണ്ട് നീട്ടി എഴുതുക പതിവുണ്ട്. ഉദാ:-

[illegible]

വളരെ അപൂർവ്വമായി മാത്രം ചില എഴുത്തുകാർ, ഒരു പദത്തിലെ ഏതാനും അക്ഷരങ്ങൾ ഒരു വരിയിൽ എഴുതി നിർത്തി, ഒരു വര കൊടുത്തിട്ട്, ബാക്കി അടുത്ത വരിയിൽ എഴുതാറുണ്ട്. ഉദാ:—

[illegible] [illegible] [illegible]

[illegible] [illegible] [illegible]

10. മേൽ വിവരിച്ചിരിക്കുന്ന അഞ്ച് ഉച്ചാരണ പുള്ളികൾ വേറൊരു രൂപത്തിലും ഉപയോഗിക്കാറുണ്ട്.

ഇതിൽ എന്ന പുള്ളി, അക്ഷരത്തെ തുടർന്നു വരുന്ന ൦ എന്ന അക്ഷരത്തിന്റെ താഴെ ഒരു കുത്താണല്ലൊ. ഇതു ഈ നിലയിൽ ൦ എന്ന അക്ഷരത്തോടുകൂടി മാത്രമേ വരുകയുള്ളൂ.

എന്ന പുള്ളി ഒരക്ഷരത്തിനു വന്നാൽ മിക്കവാറും ആ അക്ഷരത്തെ തുടർന്ന് എന്ന അക്ഷരമുണ്ടായിരിക്കുമെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലൊ. അങ്ങനെ വരുന്ന ന് താഴെ ഒരു കുത്ത് മാത്രമായിട്ടും ഈ പുള്ളി ഉപയോഗിക്കാറുണ്ട്.

11. ബഹുവചന പദങ്ങൾക്ക്, ബഹുവചന സൂചനയായി മുകളിൽ രണ്ടു കുത്തുകൾ ഇടുന്നു. ഇതിനു

എന്ന് പേര്. ബഹുവചന നാമങ്ങൾക്ക് ഈ കുത്തുകൾ വേണമെന്നുള്ളത് നിർബന്ധ നിയമമാണ്. സാധാരണയായി ഒരു പദത്തിന്റെ മുകളിൽ, ഏകദേശം മദ്ധ്യഭാഗത്തായി, ആ പദത്തിൽ പുള്ളിയില്ലാത്ത അക്ഷരങ്ങളുണ്ടെങ്കിൽ അതിന്റെ മുകളിൽ, ആണ് ബഹുവചന കുത്തുകൾ ഇടേണ്ടത്. എന്നാൽ എന്ന അക്ഷരം ഒരുപദത്തിലുണ്ടെങ്കിൽ, ആ അക്ഷരത്തിനുള്ള ഒരു കുത്തിന്റെകൂടെ ഒരു കുത്തു കൂടി ഇട്ടാൽ മതിയാകും. ഉദാ:—

12. സുറിയാനി അക്ഷരമാലയിലെ ܒ . ܓ . ܕ . ܟ . ܦ . ܬ എന്നീ ആറ് അക്ഷരങ്ങൾക്ക് മൃദുവും കഠിനവുമായ രണ്ടുതരം ഉച്ചാരണമുണ്ട്. ഈ അക്ഷരങ്ങൾ ആറും ഓർമ്മിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ܒܓܕܟܦܬ എന്ന് ഒരു പദമായി പറയാറുണ്ട് ഈ പദത്തിന് അർത്ഥമൊന്നുമില്ല. രണ്ടുതരം ഉച്ചാരണമെന്നു പറയുന്നത് ഏകദേശമായി, ബ ബ്ബ, ഗ ഗ്ഗ, ദ ദ്ദ, ക ക്ക, പ ഫ, ത ത്ത, പോലെ എന്നു പറയാമെങ്കിലും കൃത്യമായി അങ്ങിനെയല്ല. ഈ ഉച്ചാരണ വ്യത്യാസത്തിന്റെ സൂചനയായി അക്ഷരങ്ങളുടെ മുകളിലും താഴെയുമായി ഓരോ കുത്തുകൾ ഇടുന്നു. താഴെ ഇടുന്ന കുത്ത് മൃദു ഉച്ചാരണത്തെ സൂചിപ്പിക്കുന്നു. ഇതിന് ܪܘܟܟܐ എന്നു പേര്. മുകളിൽ ഇടുന്ന കഠിനോച്ചാരണത്തെ സൂചിപ്പിക്കുന്നു. ഇതിനു ܩܘܫܝܐ എന്നു പേര്. ഉദാ:—

. ܒ݁ ܒ݂ . ܓ݁ ܓ݂ . ܕ݁ ܕ݂ . ܟ݁ ܟ݂ . ܦ݁ ܦ݂ . ܬ݁ ܬ݂

സാധാരണയായി ഈ കുത്തുകൾ നിറംമാറിയ മഷികൊണ്ട്. കറുത്തമഷികൊണ്ടെഴുതുമ്പോൾ ചുവന്ന മഷികൊണ്ട് ഇടുകയാണ് പതിവ്, ഇതിന്റെ ശരിയായ ഉച്ചാരണരീതി പരിചയമുള്ള ആളുകളിൽനിന്ന് ഗ്രഹിച്ചുകൊള്ളേണ്ടതാണ്, ഇതു സംബന്ധിച്ച നിയമങ്ങൾ അൽപ്പം സങ്കീർണ്ണമാകയാൽ തത്സംബന്ധമായ കൂടുതൽ വിശദീകരണങ്ങളിലേക്കു പ്രവേശിക്കുന്നില്ല.

Exercise:— വായിക്കുക,

ܐܒ݂ܳܐ ܗܘܳܐ ܒܪ݂ܬ݁ܶܗ ܟܬ݂ܳܒ݂ܳܐ ܦܬ݂ܓܳܡܳܐ ܕܟ݂ܺܝܪ .

ഈ വാചകം സുറിയാനി അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും അവയുടെ ക്രമത്തിൽ നിരത്തിയിരിക്കുന്നതാണ്. ഈ വാചകത്തിനു യാതൊരു അർത്ഥവുമില്ല, ഇത് ഹൃദിസ്തമാക്കുന്നത് അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും അവയുടെ ക്രമത്തിൽ തന്നെ ഓർമ്മിക്കുവാൻ സഹായകമാണ്.

താഴെ നൽകിയിരിക്കുന്നത് പ്രാർത്ഥനയുടെ പ്രാരംഭത്തിലെ ഒരു കൗമായാകുന്നു. ഇത് മുഴുവനും ഉച്ചാരണശുദ്ധിയോടെ വായിച്ച് ഹൃദിസ്ഥമാക്കുക

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ ܘܥܠ ܐܪܥܐ ܫܠܡܐ ܘܣܒܪܐ ܛܒܐ

ܠܒܢܝ̈ܢܫܐ ܒܟܠܥܕܢ

ܠܥܠܡܝܢ . ܐܡܝܢ ✥ ܩܕܝܫ ܩܕܝܫ ܩܕܝܫ

ܐܢܬ ܐܒܘܢ ܕܒܫܡܝܐ . ܕܡܠܝܢ ܫܡܝܐ ܘܐܪܥܐ

ܪܒܘ ܫܘܒܚܟ ܥܝܪ̈ܐ ܘܐܢܫ̈ܐ ܩܥܝܢ ܠܟ . ܩܕܝܫ

ܩܕܝܫ ܩܕܝܫ ܐܢܬ ✥ ܐܒܘܢ ܕܒܫܡܝܐ

ܢܬܩܕܫ ܫܡܟ . ܬܐܬܐ ܡܠܟܘܬܟ .

ܢܗܘܐ ܨܒܝܢܟ

ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ ✥ ܗܒ ܠܢ

ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ . ܘܫܘܒܘܩ ܠܢ

ܗܳܫܳܐ ܘܰܠܥܳܠܰܡ ܥܳܠܡܺܝܢ ❖ ܫܽܘܒܚܳܐ ܠܳܟ ܐܰܠܳܗܳܐ . ܫܽܘܒܚܳܐ
ܠܳܟ ܒܳܪܽܘܝܳܐ . ܫܽܘܒܚܳܐ ܠܳܟ ܡܰܠܟܳܐ ܡܫܺܝܚܳܐ ܕܚܳܢ
ܠܚܛܳܝܶܐ ܥܰܒܕܰܘܗܝ . ܒܪܰܚܡܰܝܟ ❖ ܐܰܒܽܘܢ ܕܒܰܫܡܰܝܳܐ .
ܢܶܬܩܰܕܰܫ ܫܡܳܟ . ܬܺܐܬܶܐ ܡܰܠܟܽܘܬܳܟ . ܢܶܗܘܶܐ ܨܶܒܝܳܢܳܟ :
ܐܰܝܟܰܢܳܐ ܕܒܰܫܡܰܝܳܐ ܐܳܦ ܒܰܐܪܥܳܐ . ܗܰܒ ܠܰܢ ܠܰܚܡܳܐ
ܕܣܽܘܢܩܳܢܰܢ ܝܰܘܡܳܢܳܐ . ܘܰܫܒܽܘܩ ܠܰܢ ܚܰܘܒܰܝܢ
ܘܚܰܛܳܗܰܝܢ : ܐܰܝܟܰܢܳܐ ܕܳܐܦ ܚܢܰܢ ܫܒܰܩܢ ܠܚܰܝܳܒܰܝܢ .
ܠܳܐ ܬܰܥܠܰܢ ܠܢܶܣܝܽܘܢܳܐ . ܐܶܠܳܐ ܦܰܨܳܢ ܡܶܢ ܒܺܝܫܳܐ : ܡܶܛܽܠ
ܕܕܺܝܠܳܟ ܗܺܝ ܡܰܠܟܽܘܬܳܐ ܘܚܰܝܠܳܐ ܘܫܽܘܒܚܳܐ ܠܥܳܠܰܡ
ܥܳܠܡܺܝܢ ܐܳܡܺܝܢ ❖ ܫܠܳܡ ܠܶܟܝ ܡܰܪܝܰܡ ܡܠܺܝܰܬ
ܛܰܝܒܽܘܬܳܐ . ܡܳܪܰܢ ܥܰܡܶܟܝ . ܡܒܰܪܰܟܬܳܐ ܐܢ̱ܬܝ ܒܢܶܫܶܐ .
ܘܰܡܒܰܪܰܟ ܗܽܘ ܦܺܐܪܳܐ ܕܒܰܟܪܶܣܳܟܝ ܡܳܪܰܢ ܝܶܫܽܘܥ
ܡܫܺܝܚܳܐ . ܐܘ ܡܳܪܬܝ ܡܰܪܝܰܡ ܒܬܽܘܠܬܳܐ ܩܕܺܝܫܬܳܐ ܐܶܡܶܗ
ܕܰܐܠܳܗܳܐ . ܨܰܠܳܝ ܚܠܳܦܰܝܢ ܚܰܛܳܝܶܐ . ܗܳܫܳܐ ܘܰܒܫܳܥܰܬ
ܡܰܘܬܰܢ . ܐܳܡܺܝܢ ❖

പാഠം 3

❖ ܫܡܐ ܘܫܘܡܗܐ

NOUN AND ADJECTIVE
നാമവും നാമവിശേഷണവും

സുറിയാനി ഭാഷയിൽ എല്ലാനാമങ്ങളും വിശേഷ്യമായാലും വിശേഷണമായാലും, പുല്ലിംഗമൊ സ്ത്രീലിംഗമൊ, ഏകവചനമൊ, ബഹുവചനമൊ, ആയിരിക്കും. ഒരു നാമത്തോട് വിശേഷണം ചേർക്കുമ്പോൾ അത് ലിംഗം വചനം എന്നിവയിൽ വിശേഷ്യത്തോട് യോജിച്ചിരിക്കണമെന്നത് ഒരു നിർബന്ധ നിയമമാണ്. ആകയാൽ അവയെക്കുറിച്ച് ആദ്യമേ പഠിക്കേണ്ടിയിരിക്കുന്നു.

1 gender ലിംഗം = ܓܢܣܐ.

എല്ലാനാമങ്ങളും പുല്ലിംഗമൊ സ്ത്രീലിംഗമൊ ആയിരിക്കുമെന്ന് മേൽ പറഞ്ഞിട്ടുണ്ടല്ലൊ. സുറിയാനിഭാഷയിൽ നപുംസകലിംഗം എന്നൊന്നില്ല. എന്നാൽ പുല്ലിംഗമായും സ്ത്രീലിംഗമായും ഉപയോഗിക്കാവുന്ന ചുരുക്കം ചില പദങ്ങളുണ്ട്. അവയ്ക്ക് ഉഭയലിംഗം എന്ന് പറയുന്നു അങ്ങനെ ഈ ഭാഷയിൽ മൂന്ന് ലിംഗങ്ങളാണുള്ളത്.

Masculine gender = പുല്ലിംഗം = ܓܢܣܐ ܕܕܟܪܐ

Feminine gender = സ്ത്രീലിംഗം = ܓܢܣܐ ܕܢܩܒܬܐ

Common gender = ഉഭയലിംഗം = ܓܢܣܐ ܓܘܢܝܐ

സാധാരണയായി ܬ എന്ന അക്ഷരം കൂടാതെ

ܐ എന്നവസാനിക്കുന്ന പദങ്ങൾ പുല്ലിംഗവും ܬܐ എ

നവസാനിക്കുന്ന പദങ്ങൾ സ്ത്രീലിംഗവുമായിരിക്കും. ആകയാൽ ഒരു പുല്ലിംഗനാമത്തെ സ്ത്രീലിംഗമാക്കുന്നതിന് ആ പദത്തിന്റെ അവസാനത്തെ ܐ ന് മുമ്പിൽ ഒരു ܬ ചേർത്തിട്ട് അതിന് മുമ്പുള്ള അക്ഷരത്തിന്റെ പുള്ളി പുതിയതായി ചേർത്ത ܬ ന്റെ മുകളിലേക്കുമാററുന്നു. ഉദാ:-

ܡܰܠܟܳܐ ܡܰܠܟܬܳܐ ܛܰܠܝܳܐ ܛܰܠܝܬܳܐ .

ഇത് ഒരു പൊതു നിയമമാണെങ്കിലും ഇതിൽ നിന്ന് വ്യത്യസ്ഥമായ ധാരാളം പദങ്ങളുണ്ട്. സ്ത്രീലിംഗരൂപമില്ലാത്ത പുല്ലിംഗപദങ്ങളും, പുല്ലിംഗരൂപമില്ലാത്ത സ്ത്രീലിംഗ പദങ്ങളുമുണ്ട്. ആകയാൽ ഓരോ പുതിയ പദവും പഠിക്കുമ്പോൾ അവയുടെ ലിംഗവ്യത്യാസം നിഷ്ക്കർഷമായി പഠിച്ചുകൊണ്ടിരിക്കണം. പദങ്ങളുടെ അന്ത്യാക്ഷരവും പൊതുരൂപവും എങ്ങനെയിരുന്നാലും സാധാരണയായി, പുരുഷൻമാരെയും അവരുടെ വിവിധ പദവികളെയും സംബന്ധിച്ച പേരുകളും. സാമ്രാജ്യങ്ങൾ, പർവ്വതങ്ങൾ, നദികൾ, മാസങ്ങൾ ഇവയുടെ പേരുകളും പുല്ലിംഗമായിരിക്കും. ഉദാ;-

[illegible]

സ്ത്രീകളെയും അവരുടെ പദവികളെയും സംബന്ധിച്ചപേരുകളും, രാജ്യങ്ങൾ, പട്ടണങ്ങൾ, ഗ്രാമങ്ങൾ, ദ്വീപുകൾ, ശരീരാവയവങ്ങളിൽ

ܐܕܢܐ . ܥܝܢܐ . ܝܕܐ . എന്നീ മൂന്നെണ്ണമൊഴികെ ഇരട്ടയായ മററെല്ലാ അവയവങ്ങളുടെ പേരുകളും സ്ത്രീലിംഗമായിരിക്കും. ഉദാ:-

ܡܪܝܡ . ܐܝܠܐ . ܫܡܘܐܝܠ . ܐܘܪܫܠܡ . ܡܨܪܝܢ :

ܦܘܠܘܣ . ܢܘܚ .

2. Number = വചനം = ܡܢܝܢܐ

സുറിയാനി ഭാഷയിൽ ഏക വചനം, ബഹുവചനം എന്ന രണ്ട് വചനങ്ങളേയുള്ളു.

Singular Number = ഏകവചനം = ܡܢܝܢܐ ܝܚܝܕܝܐ

Plural Number = ബഹുവചനം = ܡܢܝܢܐ ܣܓܝܐܐ

ഏകവചന നാമങ്ങളെ ബഹുവചനമാക്കുന്നതിന് സാധാരണയായി നാല് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.

a. ܬ എന്ന അക്ഷരം കൂടാതെ ܐ എന്നവസാനിക്കുന്ന പദങ്ങളുടെ അന്ത്യത്തിൽ ܳ പുള്ളിക്കുപകരം ̈ പുള്ളി ചേർക്കുന്നു. ഉദാ:—

ܐܒܐ ܐܒ̈ܐ . ܟܬܒܐ ܟܬܒ̈ܐ . ܩܪܝܒܐ ܩܪܝܒ̈ܐ .

എന്നാൽ ܝܐ എന്നവസാനിക്കുന്ന പദങ്ങളിൽ ܝ ന് മുമ്പുള്ള അക്ഷരത്തിന് ܶ പുള്ളി കൊടുക്കുന്നു. ഉദാ:—

ܛܠܝܐ ܛܠܝ̈ܐ . ܕܘܝܐ ܕܘܝ̈ܐ . ܩܪܝܐ ܩܪܝ̈ܐ .

b. ܬܐ എന്നവസാനിക്കുന്ന പദങ്ങളിൽ ܬ ന് മുമ്പുള്ള അക്ഷരത്തിനുകൂടി ܳ പുള്ളിചേർക്കുന്നു. ഉദാ:—

ܓܢܬܐ ܓܢ̈ܬܐ . ܡܕܝܢܬܐ ܡܕܝܢ̈ܬܐ .

ܩܪܝܬܐ . ܩܪܝ̈ܬܐ .

എന്നാൽ [illegible] എന്നവസാനിക്കുന്ന ചുരുക്കം ചില പദങ്ങളിൽ [illegible] എന്ന അക്ഷരം പൂർണ്ണമായി നീക്കം ചെയ്തിട്ട്, അതിനുമുൻപിലത്തെ അക്ഷരത്തിന് [illegible] പുള്ളി കൊടുക്കുന്നു. ഉദാ:-

ܫܢܬܐ ܫܢ̈ܝܐ . ܡܠܬܐ ܡ̈ܠܐ . [illegible]

c [illegible] എന്നവസാനിക്കുന്ന പദങ്ങളിൽ [illegible] ന്റെ [illegible] പുള്ളിമാററി, പകരം [illegible] പുള്ളി ചേർക്കുന്നു. ഉദാ:-

[illegible]

d [illegible] എന്നവസാനിക്കുന്ന പദങ്ങളിൽ [illegible] പുള്ളി മാററി, പകരം [illegible] ന് [illegible] പുള്ളി ചേർക്കുന്നു. ഉദാ:-

[illegible]

മേൽ വിവരിച്ചിരിക്കുന്ന പൊതു നിയമങ്ങളിൽ നിന്ന് വിഭിന്നമായ ധാരാളം പദങ്ങളുണ്ട്. ആകയാൽ ഓരോ പുതിയ പദവും പഠിക്കുമ്പോൾ അവയുടെ ലിംഗ, വചനഭേദങ്ങൾ പ്രത്യേകം ശ്രദ്ധയായി പഠിച്ചുകൊണ്ടിരിക്കണം. ബഹുവചന നാമങ്ങൾക്ക് ബഹുവചന കുത്തിടുന്ന കാര്യം മുൻപാഠത്തിൽ പറഞ്ഞിരിക്കുന്നത് പ്രത്യേകം ഓർക്കുക.

3. ഒരു നാമത്തോട് വിശേഷണം ചേർക്കുന്നത് നാമത്തിന്റെ പിന്നാലെ ആയിരിക്കണം. ഉദാ:-

[illegible]

[illegible]

Vocabulary.

വഴി = ܐܘܪܚܐ .F	പിതാവ് = ܐܒܐ M
സഹോദരൻ = ܐܚܐ .M	പ്രതിഫലം കൂലി = ܐܓܪܐ .M
പകൽ = ܐܝܡܡܐ .M	കറുത്ത = ܐܘܟܡܐ M
പാപി = ܚܛܝܐ .m	ദൈവം = ܐܠܗܐ .M
ജ്ഞാനി = ܚܟܝܡܐ .m	ഭാര്യ. സ്ത്രീ = ܐܢܬܬܐ .F
സഹോദരി = ܚܬܐ .F	ധൂർത്തൻ = ܐܣܘܛܐ .M
നല്ല = ܛܒܐ m	വൈദ്യൻ = ܐܣܝܐ .M
കുട്ടി = ܛܠܝܐ m	സ്കൂൾ = ܐܣܟܘܠܐ .C
നക്ഷത്രം = ܟܘܟܒܐ m	ചീത്ത ദുഷ്ടൻ = ܒܝܫܐ .M
കടലാസ് = ܟܪܛܝܣܐ .F	പുത്രൻ = ܒܪܐ .M
പുസ്തകം = ܟܬܒܐ m	ഭർത്താവ് = ܒܥܠܐ m
അപ്പം = ܠܚܡܐ .m	സ്രഷ്ടാവ് = ܒܪܘܝܐ m
രാത്രി = ܠܠܝܐ m	മനുഷ്യൻ = ܒܪܢܫܐ .m
സമർത്ഥൻ = ܡܗܝܪܐ m	കന്യക = ܒܬܘܠܬܐ .F
വിശ്വാസി = ܡܗܝܡܢܐ .m	മോഷ്ടാവ് = ܓܢܒܐ .m
മാലാഖ = ܡܠܐܟܐ m	വെടിപ്പുള്ള = ܕܟܝܐ m

രാജാവ് = ܡܠܟܐ m

ഗുരു = ܡܠܦܢܐ m

ദരിദ്രൻ = ܡܣܟܢܐ m

കാരുണ്യവാൻ = ܡܪܚܡܢܐ .m

കണങ്കാൽ = ܩܘܪܨܠܐ m

വലിയ = ܪܒܐ .m

കാല് = ܪܓܠܐ .F

ആത്മാവ് = ܪܘܚܐ C

അയയ്ക്കപ്പെട്ടവൻ, ശ്ലീഹ = ܫܠܝܚܐ .m

പേര് = ܫܡܐ .m

ഭംഗിയുള്ള = ܫܦܝܪܐ .m

വിളക്ക് = ܫܪܓܐ .m

സത്യമുള്ള = ܫܪܝܪܐ .m

സ്വർഗ്ഗീയൻ = ܫܡܝܢܐ .m

സ്തനം = ܬܕܐ m

പുതപ്പ് = ܬܟܣܝܬܐ .F

ശിഷ്യൻ = ܬܠܡܝܕܐ .m

arm ഭുജം = ܕܪܥܐ .m

ചെറിയത് = ܙܥܘܪܐ .m

വെളുത്ത = ܚܘܪܐ .m

ദൈവമാതാവ് = ܝܠܕܬ ܐܠܗܐ .F

കർത്താവ് = ܡܪܝܐ .m

ശുശ്രൂഷക്കാരൻ = ܡܫܡܫܢܐ .m

പ്രകാശമുള്ള = ܢܗܝܪܐ .m

പ്രകാശം = ܢܘܗܪܐ .m

സ്ത്രീകൾ = ܢܫ̈ܐ ,F

വൃദ്ധൻ = ܣܒܐ ,m

ഭോഷൻ = ܣܟܠܐ .m

ഭൃത്യൻ = ܥܒܕܐ .m

സഭ, പള്ളി = ܥܕܬܐ .F

കട്ടിൽ = ܥܪܣܐ .F

സ്ലീബാ = ܨܠܝܒܐ .m

പെട്ടി = ܩܒܘܬܐ .F

പരിശുദ്ധൻ = ܩܕܝܫܐ .m

ഓരോ പുതിയ പദവും പഠിക്കുമ്പോൾ അവയുടെ അക്ഷരങ്ങൾ—Spelling പ്രത്യേകം ശ്രദ്ധിച്ച് പഠിക്കണം. മേൽകാണിച്ചിരിക്കുന്ന ചില പദങ്ങൾ മററുവിധത്തിലും വേണമെങ്കിൽ എഴുതാമല്ലൊ. ഉദാ:-

. [illegible] [illegible] . [illegible] [illegible] . [illegible] [illegible]

എന്നാൽ അങ്ങനെ എഴുതിയാൽ അവതെററായിരിക്കും. [illegible] എന്ന പദത്തിൽ [illegible] ൻെറ പിന്നാലെ [illegible] എന്ന അക്ഷരമില്ല. [illegible] എന്ന പദത്തിൽ [illegible] കഴിഞ്ഞ് ܐ ആണ്. ഇവയെല്ലാം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ളതിന് ചിലഉദാഹരണങ്ങൾ മാത്രമാണ്.

മേൽ നൽകിയിരിക്കുന്ന പദങ്ങളുടെ ലിംഗവചനഭേദങ്ങളും പ്രത്യേകം പഠിക്കണം. ഈ പദങ്ങളിൽ മുൻവിവരിച്ചിരിക്കുന്ന പൊതു നിയമങ്ങളിൽനിന്ന് വ്യത്യാസമുള്ള പദങ്ങളുടെ വിവരം മാത്രം താഴെ നകുന്നു,

ܐܒܐ ഇതിൻെറ സ്ത്രീലിംഗം ܐܡܐ. ബഹുവചനം . ܐܒ̈ܗܐ ܐܒ̈ܗܬܐ എന്നു രണ്ടുവിധം. ലൌകീക പിതാക്കൻമാരെ ഉദ്ദേശിച്ചും, മാതാപിതാക്കൾ എന്ന അർത്ഥത്തിലും ܐܒ̈ܗܐ എന്നപദം ഉപയോഗിക്കുന്നു, ആത്മീക പിതാക്കൻമാരെ ഉദ്ദേശിച്ച് ܐܒ̈ܗܬܐ എന്ന് ഉപയോഗിക്കുന്നു. ܐܡܐ എന്ന പദത്തിൻെറ ബഹുവചനം . ܐܡ̈ܗܬܐ

ܐ̱ܢܳܫܳܐ ܐ̱ܢܳܫ̈ܶܐ . ܐܰܢ̱ܬܬܳܐ ܢܶܫ̈ܶܐ .

ܓܰܒܪܳܐ . ܓܰܒܪ̈ܶܐ . ܐܰܚܬܳܐ ܐܰܚ̈ܘܳܬܳܐ .

ܒܪܳܐ ܒܢܰܝ̈ܳܐ ܒܪܰܬܳܐ ܒܢ̈ܳܬܳܐ .

ܥܰܡܳܐ ܥܰܡ̈ܡܶܐ . ܥܰܡܬܳܐ ܥܰܡ̈ܡܳܬܳܐ .

ܟܰܠܬܳܐ ܟܰܠ̈ܘܳܬܳܐ . ܠܐ ܠܘܳܬܳܐ ، ܟܪܺܝܗܳܐ ܒܟܪ̈ܺܝܗܶܐ

ܐܰܢ̱ܬܬܳܐ എന്ന പദത്തിൻെറ ബഹുവചനം ܢܶܫ̈ܶܐ ഇതിന് സ്ത്രീകരം എന്നും, ഭാര്യമാർ എന്നും അർത്ഥം

ܢܶܫ̈ܶܐ എന്ന പദത്തിൻെറ ഏകവചനമായ ܐܢܳܫܳܐ എന്ന പദം മനുഷ്യൻ എന്ന അർത്ഥത്തിൽ മാത്രം — ഉപയോഗിക്കുന്നു. ܓܰܒܪܳܐ എന്ന പദത്തിന് ഭർത്താവ് എന്ന് മാത്രം അർത്ഥം.

Exercise:-മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുക.

ܐܰܠܳܗܳܐ ܡܪܰܚܡܳܢܳܐ ، ܡܪܰܚܶܡ ܥܰܠ ܟܽܠ ܒܪ̈ܺܝܳܬܳܐ .

ܡܠܰܟ̈ܶܐ ܩܰܕܺܝ̈ܫܶܐ . ܢܶܫ̈ܶܐ ܡܗܰܝܡ̈ܢܳܬܳܐ . ܐܰܢܫܳܐ ܡܗܰܝܡܢܳܐ .

ܥܰܠܡܳܐ ܩܰܕܺܝܫܳܐ . ܐܰܒ̈ܳܗܶܐ ܢܶܫ̈ܶܐ . ܡܰܠܟܳܐ ܥܰܡܡܰܝ̈ܳܐ .

ܥܰܡܡܳܐ ܡܶܢ ܐܰܒ̈ܳܗܶܐ . ܐܰܢ̱ܬܬܳܐ ܡܗܰܝܡܢܬܳܐ . ܟܰܠܬܳܐ ܡܗܰܝܡܢܬܳܐ .

ܒܪܰܬܳܐ ܡܗܰܝܡܢܬܳܐ . ܡܰܠܟܳܐ ܛܳܒܳܐ . ܡܪܰܚܡܳܢܳܐ ܡܗܰܝܡܢܳܐ .

ܐܢܳܫܳܐ ܡܗܰܝܡܢܳܐ . ܩܰܕܺܝܫܳܐ ܥܰܠܡܳܐ . ܦܪܺܝܫܳܐ ܡܗܰܝܡܢܳܐ .

ܟܘܪܐ ܐܘܟܡܐ . ܢܫ̈ܐ ܕܠܘܩܬܐ . ܐܦܝܐ ܚܕܬܐ .
ܡܟܣܝܬ̈ܐ ܢܩܦܬܐ . ܢܫ̈ܐ ܡܗܝܡܢܬܐ . ܚܙܝܪܐ
ܕܘܟܐ . ܢܟܦܐ ܡܫܒܚܐ . ܡܠܟܐ ܪܒܐ . ܒܬܘܠܬܐ
ܥܡܘܪܬܐ . ܐܪܙܐ ܪܒܐ . ܡܠܟܐ ܚܟܝ̈ܡܐ ✤

സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യുക:-

സ്രഷ്ടാവായ ദൈവം. ദൈവമായ കർത്താവ്. വിശ്വസ്ഥയായ ഭാര്യ. സമർത്ഥയായ വേലക്കാരി. വൃദ്ധനായ പിതാവ്. ഉത്തമൻമാരായ സഹോദരൻമാർ. പരിശുദ്ധകളായ സ്ത്രീകൾ. പ്രകാശമുള്ള വിളക്കുകൾ. ഉത്തമൻമാരായ വൈദ്യൻമാർ. ഭംഗിയുള്ള പെട്ടി. ജ്ഞാനികളായ കന്യകമാർ. സുന്ദരിയായ രാജ്ഞി. സമർത്ഥരായ ഭൃത്യൻമാർ. കാരുണ്യവതിയായ ദൈവമാതാവ്. ഭോഷൻമാരായ കുട്ടികൾ. ദുഷ്ടയായ പെൺകുട്ടി. ഭംഗിയുള്ള കാലുകൾ. വെളുത്ത കടലാസ്. കറുത്ത പുതപ്പുകൾ. പരിശുദ്ധനായ മനുഷ്യൻ. ജ്ഞാനിയായ സ്രഷ്ടാവ്. ശുദ്ധിമതികളായ സ്ത്രീകൾ. പാപിനിയായ സ്ത്രീ. ഭോഷനായ ദരിദ്രൻ. ചെറിയ പെൺകുട്ടികൾ. വിശുദ്ധ മാർഗ്ഗം. വലിയ പള്ളിക്കൂടം. വിശുദ്ധ പുസ്തകം. ചെറിയ കട്ടിൽ. ദുഷ്ടൻമാരായ കള്ളൻമാർ. സ്വർഗ്ഗീയ മാലാഖമാർ പുത്രനായ ദൈവം. ജ്ഞാനികളായ ശിഷ്യൻമാർ. പ്രകാശമുള്ള പകൽ. നല്ല പ്രതിഫലം. വെടിപ്പുള്ള കന്യകമാർ. സ്വർഗ്ഗീയ പ്രകാശം.

പാഠം 4

❖ ܫܘܠܡܐ

വിഭക്തിപ്രത്യയം–CASE

പ്രത്യയങ്ങളായി ܠ . ܕ . ܘ . ܒ . എന്ന നാലക്ഷരങ്ങൾ ആവശ്യാനുസരണം പദങ്ങളോട് ചേർക്കുന്നു. ഈ നാലക്ഷരങ്ങൾ ഓർമ്മിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ഒററപദമായി ܒܕܘܠ എന്ന് പറയുന്നു. ഈപദത്തിന് പ്രത്യേക അർത്ഥമൊന്നുമില്ല.

1 ഈ അക്ഷരങ്ങളിൽ ഒന്നോ, രണ്ടോ, മൂന്നോ, നാലും കൂടിയൊ ആവശ്യാനുസരണം പദങ്ങളോട്, അവയുടെ ആരംഭത്തിൽ ചേർക്കുന്നു. ഒരു പദത്തോട് ഇത് ചേർക്കുമ്പോൾ, ആ പദത്തിൻെറ ആദ്യാക്ഷരം പുള്ളിയുള്ളതാണെങ്കിൽ, ചേർക്കുന്ന അക്ഷരത്തിന് പുള്ളി ആവശ്യമില്ല. ഉദാ:-

ܐܪܥܐ . ܘܐܪܥܐ . ܕܐܪܥܐ . ܒܐܪܥܐ . ܠܐܪܥܐ .

ആദ്യാക്ഷരം പുള്ളിയില്ലാത്തതാണെങ്കിൽ ചേർക്കുന്ന അക്ഷരത്തിന്, പുള്ളി ഇടുന്നു. ഉദാ:-

ܫܡܝܐ . ܘܫܡܝܐ . ܕܫܡܝܐ . ܒܫܡܝܐ . ܠܫܡܝܐ .

ഒന്നിലധികം അക്ഷരങ്ങൾ ഒരു പദത്തോട് ചേർക്കേണ്ടി വരുമ്പോഴും ഈ നിയമം തന്നെ പാലിക്കണം. അതായത് ܘ . ܠ എന്ന അക്ഷരങ്ങൾ ܫܡܝܐ എന്ന പദത്തോട് ചേർക്കാം. ആദ്യമായി ܠ ചേർക്കുന്നു. അപ്പോൾ ആ പദം ܠܫܡܝܐ എന്നായിത്തീരുന്നു.

പിന്നീട് ܘ കൂടി ചേർക്കാം. അപ്പോൾ ܘ എന്ന അക്ഷരം ചേർക്കുന്നത് ܟܬܒܐ എന്ന പദത്തോടല്ലാ, പ്രത്യുത ആദ്യാക്ഷരത്തിന് പുള്ളിയുള്ള ܠܟܬܒܐ എന്ന പദത്തോടാണ്. അപ്പോൾ ആ ܘ ന് പുള്ളി ആവശ്യമില്ല. ആ പദം ܘܠܟܬܒܐ. എന്നായിത്തീരുന്നു. എത്ര അക്ഷരങ്ങൾ ചേർക്കേണ്ടിവന്നാലും ഈ നിയമം ഈ നിലയിൽ പാലിക്കണം.

ܠܒܪܐ . ܠܒܪܐ . ܘܠܒܪܐ ܕܠܒܪܐ ܘܕܠܒܪܐ

ܟܬܒܐ . ܠܟܬܒܐ . ܘܠܟܬܒܐ . ܕܠܟܬܒܐ . ܘܕܠܟܬܒܐ

ഈ പ്രത്യയാക്ഷരങ്ങൾ ܐ എന്ന അക്ഷരത്തിൽ ആരംഭിക്കുന്ന ഒരു പദത്തോടു ചേർക്കുമ്പോൾ, ആ ܐ എന്ന അക്ഷരം പുള്ളിയുള്ളതാണെങ്കിൽ, ആ പുള്ളി പുതുതായി ചേർക്കുന്ന അക്ഷരത്തിലേക്കു മാറുന്നു. ഉദാ: -

. ܐܒܐ . ܘܐܒܐ . ܕܐܒܐ . ܒܐܒܐ . ܠܐܒܐ

2_മേൽ കാണിച്ചിരിക്കുന്ന നാലു പ്രത്യയാക്ഷരങ്ങളിൽ ܘ എന്ന അക്ഷരം, പദങ്ങളൊ വാചകങ്ങളൊ തമ്മിൽ കൂട്ടിചേർക്കുന്നതിന്, 'ഉം'–And–എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. രണ്ടു പദങ്ങളൊ, വാചകങ്ങളൊ കൂട്ടി ചേർക്കുമ്പോൾ രണ്ടാമത്തെ പദത്തിന്റെയൊ വാചകത്തിന്റെയൊ ആരംഭത്തിൽ ഇതു ചേർക്കുന്നു. ഉദാ: -

പിതാവും മാതാവും = ܐܒܐ ܘܐܡܐ

രണ്ടിലധികം പദങ്ങ**ം** കൂട്ടിചേർക്കുമ്പോ**ം**, ആദ്യത്തേതൊഴികെ എല്ലാററിനും ചേർക്കുന്നു. ഉദാ:-

പിതാവും മാതാവും = ܐܒܐ ܘܐܡܐ ܘܐܚܐ ܘܚܬܐ
സഹോദരനും സഹോദരിയും

രണ്ടിൽകൂടുതൽ പദങ്ങ**ം** കൂട്ടിചേർക്കുമ്പോ**ം** അപൂർവ്വമായി, ഇംഗ്ലിഷിൽ And ഉപയോഗിക്കുന്നതുപോലെ, അവസാനത്തെ പദത്തിനുമാത്രമായും ചേർക്കാറുണ്ട് ഉദാ:-

ܐܒܐ ܐܡܐ ܐܚܐ ܘܚܬܐ .

ഒരു വിശേഷ്യത്തോട് ഒന്നിലധികം വിശേഷണ പദങ്ങ**ം** ചേർക്കേണ്ടിവന്നാൽ അവ മേൽ വിവരിച്ചിരിക്കുന്ന വിധത്തിൽ ചേർത്തുകൊള്ളണം. ഉദാ;—

ܐܠܗܐ ܒܪܘܝܐ ܘܡܪܚܡܢܐ ܘܩܕܝܫܐ ܘܦܪܘܩܐ =
സ്രഷ്ടാവും കാരുണ്യവാനും പരിശുദ്ധനും രക്ഷിതാവുമായ ദൈവ..

ഒന്നിലധികം നാമങ്ങ**ം**ക്കു പൊതുവായി ഒരു വിശേഷണമോ, പല നാമങ്ങ**ം**ക്കുകൂടി പൊതുവായ പലവിശേഷണങ്ങളോ ഉണ്ടെങ്കിൽ താഴെ കാണിക്കുന്ന പ്രകാരം ഉപയോഗിക്കണം. ഉദാ:-

ഉത്തമരായ പിതാവും സഹോദരനും = ܐܒܐ ܘܐܚܐ ܛܒ̈ܐ

ܐܒܐ ܘܐܚܐ ܘܒܪܐ ܛܒ̈ܐ ܘܓܢܒܪ̈ܐ ܘܚܟܝܡ̈ܐ =
ഉത്തമരും സമർത്ഥരും ജ്ഞാനികളുമായ പിതാവും സഹോദരനും പുത്രനും.

സ്ത്രീലിംഗനാമങ്ങളും പുല്ലിംഗനാമങ്ങളും കൂടിവരികയും, അവയ്ക്ക് പൊതുവായ വിശേഷ

ങ്ങളും ഉപയോഗിക്കേണ്ടിവരികയും ചെയ്താൽ, വിശേഷണങ്ങൾ പുല്ലിംഗമായി ഉപയോഗിക്കണം.

ഉദാ:—

ഉത്തമരായ പിതാവും മാതാവും = ܐܰܒ݂ܳܐ ܘܶܐܡܳܐ ܛܳܒ݂ܶ̈ܐ

പലനാമങ്ങളും ഓരോനാമത്തിനും പ്രത്യേകം പ്രത്യേകം വിശേഷണങ്ങളുമുണ്ടെങ്കിൽ അതാതു വിശേഷണങ്ങൾ അതാതു നാമത്തോടു ചേർത്തുതന്നെ ഉപയോഗിക്കണം ഉദാ:--

ܐܰܒ݂ܳܐ ܛܳܒ݂ܳܐ ܘܶܐܡܳܐ ܣܳܒ݂ܬܳܐ ܘܰܐܚܶ̈ܐ ܚܰܝܠܬ݂ܳܢܶ̈ܐ ܘܰܐܚܘܳܬ݂ܳܐ

ഉത്തമനായ പിതാവും വൃദ്ധയായ മാ = ܫܰܦܺܝܪ̈ܳܬ݂ܳܐ
താവും സമർത്ഥരായ സഹോദരൻമാരും സുന്ദരികളായ സഹോദരിമാരും.

3. ܕ എന്ന അക്ഷരം ഉടമസ്ഥാർത്ഥത്തിൽ ഉപയോഗിക്കുന്നു

of, കൊണ്ടുള്ള, ലെ, ഉടെ, ൻെറ, = ܕ

പിതാവിൻെറ പുത്രൻ = ܒܪܳܐ ܕܐܰܒ݂ܳܐ

കുട്ടിയുടെ പുസ്തകം = ܟ݁ܬ݂ܳܒ݂ܳܐ ܕܛܰܠܝܳܐ

സ്ക്കൂളിലെ അദ്ധ്യാപകൻ = ܡܰܠܦ݂ܳܢܳܐ ܕܒ݂ܶܝܬ݂ ܣܶܦ݂ܪܳܐ

അരികൊണ്ടുള്ള അപ്പം = ܠܰܚܡܳܐ ܕܪܽܘܙܳܐ

4. by, in, ആലെ, ഇൽ = ܒ
unto, to, ഇലേക്ക്, ന്നു, ക്ക് = ܠ

ܠ ܕ ܒ ഈ മൂന്ന് പ്രത്യയാക്ഷരങ്ങളുടെ വിശദമായ പ്രയോഗ രീതികളും അർത്ഥവും തുടർന്നു വരുന്ന പാഠങ്ങളിൽ നിന്ന് വിശദമായി ഗ്രഹിക്കാം.

Vocabulary.

സ്നേഹം = ܚܘܒܐ m സ്തുതി (ഓശാന) = ܐܘܫܥܢܐ m

ജീവനുള്ളവൻ = ܚܝܐ m ബഹുമാനം = ܐܝܩܪܐ m

കാരുണ്യവാൻ = ܚܢܢܐ m ഭൂമി = ܐܪܥܐ F

കിരീടം = ܟܠܝܠܐ m പുരുഷൻ (ഭർത്താവ്) = ܓܒܪܐ m

പ്രാസംഗികൻ = ܟܪܘܙܐ m സ്വർണ്ണം = ܕܗܒܐ m

മറുപടി നൽകുന്നവൻ = ܡܦܢܝܢܐ m സ്മരണ = ܥܘܗܕܢܐ m

ഉടമസ്ഥൻ = ܡܪܐ m ന്യായാധിപൻ = ܕܝܢܐ m

ഉന്നതം = ܡܪܘܡܐ m വാസസ്ഥലം = ܕܝܪܐ C

ദീർഘദർശി = ܢܒܝܐ m രക്തം = ܕܡܐ m

കാവൽ = ܢܛܘܪܐ m വിശ്വാസം = ܗܝܡܢܘܬܐ F

പ്രത്യാശ = ܣܒܪܐ m കിരണം = ܙܠܝܩܐ m

പ്രശംസ = ܫܘܒܗܪܐ m ആരാധന = ܣܓܕܬܐ F

മഹത്വം = ܫܘܒܚܐ m ഈറേമാലാഖ = ܡܠܐܟܐ m

സംബന്ധം = ܫܘܬܦܘܬܐ F ലോകം = ܥܠܡܐ m

സമാധാനം = ܫܝܢܐ m മൃതൻ = ܡܝܬܐ m

സമാധാനം = ܫܠܡܐ m ശരീരം = ܦܓܪܐ m

കൊടുക്കുന്നവൻ = ܝܳܗܽܘܒ݂ܳܐ m വായ് = ܦܽܘܡܳܐ m

ആകാശം സ്വർഗ്ഗം = ܫܡܰܝܳܐ C പ്രാർത്ഥന = ܨܠܽܘܬ݂ܳܐ F

സൂര്യൻ = ܫܶܡܫܳܐ C കരുണ = ܪ̈ܰܚܡܶܐ m

സ്തുതി = ܬܶܫܒܽܘܚܬ݂ܳܐ F ചോറ്, അരി = ܪܽܘܙܳܐ m

യാചന = ܒܳܥܽܘܬ݂ܳܐ F

മേൽ കാണിച്ചിരിക്കുന്ന പദങ്ങളിൽ ܫܡܰܝܳܐ എന്ന പദത്തിന്റെ ബഹുവചനം ܫܡܰ̈ܝܳܐ എന്നുതന്നെ. ܪ̈ܰܚܡܶܐ എന്ന പദം 'കരുണ' എന്ന അർത്ഥത്തിൽ ബഹുവചനമായി മാത്രം ഉപയോഗിക്കുന്നു. ഈ പദം ܪܰܚܡܳܐ എന്ന രൂപത്തിൽ 'ഗർഭപാത്രം' എന്നർത്ഥം. ܒܳܥܽܘܬ݂ܳܐ എന്ന പദം ܒܳܥܘܬ݂ܳܐ എന്നും പ്രയോഗിക്കുന്നു. രണ്ടിനും ബഹുവചനം ܒܳܥܘ̈ܳܬ݂ܳܐ എന്ന്.

ܪܽܘܙܳܐ ܪ̈ܽܘܙܶܐ . ܒܳܥܽܘܬ݂ܳܐ ܒܳܥܘ̈ܳܬ݂ܳܐ .

ܨܠܽܘܬ݂ܳܐ ܨܠܰܘ̈ܳܬ݂ܳܐ . ܬܶܫܒܽܘܚܬ݂ܳܐ ܬܶܫܒ̈ܚܳܬ݂ܳܐ

Exercise:-മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുക.

ܬܶܫܒܽܘܚܬ݂ܳܐ ܠܰܐܠܳܗܳܐ ܕܰܡܠܰܐܟ̈ܶܐ . ܫܶܡܫܳܐ ܒܰܫܡܰܝܳܐ ܗܘ̣ܳܐ

ܡܰܠܟܳܐ ܡܰܠܟܽܘܬ݂ܳܐ ܕܰܫܡܰܝܳܐ . ܦܽܘܡܳܐ ܕܰܡܫܺܝܚܳܐ ܠܰܐܠܳܗܳܐ .

ܒܪܐ ܕܐܠܗܐ ܚܝܐ . ܒܪܘܝܐ ܕܫܡܝܐ ܘܐܪܥܐ .
ܫܘܒܚܐ ܘܬܘܕܝܬܐ . ܫܒܩܐ ܚܘܒܐ ܠܚܛܝ̈ܐ .
ܐܣܝܐ ܠܟܪܝܗܐ ܚܝܐ ܘܡܦܪܢܣܢܐ . ܡܪܐ ܕܒܪ̈ܝܬܐ
ܘܡܬܠܬܝܘܬܐ . ܡܫܠܡܢܘ ܕܪܘܚܐ ܘܡܫܡܫܢܐ . ܦܘܪܩܢܐ ܘܕܘܒܪܐ .
ܒܫܡܝܐ ܘܐܦܝܐ ܘܕܒܪܐ ܘܕܘܒܪܢܐ ܡܫܝܚܐ . ܡܪܝܐ
ܒܬܘܠܬܐ ܡܫܝܚܬܐ ܐܡܐ ܕܐܠܗܐ . ܒܪܝܟܬܐ
ܘܡܪܝ ܐܦܪܝܡ ܡܠܦܢܐ . ܢܘܗܪܐ ܘܐܠܦܘܬܐ ܘܚܟܡܬܐ .
ܫܘܒܚܐ ܠܡܠܟܐ ܪܒܐ ܘܠܫܘܒܚܬܐ . ܘܒܪܝܢܐ ܕܝܢ ܠܒܐ
ܠܢܒܝ̈ܐ ܡܬܘܕܝܢܐ . ܫܠܘܡܐ ܘܫܠܡܘܬܐ ܘܡܫܡܫܢܐ
ܘܫܠܝ̈ܚܐ ܟܪ̈ܘܙܐ . ܠܥܕܬܐ ܐܡܐ ܘܡܪܢ ܘܡܪܝܬܐ .
ܡܫܝܚܐ ܡܫܝܚܐ ܒܪܘܢ ܘܡܬܘܕܝܢܘܬܐ . ܒܠܫܢܐ
ܘܕܘܚܐ ܘܡܠܟܐ ܕܟܐ . ܠܟܪܝܐ ܢܟܝ̈ܐ ܘܡܬܚܘܣܢܐ
ܘܬܘܒܐ ܠܡܫܡܫܢܐ ܘܕܝܢܐ ܘܟܠܗ . ܐܠܗܐ ܘܒܢܝ̈ܢܐ
ܘܠܥܠܡܐ . ܐܡܝܢ ܠܟܘܢ ܡܫܝܚܐ ܘܡܪܝ ܡܠܦܢ
ܡܠܟܘܬܐ . ܫܘܒܚܐ ܘܐܝܩܪܐ ܘܩܘܪܒܢܐ ܠܟܐ
ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:—

ഉയരങ്ങളിൽ ഓശാന, ദാവീദിൻെറ പുത്രന് ഓശാന. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം. ദൈവത്തിൻെറ പുത്രനായ യേശുവും ശിഷ്യന്മാരും. യേശുമിശിഹായുടെ ശരീരവും രക്തവും. പരിശുദ്ധനും ആകാശത്തിൻെറയും ഭൂമിയുടെയും സൃഷ്ടാവുമായ ദൈവത്തിനു സ്തുതി. ദാവീദുരാജാവിൻെറ പുത്രനായ ജ്ഞാനിയായ ശ്ലേമൂൻ. വിശ്വസ്ഥനും സമർത്ഥനുമായ ഭൃത്യൻ. ധൂർത്തനായ പുത്രൻെറ ഉത്തമനും ജ്ഞാനിയുമായ പിതാവ്. സബദിപുത്രനായ യാക്കോബും സഹോദരൻ യോഹന്നാനും. രാജാവും ദീർഘദർശിയുമായ ദാവീദ്. കർത്താവേശുമിശിഹായുടെ കരുണയും കൃപയും. പിതാവായ ദൈവത്തിൻെറ സ്നേഹവും, രക്ഷിതാവായ പുത്രൻെറ കരുണയും. ജീവനുള്ള പരിശുദ്ധറൂഹായുടെ സംബന്ധവും. ഉത്തമനായ സഹോദരൻെറ കാരുണ്യവതിയായ ഭാര്യയും വിശ്വാസികളായ മക്കളും. ദൈവത്തിൻെറ പുത്രനു സ്തുതിയും സ്തോത്രവും. പള്ളികൾക്ക് നിരപ്പും സമാധാനവും ദയറാകൾക്ക് നല്ലകാവലും.

പാഠം 5

❖ ܚܠܦ ܫܡܐ

PRONOUN—സർവ്വനാമം

First Person=പ്രഥമ പുരുഷൻ = ܦܪܨܘܦܐ ܩܕܡܝܐ

Second Person=ദ്വിതീയ പുരുഷൻ=ܦܪܨܘܦܐ ܬܪܝܢܐ

Third Person തൃതീയ പുരുഷൻ=ܦܪܨܘܦܐ ܬܠܝܬܝܐ

1. സർവ്വനാമങ്ങൾ എന്നു പറയുന്നത്, ഞാൻ, നീ, അവൻ, എന്നിങ്ങനെ നാമങ്ങൾക്കു പകരം ഉപയോഗിക്കുന്ന പദങ്ങളാകുന്നു. മൂന്നു പുരുഷനിലും ഏകവചനനാമങ്ങളും ബഹുവചനനാമങ്ങളും ഉണ്ട്.

പുല്ലിംഗസർവ്വനാമം = ܚܠܦ ܫܡܐ ܕܟܪܢܝܐ
Masculine Pronoun

സ്ത്രീലിംഗസർവ്വനാമം ܚܠܦ ܫܡܐ ܢܩܒܬܢܝܐ
Femenine Pronoun

ഉഭയലിംഗസർവ്വനാമം = ܚܠܦ ܫܡܐ ܓܘܢܝܐ
Common gender Pronoun

2. പ്രഥമപുരുഷൻ ഏകവചനത്തിനും ബഹുവചനത്തിനുമുള്ള പദങ്ങൾ ഉഭയലിംഗമാകുന്നു. ദ്വിതീയ പുരുഷനിലും തൃതീയപുരുഷനിലും പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും പ്രത്യേക പദങ്ങൾ ഉണ്ട്. അവ താഴെ ചേർക്കുന്നു.

ܡܣܓܝܐܢܝܬܐ		ܚܕܢܝܬܐ	
ഞങ്ങൾ = ܚܢܢ	ഞാൻ = ܐܢܐ	1	.C
നിങ്ങൾ = ܐܢܬܘܢ	നീ = ܐܢܬ	2	m
നിങ്ങൾ = ܐܢܬܝܢ	നീ = ܐܢܬܝ	2	.F
അവർ = ܗܢܘܢ . ܗܢܘܢ	അവൻ = ܗܘ . ܗܘ	3	m
ഇവർ ܗܢܝܢ . ܗܢܝܢ	ഇവൾ = ܗܝ . ܗܝ	3	F
അവർ = ܐܢܘܢ		3	m
അനർ = ܐܢܝܢ		3	.F

3, തൃതീയ പുരുഷനിൽ ഏററം അവസാനം ബഹുവചനത്തിൽ മാത്രമായി കാണിച്ചിരിക്കുന്ന രണ്ടു പദങ്ങളൊഴികെ അതിനു മുകളിലായി പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും രണ്ടു പദങ്ങൾ വീതം കാണിച്ചിരിക്കുന്നു. അവയിൽ ആദ്യത്തേതു വിദൂര സൂചക സർവ്വനാമവും

ܗܿܘ ܗܿܝ ܗܿܢܘܢ (അവൻ. അവൾ, അവർ.) രണ്ടാമത്തേത് സമീപ സൂചക സർവ്വനാമവും—

ܗܢܐ - ܗܕܐ ܗܠܝܢ (ഇവൻ, ഇവൾ, ഇവർ) ആകുന്നു.

4. മേൽ കാണിച്ചിരിക്കുന്ന സർവ്വനാമങ്ങളെല്ലാം നാമങ്ങളായി ഉപയോഗിക്കുന്നതിനും പുറമെ, 'ആകുന്നു' എന്ന വർത്തമാന കാലാർത്ഥത്തിൽ ക്രിയകളായും ഉപയോഗിക്കുന്നു. ക്രിയകളായി ഉപയോഗിക്കുമ്പോൾ അവ ലിംഗംവചനം പുരുഷൻ എന്നിവയിൽ ആഖ്യയുമായി യോജിച്ചിരിക്കണം.

ഉദാ:–

ഞാൻ വൃദ്ധനാകുന്നു = ܐܢܐ ܣܒܐ ܐ̱ܢܐ

ഞാൻ വൃദ്ധയാകുന്നു = ܐܢܐ ܣܒܬܐ ܐ̱ܢܐ

ഞങ്ങൾ (നമ്മൾ) മനുഷ്യരാകുന്നു = ܚܢܢ ܒܢܝ̈ܢܫܐ ܚ̱ܢܢ

ഞങ്ങൾ (നമ്മൾ) സ്ത്രീകളാകുന്നു = ܚܢܢ ܢܫ̈ܐ ܚ̱ܢܢ

മേൽ കാണിച്ചിരിക്കുന്ന രണ്ടു പ്രഥമ പുരുഷ പദങ്ങളും ക്രിയയായി ഉപയോഗിക്കുമ്പോൾ അവയുടെ ആദ്യാക്ഷരങ്ങൾക്ക് ഉച്ചാരണമില്ല 'നൊ' 'നാൻ' എന്നു മാത്രം ഉച്ചരിക്കുന്നു. പുള്ളിയിടാതെ അവ എഴുതിയാൽ തിരിച്ചറിയുന്നതിനു മുകളിലും താഴെയുമായി ഓരോ കുത്തുകൾ ഇടുന്നു,

ܐܢܐ̣ നൊ ܐ̱ܢܐ . ܐܢܐ̇ ഏനൊ ܐܢܐ

ܚܢܢ̣ നാൻ ܚ̱ܢܢ . ܚܢܢ̇ ഹ്നാൻ ܚܢܢ

ഈ പദങ്ങൾരണ്ടും ഉഭയലിംഗമാകയാൽ പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും ഉപയോഗിക്കാം.

5. ദ്വിതീയ പുരുഷസർവ്വനാമങ്ങളും ഇങ്ങനെ ക്രിയയായി ഉപയോഗിക്കാം.

നീ വൃദ്ധനാകുന്നു = ܐܢܬ ܣܒܐ ܐܢܬ

നിങ്ങൾ വൃദ്ധരാകുന്നു = ܐܢܬܘܢ ܣܒ̈ܐ ܐܢܬܘܢ

നീ സുന്ദരിയാകുന്നു = ܐܢ̄ܬܝ ܫܦܝܪܬܐ ܐܢ̄ܬܝ

നിങ്ങൾ സുന്ദരികളാകുന്നു = ܐܢ̄ܬܝܢ ܫܦܝܪ̈ܬܐ ܐܢ̄ܬܝܢ

6, തൃതീയപുരുഷനിലെ ഏകവചന സർവ്വനാമങ്ങളും ഇപ്രകാരം ക്രിയയായി ഉപയോഗിക്കാം. അപ്പോൾ അവയുടെ ആദ്യാക്ഷരമായ ܗ ഉച്ചരിക്കുകയില്ല ഇവ ക്രിയയായി ഉപയോഗിക്കുമ്പോൾ അതിനടുത്തു മുൻപുവരുന്ന പദത്തിന്റെ അവസാന

അക്ഷരം പുള്ളിയുള്ളതാണെങ്കിൽ ܗܘ́ . ܗܝ́ എന്നീ പദങ്ങളും, പുള്ളിയില്ലാത്ത അക്ഷരമാണെങ്കിൽ

ܗܘ̂ . ܗܝ̄ എന്നീപദങ്ങളുമാണ് ക്രിയയായി ഉപയോഗിക്കുന്നത്. ഈ നാലുപദങ്ങളും പുള്ളിയിടാതെ എഴുതിയാൽ തിരിച്ചറിയുന്നതിനു താഴെക്കാണും പ്രകാരം കുത്തിടുന്നു

ܗܘ̣ = ܗܘ̂   ܗܘ̇ = ܗܘ́

ܗܝ̣ = ܗܝ̄   ܗܝ̇ = ܗܝ́

അവൻ വൃദ്ധനാകുന്നു = ܗܘ́ ܩܫܝܫ ܗܘ̇

ഇവൻ വൃദ്ധനാകുന്നു = ܗܘ̇ ܩܫܝܫ ܗܘ̣

അവൾ വൃദ്ധയാകുന്നു = ܗܝ̣ ܩܫܝܫܐ ܗܝ̇

ഇവൾ വൃദ്ധയാകുന്നു = ܗܝ̣ ܩܫܝܫܐ ܗܝ̣

7. തൃതീയ പുരുഷ ബഹുവചനത്തിൽ രണ്ടു ലിംഗങ്ങൾക്കുമായി ആദ്യം കാണിച്ചിരിക്കുന്ന നാലു പദങ്ങൾ, അതായത് ܗܢܘܢ ܗܢܘܢ ܗܢܝܢ ܗܢܝܢ എന്നിവ, നാമമായിട്ടല്ലാതെ ക്രിയയായി ഉപയോഗിക്കുകയില്ല. അതിനു പകരം പുല്ലിംഗത്തിനും സ്ത്രീലിംഗത്തിനും ക്രിയയായി ഉപയോഗിക്കുന്ന രണ്ടു പദങ്ങളാണ് അവസാനം കാണിച്ചിരിക്കുന്നത്.

അവർ വൃദ്ധരാകുന്നു = ܗܢܘܢ ܣܒ̈ܐ ܐܢܘܢ

ഇവർ വൃദ്ധരാകുന്നു = ܗܢܘܢ ܣܒ̈ܐ ܐܢܘܢ

അവർ സുന്ദരികളാകുന്നു = ܗܢܝܢ ܫܦܝܪ̈ܬܐ ܐܢܝܢ

ഇവർ സുന്ദരികളാകുന്നു = ܗܢܝܢ ܫܦܝܪ̈ܬܐ ܐܢܝܢ

8. ܐܢܝܢ . ܐܢܘܢ എന്ന ഈ പദങ്ങൾ മേൽകാണിച്ചിരിക്കുന്ന പ്രകാരം ക്രിയകളായി ഉപയോഗിക്കുന്നതിനും പുറമേ, 'അവരെ' 'അവർക്ക്' എന്ന അർത്ഥത്തിൽ പ്രത്യയങ്ങളായും ഉപയോഗിക്കാം. ഈ പദങ്ങൾരണ്ടും ഇങ്ങനെ ക്രിയയായും പ്രത്യയങ്ങളായും ഉപയോഗിക്കുന്നതല്ലാതെ, മററു സർവ്വനാമ പദങ്ങൾ പോലെ നാമമായി ഉപയോഗിക്കുകയില്ല. പ്രത്യയമായുള്ള ഇവയുടെ പ്രയോഗരീതികൾ പിന്നാലെ വിവരിക്കുന്നതാണ്.

9. ഈ സർവ്വനാമങ്ങൾക്കെല്ലാം, അവ നാമമായിട്ടോ ക്രിയയായിട്ടോ ഉപയോഗിച്ചാലും, സ്ത്രീലിംഗ ബഹുവചന പദങ്ങൾക്കെല്ലാം ബഹുവചന കുത്തുകൾ ഇടണം, പുല്ലിംഗബഹുവചന പദങ്ങൾക്ക് ഇതാവശ്യമില്ല.

10. മേൽ വിവരിച്ചിരിക്കുന്ന പ്രകാരം സർവ്വ നാമ പദങ്ങറം ക്രിയയായി ഉപയോഗിക്കുമ്പോറം, അവ വാചകത്തിന്റെ ആരംഭത്തിൽ ആഖ്യയായി ചേർത്തിട്ട് വീണ്ടും അതാവർത്തിക്കയാണല്ലൊ ചെയ്യുന്നത്. എന്നാൽ ചുരുക്കമായിട്ട്, ആഖ്യയുടെ സ്ഥാനത്തു ചേർക്കാതെ ക്രിയാ സ്ഥാനത്തുമാത്രം ചേർത്തും ഉപയോഗിക്കാറുണ്ട്. ഇതിനും അർത്ഥ വ്യത്യാസമൊന്നുമില്ല. ഉദാ:—

ܐܢܬ ܡܫܝܚܐ ܐܢܬ = ܡܫܝܚܐ ܐܢܬ .

ܐܢܐ ܥܒܕܐ ܐܢܐ = ܥܒܕܐ ܐܢܐ .

അപൂർവ്വമായി, ܐܢܐ എന്ന പദം മാത്രം, ആഖ്യയുടെ അടുത്തുപിന്നാലെ, കർമ്മത്തിനു മുമ്പായി ഉപയോഗിക്കും. ഉദാ:—

ܐܢܐ ܐܢܐ ܡܫܪܐ ܠܗܘ . ܐܢܐ ܐܢܐ ܠܡܫܡܠܘ ܘܫܥܝܐ .

11. ഈ സർവ്വനാമങ്ങറം ഇങ്ങനെ ക്രിയയായി ഉപയോഗിക്കുമ്പോറം അവ ആഖ്യയോടു ലിംഗം. വചനം, പുരുഷൻ, എന്നിവയിൽ യോജിച്ചിരിക്കണമെന്ന് മേൽ പറഞ്ഞിട്ടുണ്ടല്ലൊ. ഈ നിയമം സർവ്വനാമങ്ങളെ സംബന്ധിച്ചുമാത്രമല്ല, ശരിയായ ക്രിയകളെ സംബന്ധിച്ചും സുറിയാനി ഭാഷയിൽ വളരെ നിഷ്ക്കർഷമായി പാലിക്കേണ്ട ഒരു നിയമമാണ്. ക്രിയകളെ സംബന്ധിച്ച് പഠിക്കുമ്പോറം അതു വിശദമായി പ്രതിപാദിക്കുന്നതാണ്. എന്നാൽ സർവ്വനാമങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ അപൂർവ്വമായ ചില വ്യതിയാനങ്ങളുണ്ട്.

അതായത് ഇത് ക്രിയയായി ഉപയോഗിക്കുമ്പോൾ ആഖ്യയുമായി ലിംഗത്തിലും വചനത്തിലും മാത്രം യോജിച്ചിരുന്നാൽ മതി പുരുഷനിലുള്ള യോജിപ്പ് അത്രതന്നെ നിർബന്ധിതമല്ല. ഉദാ:–

നിങ്ങൾ പരാക്രമികളാകുന്നു = ܐܢܬܘܢ ܐܝܬܝܟܘܢ ܓܢܒܪ̈ܐ

ഞാൻ പുനരുത്ഥാനമാകുന്നു. = ܐܢܐ ܗ̣ܘ ܩܝܡܬܐ

നീ പാറയാകുന്നു. = ܐܢܬ ܗ̣ܘ ܟܐܦܐ

മേൽ വാചകങ്ങളിലെ സർവ്വനാമപദങ്ങളുടെ പുരുഷഭേദം ശ്രദ്ധിക്കുക.

12. മേൽ വിവരിച്ചിരിക്കുന്ന സർവ്വനാമങ്ങൾക്കു പുറമേ താഴെ ചേർക്കുന്ന മൂന്നു പദങ്ങൾ കൂടിയുണ്ട്.

ഇവൻ – ܗܢܐ .M

ഇവൾ = ܗܕܐ .F

ഇവർ = ܗܠܝܢ .C

ഈ പദങ്ങൾ ഒരിക്കലും ക്രിയാർത്ഥത്തിൽ ഉപയോഗിക്കുകയില്ല. ഈ പദങ്ങൾ ഉൾപ്പടെ, എല്ലാ തൃതീയ പുരുഷസർവ്വനാമങ്ങളും, "ആ" "ഈ"– That,–This– എന്ന അർത്ഥത്തിൽ സൂചകസർവ്വനാമങ്ങൾ–

ܗܘ ܗܝ ܗܢܘܢ ܗܢܝܢ Demonstrative pronoun

ആയി ഉപയോഗിക്കും. ܐܢܘܢ ܐܢܝܢ എന്ന രണ്ടു പദങ്ങൾ ഈ നിലയിൽ ഉപയോഗിക്കുകയില്ല.

ഉദാ:-

ആ പുസ്തകം = ܗܘ ܟܬܒܐ

ഈ മനുഷ്യൻ = ܗܢܐ ܒܪܢܫܐ

ആ സ്ത്രീ = ܗܝ ܐܢܬܬܐ

ഈ പുത്രി = ܗܕܐ ܒܪܬܐ

ആ കുട്ടികൾ = ܗܢܘܢ ܛܠܝ̈ܐ

ഈ കുട്ടികൾ = ܗܢܘܢ ܛܠܝ̈ܐ

ആ സഹോദരികൾ = ܗܢܝܢ ܐܚܘ̈ܬܐ

ഈ പുത്രികൾ = ܗܠܝܢ ܒܢ̈ܬܐ

ഈ വൃദ്ധൻ = ܗܢܐ ܣܒܐ

ഈ പള്ളി = ܗܕܐ ܥܕܬܐ

ഈ സ്ത്രീകൾ = ܗܠܝܢ ܢܫ̈ܐ

ഈ സൂചകപദങ്ങൾ സാധാരണയായി അതാത് നാമങ്ങളുടെ മുമ്പിലാണ് ഉപയോഗിക്കുന്നതെങ്കിലും പിന്നാലെയും ഉപയോഗിക്കാവുന്നതാണ്. ഉദാ:-

ܗܘ ܟܬܒܐ = ܟܬܒܐ ܗܘ

ܗܢܘܢ ܛܠܝ̈ܐ = ܛܠܝ̈ܐ ܗܢܘܢ

ܗܠܝܢ ܒܢܝ̈ܢܫܐ = ܒܢܝ̈ܢܫܐ ܗܠܝܢ

ܗܢܐ ܣܒܐ = ܣܒܐ ܗܢܐ .

Vocabulary

ജനം = ܥܰܡܳܐ m   പ്രാവ് = ܝܰܘܢܳܐ C

ധനവാൻ = ܥܰܬܺܝܪܳܐ m   നീതിമാൻ = ܟܺܐܢܳܐ m

രക്ഷ = ܦܽܘܪܩܳܢܳܐ m   പുരോഹിതൻ = ܟܳܗܢܳܐ m

പക്ഷി = ܦܳܪܰܚܬܳܐ F   സിംഹാസനം. കസേര = ܟܽܘܪܣܝܳܐ m

കുറച്ച് = ܩܰܠܺܝܠ m   അനുഗ്രഹീതൻ = ܡܒܰܪܟܳܐ m

സ്നേഹിതൻ = ܪܰܚܡܳܐ m   ഉപ്പ് = ܡܶܠܚܳܐ F

ശരണം = ܬܽܘܟܠܳܢܳܐ m   വളരെ = ܛܰܒ

താൽക്കാലികം = ܙܰܒ݂ܢܳܝܳܐ m

ܟܽܘܪܣܝܳܐ ܟܽܘܪ̈ܣܰܘܳܬ݂ܳܐ . ܥܰܡܳܐ ܥܰܡ̈ܡܶܐ

Exercise

മലയാളത്തിലേക്കു ഭാഷാന്തരം ചെയ്യുക:—

ܐ̱ܢܳܐ ܟܳܗܢܳܐ ܩܰܕܺܝܫܳܐ ܐ̱ܢܳܐ . ܗ̇ܢܰܘ ܥܰܡܳܐ ܕܰܐܠܳܗܳܐ

ܗ̇ܢܰܘ . ܐܰܠܳܗܽܘܢ ܢܽܘܗܪܳܐ ܡܥܰܕܪܳܢܳܐ ܐܰܠܳܗܽܘܢ . ܗ̄ܘ ܡܰܠܟܰܢ

ܠܥܳܠ̈ܡܶܐ ܛܰܒ ܪܳܚܡܳܐ ܐܰܠܳܗܽܘܢ . ܢܚܳܐ ܗ̄ܠܶܝܢ ܡܗܰܝܡ̈ܢܽܘܬ݂ܳܐ

ܐܰܢ̄ܬܽܘܢ . ܐܰܠܳܗܰܢ ܗ̣ܘ ܡܥܰܕܪܳܐ ܘܬ݂ܽܘܟܠܳܢܳܐ ܕܟܺܐܢ̈ܶܐ . ܐ̱ܢܳܐ

ܗ̣ܘ ܒܪܳܐ ܕܰܐܠܳܗܳܐ . ܐܰܠܳܗܽܘܢ ܐܶܢܽܘܢ ܡܫܺܝܚܳܐ ܘܦܳܪܽܘܩܳܐ .

ܐܰܠܳܗܰܢ ܗ̣ܘ ܢܽܘܗܪܳܐ ܥܰܬܺܝܪܳܐ . ܐ̱ܢܳܐ ܐܢܐ ܠܰܚܡܳܐ ܕܚܰܝ̈ܶܐ .

ܐܰܒ݂ܳܐ ܐܰܠܳܗܰܢ ܡܪܰܚܡܳܢܳܐ . ܐ̱ܢܳܐ ܐܢܐ ܐܽܘܪܚܳܐ ܘܫܪܳܪܳܐ

ܡܢ̈ܝܐ . ܕܫܠܝܚܐ ܗܘ ܦܘܩܕܢܐ . ܒܡܪܘܐ ܗܘ ܫܠܝܚܐ
ܗܘ . ܗܢܐ ܗܝ ܡܠܠܬܐ ܡܫܝܚܝܐ . ܢܒܝܐ ܘܗܕܐ
ܐܢܬܬܐ ܩܠܝܠܐ ܗܕܝܐ ܗܝ . ܫܠܝ̈ܚܐ ܕܐܠܗܐ ܬܠܡܝ̈ܕܐ
ܐܢܘܢ . ܐܢܐ ܐܒܐ ܢܦܗܘܐ ܡܪܢܐ . ܡܠܠܝܢ ܟܐܦܐ
ܘܥܡܐ ܗܘ ܡܫܝ̈ܚܝܐ ܦܪ̈ܝܫܐ . ܗܠܝܢ ܒܢ̈ܝܢܫܐ ܛܒ̈ܐ
ܡܫܡܫ̈ܢܐ ܐܢܘܢ ܬܫܒܘܚܬܐ ܠܗܝ ܐܢܫܐ ܛܒܐ .
ܘܢܦܫܐ ܘܗܝ ܦܓܪܐ ܦܓܫ ܐܬܪܐ ܗܝ . ܟܠܝܠܐ ܗܢܐ
ܟܦܪܐ ܗܝ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക;—

നിങ്ങൾ ലോകത്തിനു പ്രകാശമാകുന്നു. വിശുദ്ധ ശ്ലീഹന്മാർ ദൈവപുത്രന്റെ ശിഷ്യന്മാരാകുന്നു. ദൈവത്തിന്റെ സിംഹാസനം സ്വർഗ്ഗത്തിലാകുന്നു. നിങ്ങൾ ദൈവസന്താനങ്ങളാകുന്നു. സ്വർഗ്ഗത്തിലെ മാലാഖമാർ ദൈവത്തിന്റെ ശുശ്രൂഷകന്മാരാകുന്നു. ഈ സ്കൂളിലെ കുട്ടികൾ വളരെ സമർത്ഥരാകുന്നു. ഞങ്ങൾ പാപികളായ മനുഷ്യരാകുന്നു. നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. എന്റെ സഹോദരന്റെ ഭാര്യ അല്പം കറുത്തവളാണ്. ഈ പള്ളിയിലെ പട്ടക്കാരൻ വളരെ ദയാലുവാകുന്നു. പരിശുദ്ധ ശ്ലീഹന്മാർ വിശ്വാസത്തിന്റെ പ്രാസംഗികരാകുന്നു. ദൈവമാതാവായ മറിയാം വിശ്വാസികളുടെ പ്രശംസയാകുന്നു. ധനവാനായ ആ പിതാവിന്റെ സുന്ദരനായ പുത്രൻ വളരെ നല്ലവനാകുന്നു. പ്രാവ് വളരെ ഭംഗിയുള്ള പക്ഷിയാകുന്നു.

പാഠം 6

❖ ܚܠܳܦ ܫܡܳܐ ܡܫܰܐܠܳܢܳܐ

പ്രാശ്നിക സർവ്വനാമം
INTEROGATIVE PRONOUN.

who. ആര് = ܡܰܢ C. S

what. എന്ത് = ܡܳܢܳܐ C. S

what. എന്ത് = ܡܽܘܢ C. S

which. ഏവൻ = ܐܰܝܢܳܐ M. S

which. ഏവൾ = ܐܰܝܕܳܐ F. S

which. ഏവർ = ܐܰܝܠܶܝܢ C. P

ഈ ചോദ്യപദങ്ങൾ മുൻപാഠത്തിൽ കാണിച്ചിരിക്കുന്നതുപോലെ ക്രിയയുടെ മുൻപിൽചേർക്കുന്നു. ഇവയോട് ക്രിയയായി സർവ്വനാമങ്ങൾ ചേർക്കുമ്പോൾ, എളുപ്പത്തിനു വേണ്ടി സാധാരണയായി, താഴെ കാണിച്ചിരിക്കുന്ന പ്രകാരം ചുരുക്കി എഴുതാറുണ്ട്.

ܡܰܢ ܗ݂ܽܘ = ܡܰܢܽܘ

ܡܳܢܳܐ ܗ݂ܽܘ = ܡܳܢܽܘ

ܐܰܝܢܳܐ ܗ݂ܽܘ = ܐܰܝܢܽܘ

ഈ മൂന്നു പദങ്ങൾമാത്രം ഇപ്രകാരം ചുരുക്കി എഴുതുന്നു.

Vocabulary.

വെള്ളി = ܣܺܐܡܳܐ M ദേശം = ܐܰܬ݂ܪܳܐ M

താക്കോൽ = ܩܠܺܝܕ݂ܳܐ M മുടന്തൻ = ܚܰܓ̱ܺܝܪܳܐ M

കഠിനൻ = ܩܰܫܝܳܐ M വില = ܛܺܝܡܬ݂ܳܐ F

വസ്ത്രം = ܠܒ݂ܽܘܫܳܐ M

ܐܰܬ݂ܪܳܐ ܐܰܬ݂ܪ̈ܘܳܬ݂ܳܐ . ܩܰܫܝܳܐ ܩܰܫ̈ܝܶܐ .

Exercise. മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുക.

ܠܡܳܢ ܐܢ̱ܬܘܢ ܡܗܰܠܟܺܝܢ. ܐܰܝܟܳܐ ܗ̇ܘ ܐܺܝܠܳܢܳܐ . ܘܠܡܳܢ ܗ̣ܘ
ܐܺܝܠܳܢܳܐ ܗܳܢܳܐ . ܐܺܝܠܳܢܶܟ݂ ܘܦܺܐܪ̈ܶܐ ܐܺܝܠܳܢܶܗ . ܡܳܢܰܘ ܛܺܝܡܬ݂ܳܐ
ܘܰܩܠܺܝܕ݂ܳܐ ܗܳܢܳܐ . ܐܰܝܢܰܘ ܩܠܺܝܕ݂ܳܐ ܕܺܝܠܶܗ ܛܰܠܝܳܐ ܕܰܟ݂ܣܽܘܪܳܐ .
ܐܰܝܟܰܢ ܐܢ̱ܬܘܢ ܩܰܫ̈ܝܶܐ ܘܕܺܝܠܶܗ ܓܰܒ݂ܪܳܐ ܗܳܢܳܐ . ܗܳܢܳܐ ܠܠܒ݂ܽܘܫܳܐ
ܠܒ݂ܽܘܫܳܐ ܗ̣ܘ . ܗܳܢܘ ܓܰܒ݂ܪܳܐ ܘܰܡܠܰܟ݂ܳܐ . ܗܳܢܳܐ ܪܰܫܺܝܥܳܐ ܕܺܝܠܶܗ ܗ̣ܘ
ܒܪ̈ܳܫܶܐ ܚܰܓ̱ܺܝܪܶܐ ܩܰܫܝܳܐ ܩܰܒܺܝܫܳܐ ܗ̣ܘ . ܡܫܰܡܫܳܢ̈ܶܐ
ܘܰܐܟ݂ܚܰܕ݂ ܗܳܘ ܚܰܓ̱ܺܝܪ ܡܗܰܝܡܢܳܐ ܩܰܫܝܳܐ ܐܢ̱ܬܘܢ . ܡܳܢܰܘ
ܗܳܢܳܐ . ܡܰܠܟܳܐ ܘܐܰܬ݂ܪܳܐ ܗܳܢܳܐ ܚܰܓ̱ܺܝܪ ܩܰܫܝܳܐ ܘܡܫܰܡܫܳܢ̈ܶܐ
ܗ̣ܘ . ܒܪܳܐ ܕܥܰܡܳܐ ܘܐܺܝܠܳܢܳܐ ܗܳܢܳܐ ܚܰܓ̱ܺܝܪܳܐ ܗ̣ܘ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:–

ആ കുട്ടികൾ ഏതു ഗുരുവിൻെറ ശിഷ്യൻമാരാകുന്നു. മത്തായിയുടെ സഹോദരി ഏതാകുന്നു. ആ വീടിൻെറ താക്കോൽ ഏതാകുന്നു. ആ കുട്ടിയുടെ പുസ്തകവും. വസ്ത്രങ്ങളും സഹോദരിയുടെ പെട്ടിയിലാകുന്നു. മറിയയുടെ സഹോദരിയുടെ പേര് എന്താകുന്നു. ഈ പെൺകുട്ടിയുടെ പുസ്തകങ്ങൾ ഏതാകുന്നു. വെള്ളികൊണ്ടുള്ള ഈ താക്കോൽ ഏതു പെട്ടിയുടേതാകുന്നു. ആ മനുഷ്യർ വളരെ കഠിനൻമാരാകുന്നു.

പാഠം 7

❖ ܢܘܩܦܐ ܕܫܡ̈ܗܐ

നാമങ്ങളുടെ പ്രത്യയം—SUFFIXES OF NOUNS

1. സർവ്വനാമങ്ങളിൽ സൂചകങ്ങളായി ഉപയോഗിക്കുന്ന തൃതീയപുരുഷപദങ്ങളോടുമാത്രമെ ܝ . ܟ . ܗ എന്ന പ്രത്യയാക്ഷരങ്ങൾ ചേർക്കുകയുള്ളു. ആകയാൽ 'എൻെറ' 'നിൻെറ' 'എന്നെ' 'നിന്നെ' 'എന്നിൽ' 'നിന്നിൽ' മുതലായ പ്രത്യയങ്ങൾ ആവശ്യമായി വരുമ്പോൾ ഈ അക്ഷരങ്ങളോട്, സർവ്വനാമങ്ങളുടെ തന്നെ ഒരു രൂപഭേദമായ • ܢ • ܘ ܟ • ܢ • ܢ എന്ന അക്ഷരങ്ങൾ ആവശ്യാനുസരണം ചേർക്കുന്നു. ഈ അക്ഷരങ്ങൾ ഓർമ്മിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി ܢܘܟܗܝ എന്ന് ഒരു പദമായി പറയുന്നു. ഈ പദത്തിന് അർത്ഥമൊന്നുമില്ല. ഓരോ പുരുഷ, ലിംഗ, വചന, വ്യത്യാസങ്ങൾക്കു ചേർക്കുന്ന അക്ഷരങ്ങൾ താഴെ കാണിക്കുന്നു.

ܣܘ̈ܓܐܐ	ܚܕܢܝܐ	
ܢ	ܝ	1. C
ܟܘܢ	ܟ	2. m
ܟܝܢ	ܟܝ	2. F
ܗܘܢ	ܗ	3 m
ܗܝܢ	ܗ̇	3 F

ഈ അക്ഷരങ്ങൾ · ܠ · ܒ എന്ന അക്ഷരങ്ങളോടു ചേർക്കുന്നതും. ܕ എന്ന അക്ഷരത്തോടു ചേർക്കുന്നതും അൽപ്പം വ്യത്യസ്തരീതിയിലാണ്. · ܠ · ܒ എന്ന അക്ഷരങ്ങളോട് ഇവയെ നേരിട്ടു തന്നെ ചേർക്കുന്നു. എന്നാൽ ܕ നോടു ചേർക്കുവാൻ. ܕ ന് പകരം ܕܝܠ എന്ന ഒരു പദത്തോടാണു ചേർക്കുന്നത്.

ܣܘ̈ܓܐܐ		ܚܕܢܝܐ	
ഞങ്ങളുടെ = ܕܝܠܢ	എന്റെ = ܕܝܠܝ	1. C	
നിങ്ങളുടെ = ܕܝܠܟܘܢ	നിന്റെ = ܕܝܠܟ	2. M	
നിങ്ങളുടെ = ܕܝܠܟܝܢ	നിന്റെ = ܕܝܠܟܝ	2. F	
അവരുടെ = ܕܝܠܗܘܢ	അവന്റെ = ܕܝܠܗ	3. M	
അവരുടെ = ܕܝܠܗܝܢ	അവളുടെ = ܕܝܠܗ̇	3. F	

ഇവ ആവശ്യാനുസരണം ഓരോ നാമങ്ങളോട്, നാമങ്ങളുടെ പിന്നാലെ, ചേർത്തുപയോഗിക്കുന്നു. ഉദാ:–

എന്റെ പുസ്തകം = ܟܬܒܐ ܕܝܠܝ 1. C

ഞങ്ങളുടെ പുസ്തകം = ܟܬܒܐ ܕܝܠܢ 1 P. C

നിന്റെ സഹോദരൻ = ܐܚܐ ܕܝܠܟ 2 S. m

നിങ്ങളുടെ പള്ളി = ܥܕܬܐ ܕܝܠܟܘܢ 2 P m

നിന്റെ മാതാവ് = ܐܡܐ ܕܝܠܟܝ 2 S. F

നിങ്ങളുടെ പുത്രൻമാർ = ܒܢܝܐ ܕܝܠܟܝܢ 2 P. F

അവന്റെ സഹോദരി = ܚܬܐ ܕܝܠܗ 3 S. m

അവരുടെ വീട് = ܒܝܬܐ ܕܝܠܗܘܢ 3 P. m

അവളുടെ പിതാവ് = ܐܒܐ ܕܝܠܗ 3 S. F

അവരുടെ മാതാവ് = ܐܡܐ ܕܝܠܗܝܢ 3 P. F

3. ܠ ܒ എന്നീ അക്ഷരങ്ങളോട് സാർവ്വനാമിക പ്രത്യയങ്ങൾ ചേർക്കുമ്പോൾ, 'എന്നിൽ' 'എന്നാൽ' 'എന്നോടു' 'എന്നെ' 'എനിക്ക്' എന്നാദിയായ അർത്ഥങ്ങൾ ലഭിക്കും.

	ܣܘܓܐܐ	ܚܕܢܝܐ
1. C	ܒܢ . ܠܢ .	ܒܝ . ܠܝ .
2 m	ܒܟܘܢ . ܠܟܘܢ .	ܒܟ . ܠܟ .

. ܠܟܝܢ . ܒܟܝܢ   . ܠܟܝ . ܒܟܝ 2 .F

. ܠܗܘܢ . ܒܗܘܢ   . ܠܗ . ܒܗ 3 .m

. ܠܗܝܢ . ܒܗܝܢ   . ܠܗ̇ . ܒܗ̇ 3 .F

4. തൃതീയ പുരുഷസർവ്വനാമങ്ങളോട് ܒ ، ܠ എന്ന പ്രത്യയാക്ഷരങ്ങൾ ചേർത്തുപയോഗിക്കാമെന്ന് മുൻപാഠത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. അവയോട് രണ്ടു വിധത്തിലും ചേർത്തുപയോഗിക്കാവുന്നാണ്. ഉദാ:—

ܒܗܘܢ = ܒܗܢܘܢ   ܒܗ = ܒܗܘ

ܠܗܘܢ = ܠܗܢܘܢ   ܠܗ = ܠܗܘ

ܕܝܠܗܘܢ = ܕܗܢܘܢ   ܕܝܠܗ = ܕܗܘ

ܐܢܝܢ . ܐܢܘܢ എന്ന രണ്ടു സർവ്വനാമപദങ്ങളൊഴികെ മറ്റെല്ലാ തൃതീയപുരുഷപദങ്ങളോടും ഇങ്ങനെ ചേർക്കാവുന്നതാണെങ്കിലും. ഈ രീതി വളരെ അസാധാരണമാണ്.

5. ഉടമസ്ഥാർത്ഥം ലഭിക്കുവാൻ ܕ നോട്.

അഥവാ ܕܝܠ എന്ന പദത്തോട്, ഈ പ്രത്യയാക്ഷരങ്ങൾ ചേർക്കുന്നതു പോലെതന്നെ അതേ അക്ഷരങ്ങൾ അതാതു നാമങ്ങളോട് നേരിട്ടുതന്നെ ചേർത്തും ഉപയോഗിക്കാവുന്നതാണ്. രണ്ടിനും അർത്ഥം ഒന്നു തന്നെ.

ഉദാ:-

ܟܬܒܐ ܕܝܠܗ = ܟܬܒܗ . ܟܬܒܐ ܕܝܠܢ = ܟܬܒܢ

ܟܬܒܐ ܕܝܠܟܝ = ܟܬܒܟܝ . ܟܬܒܐ ܕܝܠܟܘܢ = ܟܬܒܟܘܢ

ܟܬܒܐ ܕܝܠܟܝܢ = ܟܬܒܟܝܢ . ܟܬܒܐ ܕܝܠܟܘܢ = ܟܬܒܟܘܢ

ܟܬܒܐ ܕܝܠܗܝܢ = ܟܬܒܗܝܢ . ܟܬܒܐ ܕܝܠܗܘܢ = ܟܬܒܗܘܢ

ܟܬܒܐ ܕܝܠܗ̇ = ܟܬܒܗ̇ . ܟܬܒܐ ܕܝܠܗܝܢ = ܟܬܒܗܝܢ

സാധാരണ വാചകങ്ങൾ എഴുതുമ്പോൾ ഇതിൽ ഏതു രീതിവേണമെങ്കിലും സ്വീകരിക്കാം. രണ്ടും തമ്മിൽ യാതൊരു അർത്ഥവ്യത്യാസവുമില്ല. ഏകവചനനാമങ്ങളോട്, അഥവാ ܐ എന്നവസാനിക്കുന്ന പദങ്ങളോടു ചേർക്കുന്ന വിധമാണ് മുകളിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ܐ̈ എന്നവസാനിക്കുന്ന പദങ്ങളോട് ഈ പ്രത്യയങ്ങൾ ചേർക്കുമ്പോൾ, പദത്തിന്റെ അന്ത്യത്തിൽ, പ്രത്യയാക്ഷരത്തിനു മുൻപായി, ܝ കൂടി ചേർക്കുന്നു. ഉദാ:-

പുസ്തകങ്ങൾ = ܟܬܒ̈ܐ

എന്റെ പുസ്തകങ്ങൾ = ܟܬܒ̈ܝ

ܟܬ̈ܒܢ	ܟܬ̈ܒܝ
ܟܬ̈ܒܝܟܘܢ	ܟܬ̈ܒܝܟ
ܟܬ̈ܒܝܟܝܢ	ܟܬ̈ܒܝܟܝ
ܟܬ̈ܒܝܗܘܢ	ܟܬ̈ܒܘܗܝ
ܟܬ̈ܒܝܗܝܢ	ܟܬ̈ܒܝܗ

ചില നാമങ്ങളോട് ഈ പ്രത്യയങ്ങൾ ചേർക്കുന്നത് അൽപ്പം വ്യത്യാസപ്പെട്ട രീതിയിലാണ്, ആകയാൽ ഓരോ പാഠത്തിലും വരുന്ന പുതിയ പദങ്ങളോട് പ്രത്യയങ്ങൾ ചേർക്കുന്ന വിധം പ്രത്യേകം പഠിച്ചുകൊണ്ടിരിക്കണം. ഉദാഹരണമായിമുൻപാഠങ്ങളിൽ വന്നിട്ടുള്ള, ഇപ്രകാരം വ്യത്യാസമുള്ള ചില പദങ്ങളോടു ചേർക്കുന്ന വിധം താഴെ കാണിക്കുന്നു.

ܐܒܘܢ	ܐܒܝ	ܐܒܐ
ܐܒܘܟܘܢ	ܐܒܘܟ	
ܐܒܘܟܝܢ	ܐܒܘܟܝ	
ܐܒܘܗܘܢ	ܐܒܘܗܝ	
ܐܒܘܗܝܢ	ܐܒܘܗ	

ܐܚܐ എന്ന പദം ഇതുപോലെ തന്നെ

ܐܡܢ	ܐܡܝ	ܐܡܐ
ܐܡܟܘܢ	ܐܡܟ	

	ܐ̈ܦܝܟܝ	ܐ̈ܦܝܟܝܢ
	ܐ̈ܦܘܗܝ	ܐ̈ܦܝܗܘܢ
	ܐ̈ܦܝܗ	ܐ̈ܦܝܗܝܢ
ܐܢܬܬܐ	ܐܢܬܬܝ	ܐܢܬܬܢ
	ܐܢܬܬܟ	ܐܢܬܬܟܘܢ
	ܐܢܬܬܟܝ	ܐܢܬܬܟܝܢ
	ܐܢܬܬܗ	ܐܢܬܬܗܘܢ
	ܐܢܬܬܗ̇	ܐܢܬܬܗܝܢ
ܒܪܐ	ܒܪܝ	ܒܪܢ
	ܒܪܟ	ܒܪܟܘܢ
	ܒܪܟܝ	ܒܪܟܝܢ
	ܒܪܗ	ܒܪܗܘܢ
	ܒܪܗ̇	ܒܪܗܝܢ
ܛܠܝܐ	ܛܠܝܝ	ܛܠܝܢ
	ܛܠܝܟ	ܛܠܝܟܘܢ
	ܛܠܝܟܝ	ܛܠܝܟܝܢ
	ܛܠܝܗ	ܛܠܝܗܘܢ
	ܛܠܝܗ̇	ܛܠܝܗܝܢ

ܫܡܢ	ܫܡܝ	ܫܡܐ
ܫܡܟܘܢ	ܫܡܟ	
ܫܡܟܝܢ	ܫܡܟܝ	
ܫܡܗܘܢ	ܫܡܗ	
ܫܡܗܝܢ	ܫܡܗ̇	

ܫܡܝܐ എന്ന പദം ഇതുപോലെ തന്നെ.

6, ഈ പ്രത്യയങ്ങൾ ഇങ്ങനെ നാമങ്ങളോട് ചേർക്കുന്നതിനും പുറമെ ക്രിയകളോടും ചേർക്കാം. അതു കുറേക്കൂടികഴിഞ്ഞശേഷം പഠിച്ചാൽ മതി.

എന്നാൽ ܠܝܬ ܐܝܬ എന്ന രണ്ടു ക്രിയകളോട്. നാമങ്ങളോട് ചേർക്കുന്നവിധത്തിൽ തന്നെ ചേർത്തു പ്രയോഗിക്കാവുന്നതിനാൽ, ആ രണ്ട് ക്രിയകളെ ക്കുറിച്ച് ഇവിടെ പഠിക്കാം.

ഇല്ല = ܠܝܬ   ഉണ്ട് = ܐܝܬ

ഈ പദങ്ങൾ പ്രത്യയങ്ങളൊന്നും ചേർക്കാതെ ഉപയോഗിച്ചാൽ ഈ അർത്ഥം മാത്രം ഉദാ:—

എനിക്ക് പുസ്തകങ്ങൾ ഉണ്ട് = ܐܝܬ ܠܝ ܟܬ̈ܒܐ

ഞങ്ങളുടെ = ܒܐܣܟܘܠܐ ܛܠܝ̈ܐ ܐܝܬ ܣܘܓܐܐ ܕܝܠܢ
സ്ക്കൂളിൽ ധാരാളം കുട്ടികളുണ്ട്

അവർക്ക് മക്കളുണ്ട് = ܐܝܬ ܠܗܘܢ ܒܢ̈ܝܐ

എനിക്ക് പണമില്ല = ܠܝܬ ܠܝ ܟܣܦܐ

ഈ ക്രിയകളോട് പ്രത്യയങ്ങൾ ചേർക്കുമ്പോൾ അവയ്ക്കു മേൽ കാണിച്ചിരിക്കുന്ന വിധം 'ഉണ്ട്' 'ഇല്ല' എന്ന അർത്ഥമല്ല, പ്രത്യുത 'ആകുന്നു' 'അല്ല' എന്ന അർത്ഥമാണ് ലഭിക്കുന്നത്. ഇവയോട് പ്രത്യയങ്ങൾ ചേർക്കുന്നത് ܐ എന്നവസാനിക്കുന്ന പദങ്ങളെപ്പോലെയാകുന്നു.

ܐܝܬܘܗܝ . ܠܝܬܘܗܝ   ܐܝܬܝܗܘܢ . ܠܝܬܝܗܘܢ

ܐܝܬܝܗ̇ . ܠܝܬܝܗ̇   ܐܝܬܝܗܝܢ . ܠܝܬܝܗܝܢ

ܐܝܬܝܟ . ܠܝܬܝܟ   ܐܝܬܝܟܘܢ . ܠܝܬܝܟܘܢ

ܐܝܬܝܟܝ . ܠܝܬܝܟܝ   ܐܝܬܝܟܝܢ . ܠܝܬܝܟܝܢ

ܐܝܬܝ . ܠܝܬܝ   ܐܝܬܝܢ . ܠܝܬܝܢ

ഈ ക്രിയകൾരണ്ടും ഇങ്ങനെ പ്രത്യയങ്ങൾ ചേർത്തുപയോഗിക്കുമ്പോൾ, അവ ലിംഗം, വചനം, പുരുഷൻ, എന്നിവയിൽ ആഖ്യയോടു യോജിച്ചിരിക്കണം. ഉദാ:—

ഈ മനുഷ്യൻ ഉത്തമനാകുന്നു = ܓܒܪܐ ܗܢܐ ܡܝܬܪܐ ܐܝܬܘܗܝ

എന്റെ സഹോദരി സുന്ദരിയാകുന്നു = ܚܬܝ ܫܦܝܪܬܐ ܐܝܬܝܗ̇

ഞാൻ ദരിദ്രനാകുന്നു = ܐܢܐ ܡܣܟܢܐ ܐܝܬܝ

നിങ്ങൾ ജ്ഞാനികളാകുന്നു = ܐܢܬܘܢ ܚܟܝ̈ܡܐ ܐܝܬܝܟܘܢ

എന്റെ പിതാവ് വീട്ടിൽ അല്ല = ܐܒܝ ܗܘ ܠܝܬܘܗܝ ܒܒܝܬܐ

Vocabulary

അഭയ സ്ഥാനം = ܒܶܝܬ݂ܓܰܘܣܳܐ .m oh അല്ലയോ = ܐܳܘ

കൈക്കൊള്ളുന്നവൻ = ܡܩܰܒܠܳܢܳܐ .m അനുഗ്രഹിതൻ = ܒܪܺܝܟ݂ܳܐ .m

Bossom മടി = ܥܽܘܒܳܐ ,m ഇപ്പോൾ = ܗܳܫܳܐ

കല്ലറ = ܩܰܒܪܳܐ .m പുതിയത് = ܚܰܕܬ݂ܳܐ .m

ശബ്ദം = ܩܳܠܳܐ .m ശക്തി = ܚܰܝܠܳܐ .m

ഉന്നതമായ = ܪܳܡܳܐ .m ബലമുള്ള = ܚܰܣܺܝܢܳܐ .m

കോട്ട = ܫܽܘܪܳܐ m ആഭരണം = ܫܽܘܒܚܳܐ .m

അനുതാപം = ܬܰܝܒܽܘܬ݂ܳܐ .F സമുദ്രം = ܝܰܡܳܐ .m

വാതിൽ = ܬܰܪܥܳܐ .m തൊപ്പി = ܟ݁ܽܘܒܥܳܐ .m

രമ്യത = ܬܰܪܥܽܘܬ݂ܳܐ .F ഉയിർപ്പിക്കുന്നവൻ = ܡܰܚܝܳܢܳܐ .m

ധൂപം = ܒܶܣܡܳܐ .m

ܚܰܕܬ݂ܳܐ ܚܕ݂ܰܬ݂ܳܐ . ܚܰܕ̈ܬ݂ܶܐ ܚܰܕ̈ܬ݂ܳܬ݂ܳܐ

ܫܽܘܒܚܳܐ ܫܽܘܒ̈ܚܶܐ . ܝܰܡܳܐ ܝܰܡ̈ܡܶܐ

Exercise:-മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുക.

ܐܳܘ ܡܳܪܰܢ ܡܚܰܝܳܢܰܢ ܒܫܽܘܒܚܳܐ ܐܺܝܬ݂ܰܝܟ݂ ܠܥܳܠܡܳܐ . ܐܳܘ

ܐܰܢ݇ܬ ܘܩܰܕܺܝܫܳܐ ܘܒܶܝܬ݂ ܓܰܘܣܰܢ ܘܪܳܡܳܐ . ܐܺܝܠ ܝܰܡܳܐ ܘܚܰܣܺܝܢܳܐ

ܐܠܗܝܬ . ܗ̇ܢܘ ܐܚܝ̈ܕܐ ܠܐܠܗܘܬܐ . ܠܬܘܕܝܬܐ ܠܬܪܥܝܬܐ
ܡܫܒܚܬܐ ܘܝܠܕܬܗ ܘܡܫܡܫܢܐ ܕܐܠܗܝ . ܡܢ ܗ̇ܝ
ܐܡܝܢ ܘܡܢ ܐܝܟ ܐܚܝ̈ . ܐܫܬܘܬܐ ܐܠܗܝܬ ܫܪܝܪܐ
ܒܪ̈ܝܬܐ . ܫܘܒܚܐ ܠܟ ܠܐܠܗܐ . ܫܘܒܚܐ ܠܟ ܒܪܘܝܐ .
ܫܘܒܚܐ ܠܟ ܡܠܟܐ ܡܫܝܚܐ . ܝܠܕܬܐ ܡܪܝܡ ܫܘܪܐ
ܘܗ̇ ܢܦܫܢܐ ܠܡܗܝܡܢܘܬܐ ܫܪܝܪܬܐ . ܘܝܠܟ ܗܘ—
ܡܠܟܘܬܐ ܘܚܝܠܐ ܘܬܫܒܘܚܬܐ . ܠܥܠܡܝ̈ܢ ܘܡܠܟܘܬܐ
ܗ̇ܢܐ ܡܫܝܚܐ ܫܡܥ ܡܢܗܝܪܐ ܐܠܗܘܬܗ . ܡܪܝܡ
ܘܡܪܬܐ ܐܠܗܘܬܗ ܐܢܫܘܬܐ ܘܠܒܪ . ܗܘ ܝܒܪܐ ܫܒܐ
ܠܐܠܗܘܬܗ ܡܠܟܘܬܐ ܗ̇ܝܐ . ܢܟܢܫܐ ܗ̇ܠܝܢ ܟܐܢܐ
ܐܫܬܡܠܝ ܐܠܗܘܬܗ ܗ̇ܝܐ . ܗ̇ܝܐ ܐܡܐ ܘܐܒܐ ܘܝܠܝܕ
ܒܚܝܠܐ ܘܫܡܗ ܐܠܗܘܬܗ . ܐܢܐ ܠܟ ܫܒܩܐ ܠܥܠܡܗ .
ܢܠܡܕܢ ܗܢܐ ܠܫܘܪܐ ܗ̇ܘ . ܡܢܗ ܓܒܥܬܐ ܘܒܠܚܐ
ܘܝܠܕ ܢܝܚܐ . ܡܢ ܐܠܗܘܬܗ ܒܗܢܐ ܘܝܚܐ ܘܝܠܕܬܗ
ܗ̇ܝܐ . ܗ̇ܘ ܘܢܦܫܐ ܘܐܢܐ ܘܝܠܝܕ ܡܫܡܫܢܐ ܘܢܝܚܐ
ܘܝܠܟ ܐܠܗܘܬܗ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:-

പരിശുദ്ധ ശ്ലീഹൻമാർ സത്യവിശ്വാസത്തിൻെറ പ്രാസംഗികരാകുന്നു. നമ്മുടെ പ്രാർത്ഥനകളുടെ ശബ്ദം സ്വർഗ്ഗത്തിൻെറ വാതിലുകളുടെ താക്കോലാകുന്നു. ദീർഘദർശിമാരേ! ശ്ലീഹൻമാരേ! നിങ്ങൾ നിരപ്പിൻ ധൂപമാകുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ! നിനക്കു സ്തുതി. നമ്മുടെ പരേതർ നമ്മുടെ പിതാവായ അബ്രഹാമിൻെറ മടിയിലാകുന്നു. എൻെറ പിതാവും മാതാവും ഇപ്പോൾ എൻെറ സഹോദരൻെറ വീട്ടിൽ ഉണ്ട്. എൻെറ സഹോദരി ഇപ്പോൾ എൻെറ വീട്ടിൽ ഉണ്ട്. നിൻെറ ഭാര്യയുടെ പുതിയ ആഭരണങ്ങളുടെ വില എന്താകുന്നു. എൻെറ ഭാര്യ ഇപ്പോൾ അവളുടെ പിതാവിൻെറ ഭവനത്തിലാകുന്നു. അവളുടെ മാതാപിതാക്കൾ വളരെ വൃദ്ധരാകുന്നു. നിൻെറ സഹോദരനും സഹോദരിയും സഹോദരിയുടെ ഭർത്താവും അവരുടെ മക്കളും ഇപ്പോൾ എൻെറ പിതാവിൻെറ പുതിയ വീട്ടിൽ ഉണ്ട്.

പാഠം 8

❖ ܦܣܩܐ ܕܫܡܗ̈ܐ

നാമാന്ത്യലോപം—CONTRACTION OF NOUNS

1. ഒരു നാമത്തിൻെറ അവസാനത്തിൽ നിന്ന് ഒന്നോ രണ്ടോ അക്ഷരങ്ങളും പുള്ളികളും നീക്കം ചെയ്ത് പദത്തെ ചുരുക്കുന്നതിനാകുന്നു നാമാന്ത്യലോപം എന്നു പറയുന്നത് ഉദാ:–

ܥܠܡܐ ܥܠܡ . ܓܒܪܐ ܓܒܪ . ܟܬܒܐ ܟܬܒ . ܡܠܟܘܬܐ ܡܠܟܘܬ.

2, ഒരു വാചകത്തിൽ വസ്തുവും ഉടമസ്ഥനും കൂടി വരുന്നിടത്ത്, പദത്തിന്റെ ആരംഭത്തിൽ ܕ എന്ന പ്രത്യയം ചേർക്കുമല്ലൊ. എന്നാൽ നാമങ്ങൾ മേൽപ്രകാരം ലോപിച്ച് ഉപയോഗിക്കുന്ന പക്ഷം അതിന്റെ ആവശ്യമില്ല. ഉദാ:—

ܒܪܗ ܕܡܠܟܐ = ܒܪ ܡܠܟܐ .

ܒܥܠܐ ܕܫܡܝܐ = ܒܥܠ ܫܡܝܐ .

വാചകത്തിന്റെ അലങ്കാരത്തിനും പ്രയോഗത്തിന്റെ എളുപ്പത്തിനും വേണ്ടി, പ്രത്യേകിച്ചും കവിതയിൽ, ആണ് ഈ പ്രയോഗത്തിന്റെ കൂടുൽ ആവശ്യം.

3. ഈ നിലയിൽ രണ്ടു പദങ്ങൾ കൂട്ടിച്ചേർത്ത്, അവയെ ഒററ പദമാക്കി ഉപയോഗിക്കുന്ന ധാരാളം പ്രയോഗങ്ങൾ നിലവിലുണ്ട് ഉദാ:—

ܒܪܐ ܕܐܢܫܐ = ܒܪܢܫܐ . ܡܠܟܐ ܕܫܡܝܐ =

ܡܠܟܫܡܝܐ . ܒܪܐ ܕܐܠܗܐ = ܒܪܐܠܗܐ .

ܒܝܬ ܐܠܗܐ = ܒܝܬܐܠܗܐ . ܒܢ̈ܝܐ ܕܐܢܫܐ =

ܒܢ̈ܝܢܫܐ .

4. പുല്ലിംഗം ഏകവചനനാമങ്ങൾക്ക് മിക്കവൊറും മേൽകാണിച്ചിരിക്കുന്ന വിധത്തിലുള്ള ഒരുതരം ലോപം മാത്രമേയുള്ളു. എന്നാൽ സ്ത്രീലിംഗനാമങ്ങൾക്കും ബഹുവചനനാമങ്ങൾക്കും അന്ത്യത്തിൽ ܐ മാത്രമായിട്ടും ܬܐ ആയിട്ടും രണ്ടുവിധലോപങ്ങളുണ്ട്. ഇതിൽ ܬܐ ആയിട്ടുള്ള ലോപം ഉപയോഗി

ച്ചാൽ അതിൻെറ പിന്നാലെ ഉടമസ്ഥാർത്ഥസൂചക മായ ܕ എന്ന പ്രത്യയം കൂടിവേണമെന്നാണ് നിയമം ഉദാ:—

ܟܬܒܐ ܕܩܘܕܫܐ = ܟܬܒ ܩܘܕܫܐ .

ܟܬܒ̈ܐ ܕܩܘܕܫܐ = ܟܬܒ̈ܝ ܩܘܕܫܐ =

ܟܬܒ̈ܝܢ ܕܩܘܕܫܐ

ഇതു സംബന്ധിച്ച് മററു പലനിയമങ്ങളും ഉണ്ട്. അവ അൽപ്പം സങ്കീർണ്ണവുമാണ്. അവ പിന്നാലെ വിവരിക്കുന്നതാണ്. നാമങ്ങളുടെ ലോപത്തെ സംബന്ധിച്ച് തൽക്കാലം ഇത്രയും മാത്രം സൂചിപ്പിച്ചുകൊള്ളുന്നു. പുതിയ പദങ്ങൾ പഠിക്കുമ്പോൾ അവയുടെ ലോപം കൂടി പഠിച്ചുകൊണ്ടിരിക്കണം. മുൻപാഠങ്ങളിൽ വന്നിട്ടുള്ള ചില പ്രധാന പദങ്ങളുടെ ലോപം താഴെ ചേർക്കുന്നു.

ܐܒܐ ܐܒ . ܐܪܥܐ ܐܪܥ . ܐܘܪܚܐ ܐܘܪܚ . ܐܢܬܬܐ

ܐܢܬܬ . ܥܠܡܐ ܥܠܡ . ܒܪܐ ܒܪ . ܒܬܘܠܬܐ

ܒܬܘܠܬ . ܟܘܟܒܐ ܟܘܟܒ . ܠܚܡܐ ܠܚܡ .

ܟܪܣܐ ܟܪܣ . ܪܓܠܐ ܪܓܠ . ܡܫܡܫܢܐ ܡܫܡܫܢ .

ܡܪܐ ܡܪܐ . ܡܫܝܚܐ ܡܫܝܚ .

Vocabulary.

ക്ഷാമം, വിശപ്പ്= ܟܦܢܐ .m   കൈയ് = ܐܝܕܐ .F

നിറവുള്ള = ܡܠܝܐ .m അനുഗ്രഹം = ܛܝܒܘܬܐ .F

കതഗി = ܬܰܪܥܺܝܬܳܐ .F കൂട്ടുകാരൻ = ܚܰܒܪܳܐ .m

ഇരുമ്പ് = ܦܰܪܙܠܳܐ .m സൗഖ്യം = ܚܽܘܠܡܳܢܳܐ m

അലക്കുകാരൻ = ܩܰܨܳܪܳܐ m ശക്തി = ܚܰܝܠܳܐ m

ജൂലൈമാസം = ܬܰܡܽܘܙ m കൃപ = ܛܰܝܒܽܘܬܳܐ .F

മാസം = ܝܰܪܚܳܐ .m

Exercise:–മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുക.

ܡܰܠܟܺܝܢ ܟܰܠܬܳܐ ܘܢܽܘܪܬܳܐ . ܩܳܛܠܺܝܢ ܦܰܪܙܠܳܐ ܘܰܒܟܺܝܢ
ܘܰܗܘܳܐ . ܐܢܬܝܢ ܘܢܶܫ̈ܶܐ ܘܒܢ̈ܰܝܢ ܒܐܶܣܟܽܘܠܺܝܢ ܐܺܝܬ̈ܰܝܗܽܘܢ
ܗܳܟܳܐ . ܒܢ̈ܰܝ ܡܰܠܟܳܐ ܘܐܰܚܳܐ ܗܳܢܳܐ ܩܰܪܺܝܒ ܡܗܰܝܡܢܳܐ
ܐܰܢ̱ܬܝ . ܐܺܝܬܶܝܟܝ ܡܰܠܟܽܘܬܶܢ ܡܗܰܝܡܢܺܝܬܳܐ ܐܺܝܬ̈ܰܝܗ .
ܒܫܡܰܝܳܐ ܐܰܒܳܐ ܘܒܪܳܐ ܘܪܘܚܳܐ ܩܰܕܺܝܫܳܐ . ܘܢܶܗܘܶܐ ܡܰܠܟܽܘܬܳܐ
ܘܐܶܣܟܽܘܠܺܝܢ ܘܒܢܰܝܢ ܟܦܺܝܪܳܐ ܛܳܒܳܐ ܐܺܝܬ̈ܰܝܗܶܝܢ . ܫܠܳܡ
ܠܒܢ̈ܰܝ ܡܫܰܡܫܺܝܢ ܡܰܠܟܳܐ ܛܰܝܒܽܘܬܳܐ . ܒܫܡܳܐ ܕܐܰܠܳܗܳܐ
ܢܶܗܘܶܐ ܒܚܽܘܠܡܳܢܳܐ ܐܺܝܬܰܝܟ . ܡܫܰܡܫܳܐ ܐܰܦ̈ܰܝܗ ܘܫܰܡܫܬܳܐ
ܒܝܰܪܚܳܐ ܕܬܰܡܽܘܙ ܗܘ . ܝܰܪܚܳܐ ܕܬܰܡܽܘܙ ܢܺܝܚ̈ܶܐ ܟܽܠܳܐ
ܗܘ . ܡܳܪܳܐ ܟܰܠܬܳܐ ܗܳܢܳܐ ܘܟܽܠܳܐ ܩܰܪܺܝܒ ܠܟܰܠܬܳܐ ܗܘ .
കാഹളം	= ܫܝܦܘܪܐ .m	കാലം. പ്രാവശ്യം	= ܙܒܢܐ .m
തലമുറ	= ܫܪܒܬܐ .F	കാണിച്ചു	= ܚܘܝ
ഭാണ്ഡം	= ܡܐܢܐ .m	ഇരുട്ടി	= ܚܫܟ
പൂവൻ കോഴി	= ܬܪܢܓܠܐ .m	തയ്യാറാക്കി	= ܛܝܒ
		ശേഖരിച്ചു	= ܟܢܫ

Exercise· ഭാഷാന്തരം ചെയ്യുക:—

ܫܡܫܐ ܕܝܢ ܟܠܗ ܐܬܒܙܝܬ ܠܗ ܕܘܟܬܐ ܕܝܠܗ ܀

ܫܦܘܪܐ ܕܡܠܟܐ ܘܣܗܪܐ ܠܐ ܢܘܗܪܐ ܕܝܠܗ

ܘܡܠܐܟܐ ܕܝܠܗ ܟܢܫ ܠܗ ܠܟܠܗܘܢ ܓܒܝܐ ܕܝܠܗ

ܐܬܬܥܝܪܘ ܀ ܚܙܐ ܐܠܗܐ ܕܐܡܪܐ ܗܘܐ ܐܝܟ ܕܐܒܐ

ܓܒܝܐ ܀ ܘܫܦܝܪ ܗܘܐ ܐܝܟ ܕܐܒܐ ܕܐܡܪܐ ܐܢ ܠܐ ܢܚܘܐ ܀

ܠܚܪܘ ܡܠܐܟܘܗܝ ܟܕ ܡܣܩܘܪܐ ܪܟܐ ܘܫܒܚܘܗܝ
ܠܓܢܒܪܐ ܕܢܣܒܗ ܡܢ ܐܘܪܚܐ ܥܢܝܬܐ. ܐܝܬܘܗܝ ܐܡܬܝ
ܘܡܢܝܢ ܐܝܬܘܗܝ ܗܠܝܢ ܟܠܗܝܢ: ܬܘܒܘ ܘܡܫܬܝ·
ܠܬܘܒܐ. ܠܐ ܬܠܝܢ ܕܝܢ ܡܙܕܩܐ ܗܘܐ ܢܦܫܐ ܘܗܠܝܢ
ܟܠܗܝܢ ܕܗܘܝܢ. ܗܢܝܢ ܬܘܒ ܕܗܘܝ ܡܨܪܝܬܐ
ܐܝܟ ܕܠܘܩܒܠ ܘܐܝܟ ܕܡܬܚܫܚ. ܠܟܠ ܐܢܫ ܗܘܐ ܡܦܪܐ
ܘܥܬܐ ܕܐܢܫܐ ܡܠܬܐ ܐܠܐ ܒܢܝܐ: ܡܬܬܠܝܢ ܗܘܐ
ܘܠܐ ܡܫܟܚ ܗܘܐ ܕܢܬܦܠܛ ܒܝܬܗ. ܒܥܘܡܩܐ
ܕܪܡܫܐ ܘܦܫܝܛܐ ܥܒܕܘ ܠܗ ܕܢܚܘܢ ܐܘܟܝܢܘ ܠܗ:
ܐܝܟܐ ܪܟܐ ܐܝܬ ܕܢܫܬܒܩ ܠܟ ܥܘܪܒܐ. ܐܡܪ ܠܗ
ܢܚܘܢ ܘܒܗܘܢܐ ܠܠܝܐ ܥܕܟ ܕܢܩܪܐ ܠܡܪܝܐ ܠܐ ܬܠܬ
ܐܢܝܢ ܢܣܩܘܢ ܟܢ. ܗܢܝܢ ܕܐܝܬ ܢܚܘܢ ܠܡܝܬܗܘܢ
ܠܐܒܢܝܐ ܘܡܬܟܢܫܐ ܠܡܫܬܡܥ. ܡܢ ܕܪܟܐ ܘܢܬܒܐ
ܟܠܗܘܢ ܕܢܣܩܘܢ ܢܚܘܢ ܘܢܚܘܢ ܗܘܘ ܡܣܩܢ ܗܘ ܘܢܬܒܐ
ܟܠܗܘܢ. ܘܐܡܪ ܠܗܘܢ: ܒܗܢܐ ܘܡܢܐ ܐܢܐ ܠܢܫܬܘܬ
ܘܡܟܢܫܘܬܐ ܘܟܠܗܝܢ ܐܢܐ ܕܡܢܢܘܢ. ܒܪܗ ܘܐܢܫܐ
ܠܐ ܐܝܬ ܘܢܬܟܬܒ: ܐܢܐ ܘܠܢ ܐܝܬܘܗܝ

ܠܐ ܫܒܩܝܢ ܐܢܬܘܢ ܠܒܢܝܢܫܐ ܚܛܗܝܗܘܢ
ܐܦܠܐ ܐܒܘܟܘܢ ܕܒܫܡܝܐ ܢܫܒܘܩ ܠܟܘܢ . ܗܘ
ܐܢܐ ܡܫܝܚܐ ܐܢܐ ܠܟܘܢ ܐܝܟ ܐܚ̈ܝܐ ܚܒܝܒܐ ܘܐܚ̈ܝܐ .
ܠܐ ܬܫܒܩܘܢ ܠܟܘܢ ܚܛܗ̈ܐ ܐܠܐ ܒܪܘܚܐ . ܐܝ ܠܐ
ܠܡܫܒܩܘ ܫܪܝܪܐܝܬ ܫܪܝܪܐܝܬ ܘܐܢܫܐ ܠܡܫܒܩܘ ܘܗܘܐ :
ܟܠ ܠܟܘܢ ܚܛܗ̈ܐ . ܗܘ ܕܠܐܠܘܗ ܐܬܐ ܠܐ ܢܫܬܒܩܘܢ
ܫܘܒܚܐ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:–

നല്ല കുട്ടികരം എല്ലാദിവസവും രാവിലെ ഉറക്കത്തിൽനിന്ന് എഴുന്നേൽക്കുന്ന ഉടനെ പ്രാർത്ഥിക്കും. നീ ഇന്നു പള്ളിയിൽ പോകുന്നുണ്ടോ? ഉവ്വ് എനിക്ക് നല്ല വസ്ത്രങ്ങളില്ലെങ്കിലും ഞാൻ ഇന്ന് പോകും. നാം നമ്മുടെ സഹോദരൻമാരോട് അവരുടെ കുററങ്ങരം ക്ഷമിച്ചാൽ, നമ്മുടെ കുററങ്ങരം ദൈവത്താൽ ക്ഷമിക്കപ്പെടും. എൻെറ മാതാവ് ഇന്ന് വീട്ടിൽ ഇല്ലാത്തതുകൊണ്ട് എൻെറ സഹോദരി സ്ക്കൂളിൽ വരുകയില്ല. ദൈവം മനുഷ്യരോട് അവരുടെ സകല പാപങ്ങളും ക്ഷമിക്കും. എന്നാൽ പരിശുദ്ധാത്മാവിനെതിരായിട്ടുള്ള പാപങ്ങരം ക്ഷമിക്കപ്പെടുകയില്ല. ഞങ്ങളുടെ സ്ക്കൂളിലെ കുട്ടികളെല്ലാവരും ദിവസവും രാവിലെ എഴുന്നേററാലുടനെ മുഖവും വായും കഴുകണമെന്നും, പിന്നീട് പുസ്തകങ്ങളെടുത്ത് ഉത്സാഹമായിട്ട് വായിച്ച് പഠിക്കണമെന്നും ഞങ്ങളുടെ അദ്ധ്യാപകൻ ഞങ്ങളോട് പറ

ഞ്ഞിരുന്നു. സ്വർഗ്ഗരാജ്യം വരുന്നതുവരെ മരിക്കാത്ത ആളുകൾ ഇവിടെയുണ്ട് എന്ന് യേശു ശിഷ്യൻമാരോട് പറഞ്ഞു. ജ്ഞാനികളായ മനുഷ്യർ ചെറിയ കുട്ടികളുടെ തെററുകളെക്കുറിച്ച് ചിരിക്കുകയില്ല. മാതാപിതാക്കളെ സ്നേഹിക്കുന്ന കുട്ടികൾ അവരെ ബഹുമാനിക്കുകയും അവർക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യും. മനുഷ്യരുടെ മുമ്പാകെ ഉത്തമൻമരായി കാണപ്പെടുന്നവർ എല്ലാവരാലും ബഹുമാനിക്കപ്പെടും.

പാഠം 17

✤ ܦܘܩܕܢܐ ✤

നിയോജകം–IMPERATIVE

ܦܘܩܕܢܐ അഥവാ നിയോജകം എന്നു പറയുന്നത് ഒരു ക്രിയയുടെ ആജ്ഞാരൂപത്തിനാകുന്നു. വിളിക്കുക, പറയുക, ആദിയായത്. ഇതിൻെറ സിദ്ധരൂപത്തിൽ ദ്വിതീയ പുരുഷൻ മാത്രമേയുള്ളു. അതിൻെറ ഏകവചനവും ബഹുവചനവും, പുല്ലിംഗവും, സ്ത്രീലിംഗവുമുണ്ട്. ബഹുഭൂരിപക്ഷം ക്രിയകളുടെയും നിയോജകരൂപം, ക്രിയയുടെ ഭാവികാല രൂപത്തിലെ ആരംഭത്തിലുള്ള ܢ എന്ന അക്ഷരം നീക്കം ചെയ്യുന്നതാണ് പത്ത് മാതൃകാക്രിയകളുടെ നിയോജക രൂപങ്ങൾ താഴെ ചേർക്കുന്നു.

ܣܓܝܐܢܝܐ	ܚܕܢܝܐ
I ܩܛܠ	
ܩܛܘܠܘ . ܩܛܘܠܘܢ	ܩܛܘܠ
ܩܛܘܠܝ̈ . ܩܛܘܠܝ̈ܢ	ܩܛܘܠܝ
II ܩܪܐ	
ܩܪܘ . ܩܪܘܢ	ܩܪܝ
ܩܪܝ̈ . ܩܪܝ̈ܝܢ	ܩܪܝ
III ܐܬܝ	
ܐܬܘ . ܐܬܘܢ	ܐܬܐ
ܐܬܝ̈ . ܐܬܝ̈ܝܢ	ܐܬܝ
VI ܩܡ	
ܩܘܡܘ . ܩܘܡܘܢ	ܩܘܡ
ܩܘܡܝ̈ . ܩܘܡܝ̈ܢ	ܩܘܡܝ
V ܝܗܒ	
ܗܒܘ . ܗܒܘܢ	ܗܒ
ܗܒܝ̈ . ܗܒܝ̈ܢ	ܗܒܝ

VI ܪܰܚܶܡ

ܪܰܚܶܡ　　ܪܰܚܶܡܘ . ܪܰܚܶܡܘܢ

ܪܰܚܶܡܝ　　ܪܰܚܶܡܝ . ܪܰܚܶܡܶܝܢ

VII ܫܰܠܶܡ

ܫܰܠܶܡ　　ܫܰܠܶܡܘ . ܫܰܠܶܡܘܢ

ܫܰܠܶܡܝ　　ܫܰܠܶܡܝ . ܫܰܠܶܡܶܝܢ

VIII ܩܰܒܶܠ

ܩܰܒܶܠ　　ܩܰܒܶܠܘ . ܩܰܒܶܠܘܢ

ܩܰܒܶܠܝ　　ܩܰܒܶܠܝ . ܩܰܒܶܠܶܝܢ

IX ܐܰܟܠܶܠ

ܐܰܟܠܶܠ　　ܐܰܟܠܶܠܘ . ܐܰܟܠܶܠܘܢ

ܐܰܟܠܶܠܝ　　ܐܰܟܠܶܠܝ　ܐܰܟܠܶܠܶܝܢ

X ܐܰܩܺܝܡ

ܐܰܩܺܝܡ　　ܐܰܩܺܝܡܘ . ܐܰܩܺܝܡܘܢ

ܐܰܩܺܝܡܝ　　ܐܰܩܺܝܡܝ . ܐܰܩܺܝܡܶܝܢ

ഇത് സാധാരണയായി ആജ്ഞകൾക്കായി ഉപയോഗിക്കുന്നു. ഉദാ:—

നീ പുസ്തകം വായിക്കുക = ܩܪܝ ܟܬܒܐ

നീ ദൈവത്തെ സ്തുതിക്കുക = ܫܰܒܰܚ ܠܰܐܠܳܗܳܐ
നിങ്ങരം നിങ്ങളുടെ
സഹോദരൻമാരെ സ്നേഹിപ്പിൻ= ܚܰܒܶܒܘ ܠܰܐܚ̈ܰܝܟ݂ܽܘܢ

നിയോജകരൂപം ദ്വിതീയ പുരുഷനിൽ മാത്രമേ ഉള്ളുവെന്ന് മുൻപ് പറഞ്ഞിട്ടുണ്ടല്ലൊ. ആകയാൽ പ്രഥമ, തൃതീയ പുരുഷനുകളിൽ ഇതിൻെറ ആവശ്യം വന്നാൽ, അതാത് ക്രിയയുടെ ഭാവികാല രൂപം, ലിംഗ, വചന, പുരുഷനുകരംക്കനുസരണമായി ഉപയോഗിക്കാം. ഉദാ:-

അവർ അവരുടെ സഹോദരൻ = ܢܚܰܒ̈ܒܽܘܢ ܠܰܐܚ̈ܰܝܗܽܘܢ
മാരെ സ്നേഹിക്കണം. (സ്നേഹിക്കും, സ്നേഹിക്കട്ടെ)

നിയോജക രൂപവും ഭാവികാല രൂപവും പ്രയോഗിക്കുമ്പോരം, അവതമ്മിലുള്ള അൽപ്പമായ അർത്ഥവ്യത്യാസം ശ്രദ്ധിക്കുക.

ക്രിയകളുടെ നിയോജക രൂപത്തോടു മററു കാലങ്ങളിലെ വിവിധ രൂപങ്ങളോടു ചേർക്കുന്നതു പോലെ, നിഷേധാർത്ഥം ലഭിക്കുവാൻ ܠܐ ചേർക്കുകയില്ല. നിഷേധാർത്ഥം ആവശ്യമായി വരുമ്പോരം അവിടെ ഭാവികാലം തന്നെ ܠܐ ചേർത്ത് ഉപയോഗിക്കേണ്ടതാണ്. ഉദാ:—

'നീ ഇന്ന് പുസ്തകം വായിക്കരുത്'' എന്നതിന്

ܟܬܳܒ݂ܳܐ ܠܳܐ ܩܪܝ ܝܰܘܡܳܢܳܐ എന്നു പറയുകയില്ല.

അതിന് പകരം ܟܬܳܒ݂ܳܐ ܠܳܐ ܬܶܩܪܶܐ ܝܰܘܡܳܢܳܐ എന്നു വേണം പറയുവാൻ.

മുൻ 15--ാം പാഠത്തിൽ [illegible] എന്നൊരു പ്രയോഗരീതിയെക്കുറിച്ച് വിവരിച്ചിട്ടുണ്ടല്ലൊ. അതുപോലെ ܗܘܐ എന്ന ക്രിയയുടെ ഭൂതകാലം ദ്വിതീയ പുരുഷനും, മററ് ആവശ്യമുള്ള ക്രിയയുടെ വർത്തമാനകാലവും ചേർത്ത്, നിയോജകാർത്ഥത്തിൽ ഉപയോഗിക്കാവുന്നതാണ്. ഉദാ:—

നീ വീട്ടിലേക്ക് പോവുക = ܗܘܝܬ ܐܙܠ ܠܒܝܬܐ

ܠܐ ܗܘܝܬܘܢ ܥܒܕܝܢ ܒܝܫܬܐ: ܐܠܐ ܗܘܝܬܘܢ

നിങ്ങൾ തിന്മ ചെയ്യരുത്, = ܥܒܕܝܢ ܛܒܬܐ

പിന്നെയൊ നന്മ ചെയ്തുകൊൾവീൻ

ܐܬܦܥܠ എന്ന ഈ രൂപഭേദം കർമ്മണി ക്രിയകൾക്കുമുണ്ട്. അവ താഴെ ചേർക്കുന്നു.

I ܐܬܩܛܠ

ܐܬܩܛܠ	ܐܬܩܛܠܘ . ܐܬܩܛܠܘܢ	M.
ܐܬܩܛܠܝ	ܐܬܩܛܠܝ̈ . ܐܬܩܛܠܝ̈ܢ	F.

II ܐܬܩܪܝ

ܐܬܩܪܝ	ܐܬܩܪܘ . ܐܬܩܪܘܢ
ܐܬܩܪܝ	ܐܬܩܪܝ̈ . ܐܬܩܪܝ̈ܢ

III ܐܬܐܡܪ

ܐܬܐܡܪܝ   ܐܬܐܡܪܘ . ܐܬܐܡܪܘܢ

ܐܬܐܡܪܢ   ܐܬܐܡܪܢ . ܐܬܐܡܪܝܢ

IV ܐܬܒܪܝ

ܐܬܒܪܝ   ܐܬܒܪܝܘ . ܐܬܒܪܝܘܢ

ܐܬܒܪܝܢ   ܐܬܒܪܝܢ . ܐܬܒܪܝܢ

V ܐܬܬܘܕܝ

ܐܬܬܘܕܝ   ܐܬܬܘܕܝܘ . ܐܬܬܘܕܝܘܢ

ܐܬܬܘܕܝܢ   ܐܬܬܘܕܝܢ . ܐܬܬܘܕܝܢ

VI ܐܬܪܘܚ

(ഇത് ܐܬܒܠܥ പോലെ തന്നെ)

VII ܐܬܓܠܝ

ܐܬܓܠܝ   ܐܬܓܠܝܘ . ܐܬܓܠܝܘܢ

ܐܬܓܠܝܢ   ܐܬܓܠܝܢ . ܐܬܓܠܝܢ

VIII ܐܬܦܩܕ

ܐܬܦܩܕ   ܐܬܦܩܕܘ . ܐܬܦܩܕܘܢ

ܐܬܦܩܕܢ   ܐܬܦܩܕܢ . ܐܬܦܩܕܝܢ

IX ܐܬܩܛܠ

ܐܬܩܛܠ	ܐܬܩܛܠܬ .	ܐܬܩܛܠܬܝ
ܐܬܩܛܠܘ	ܐܬܩ̈ܛܠܝ .	ܐܬܩ̈ܛܠܝܢ

X ܐܫܬܩܛܠ

(ഇത് ܐܫܬܩܛܠ പോലെ തന്നെ)

Vocabulary

തളർവാത
രോഗി = ܡܫܪܝܐ .m   രമ്യമായി = ܐܬܪܥܝ

പരീക്ഷ = ܢܣܝܘܢܐ .m   ശത്രു = ܒܥܠܕܒܒܐ m

മുട്ടി = ܢܩܫ   ആട്ടിൻകൂട്ടം = ܥܢܐ .m

ചോദിച്ചു = ܫܐܠ   ധർമ്മം = ܙܕܩܬܐ .F

ജൽപ്പിച്ചു = ܦܩܩ   കുറ്റപ്പെടുത്തി = ܟܐܢ

സമ്പാദ്യം = ܩܢܝܢܐ .m   കാവ്യൻ = ܡܙܡܪܐ .m

ഊടുവഴി = ܫܒܝܠܐ .m   ബഹുമാനിച്ചു = ܝܩܪ

യോഗ്യനായി = ܫܘܐ   വിരുദ്ധനായി = ܣܪܒ

ശപിച്ചു = ܠܛ

Exercise. ഭാഷാന്തരം ചെയ്യുക:–

ܢܦܩܘ ܗܬܝܡܠܠ ܩܐܘܐ ܘܗܦܟܝܢ ܠܟܢܘܫܬܐ . ܐܝ
ܒܪܗ ܐܢܬ ܕܐܠܗܐ ܚܝܐ ܢܦܫܝ ܠܡܠܬܬ . ܗܘܝܢ
ܐܡܪ ܠܗ ܝܫܘܥ : ܐܢ ܠܐ ܠܡ ܗܘܝܬܐ . ܚܕܒܫܒܐ ܠܬܡܝܢ
ܦܘܪܩܢܢ ܒܝܫ ܡܪܝܒܫܐ ܘܐܠܐ ܠܦܪܘܫ ܐܬܪܘܢܐ ܢܫܫ
ܐܒܦܝܢ : ܘܗܒܝܢ ܬܐ ܡܪܒ ܦܘܪܩܢܢ . ܡܫܝܚܐ
ܡܠܠܐ ܢܡܒܗܝ ܘܐܡܪ : ܐܢܐ ܐܢܐ : ܠܐ ܬܘܕܠܘܢ . ܠܐ
ܬܘܕܠܐ ܝܠܘܐ ܐܦܘܐ . ܐܬܬܥܝܪܘ ܘܠܥܘ ܘܠܐ ܬܠܠܘܢ
ܠܢܫܘܢܐ . ܐܡܪ ܠܗܘܢ ܢܫܝܡܘܢ ܢܫܝ
ܡܢܗܘܢ ܗܘ ܕܐܬܐ ܗܘܐ ܠܘܬ ܝܫܘܥ ܒܠܠܝܐ :
ܕܠܡܐ ܢܡܘܣܐ ܕܝܠܢ ܡܚܝܒ ܠܒܪܢܫܐ ܐܠܐ ܐܢ
ܬܫܡܥ ܡܢܗ ܠܦܪܘܫ ܒܝܬ ܡܠܐ ܢܒܝ . ܡܒܪܝ
ܗܘܐ ܒܫܘܒܚܐ ܕܝܗܘܢ ܘܐܡܪ : ܬܘܒܘ ; ܡܪܒܬ.
ܝܡܪ ܡܠܟܘܬܐ ܘܗܡܢܐ . ܒܫܒܘ ܐܬܩܪܒܘ ܘܡܝܪܢܐ
ܘܐܒܘܗܝ ܠܚܒܝܠܘܗܝ . ܐܝ ܐܒܝ ܘܬܠܡܝܕܐ ܡܒܗܠܐ
ܝܡ : ܦܫܘܩ ܗܝܕ ܥܠܝ . ܗܡܠܠܬܐ ܘܐܬܐܡܪ
ܘܝܫ ܠܦܪܢܫܝ ܡܫܢܝ ܠܒܢܝ̈ܢܫܐ . ܐܢܐ ܘܪܝ

ܐܡܪ ܐܢܐ ܠܟܘܢ: ܐܚܒܘ ܠܒܥܠܕܒܒܝܟܘܢ
ܘܒܪܟܘ ܠܡܢ ܕܠܐܛ ܠܟܘܢ: ܘܥܒܕܘ ܕܫܦܝܪ
ܠܡܢ ܕܣܢܐ ܠܟܘܢ. ܨܠܘ ܕܠܐ ܬܥܠܘܢ ܠܢܣܝܘܢܐ
ܗܘܘ ܚܟܝܡܝܢ ܐܝܟ ܚܘܘ̈ܬܐ. ܘܬܡܝܡܝܢ ܐܝܟ
ܝܘ̈ܢܐ: ܫܐܠܘ ܘܢܬܝܗܒ ܠܟܘܢ: ܒܥܘ ܘܬܫܟܚܘܢ
ܩܘܫܘ ܘܢܬܦܬܚ ܠܟܘܢ: ܟܠ ܕܫܐܠ ܢܣܒ
ܠܟܘܢ. ܐܡܪ ܝܫܘܥ ܠܬܠܡܝ̈ܕܐ: ܐܢܐ: ܐܢܐ ܗܘ ܢܘܗܪܐ
ܕܥܠܡܐ ܗܘܐ ܠܢ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:—

നിങ്ങൾ ദൈവരാജ്യം അന്വേഷിപ്പിൻ: അപ്പോൾ ഇവയെല്ലാം നിങ്ങൾക്ക് നൽകപ്പെടും. നിങ്ങൾ നിങ്ങളുടെ സമ്പാദ്യം വിററ് ഭിക്ഷ കൊടുപ്പിൻ. യേശു ആ ദുഷ്ടാത്മാവിനോട് പോവുക, വീണ്ടും ഇവനിൽ പ്രവേശിക്കരുത് എന്നു പറഞ്ഞു. അവർ ആ കുരുടനോട് എഴുന്നേൽക്കുക, അവൻ നിന്നെ വിളിക്കുന്നു എന്ന് പറഞ്ഞു. നിങ്ങൾ ആ ഗ്രാമത്തിലേക്ക് പോകുവിൻ. പരീക്ഷയിൽ പ്രവേശിക്കാതിരിപ്പാനായിട്ട് പ്രാർത്ഥിപ്പിൻ. താൻ മിശിഹായാകുന്നു എന്ന് ആരോടും പറയരുത് എന്ന് അദ്ദേഹം അവരോട് പറഞ്ഞു. അദ്ദേഹം ആ തളർവാതരോഗിയോട്, നീ എഴുന്നേററ് നിന്റെ കട്ടിൽ എടുത്തുകൊണ്ട് വീട്ടിലേക്ക് പോവുക എന്നു പറഞ്ഞു. നിങ്ങൾ നിങ്ങളുടെ ശത്രുക്കളെ

സ്നേഹിപ്പിൻ. നിങ്ങൾ വിധിക്കരുത്, എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല. യേശു അപ്പോൾ ആ ബാലികയുടെ പിതാവിനോട് നീ ഭയപ്പെടേണ്ടാ വിശ്വസിക്കുക, അവൾ ജീവിക്കും എന്നു പറഞ്ഞു. അദ്ദേഹം അവളുടെ കൈയിൽ പിടിച്ചുകൊണ്ട്, പെൺകുട്ടീ! എഴുന്നേൽക്കുക, എന്നു പറഞ്ഞു. നീ കൊല ചെയ്യരുത്, മോഷ്ടിക്കരുത്, പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക, എന്നീ കൽപ്പനകൾ നിനക്കറിയാമോ എന്നു ചോദിച്ചു.

പാഠം 18

❖ ܦܫܩܐ ܝܚ

അപൂർണ്ണക്രിയ—INFINITIVE

അപൂർണ്ണക്രിയ എന്നുപറയുന്നത്. വിളിക്കുവാൻ, പഠിക്കുവാൻ, എന്നിങ്ങനെ കാലവ്യത്യാസം കൂടാതെയുള്ള പ്രയോഗത്തിനാകുന്നു. ഇതിന് ലിംഗ, വചന, പുരുഷ വ്യത്യാസങ്ങളുമില്ല. എല്ലാ ക്രിയകൾക്കും ഈ അപൂർണ്ണക്രിയാരൂപത്തിന്റെ ആരംഭത്തിൽ ܠ ܡ എന്ന അക്ഷരങ്ങൾ ചേർക്കുന്നു: ܠ ചേർത്തും, അതുചേർക്കാതെ ܡ മാത്രമായിട്ടുമുള്ള രണ്ട് പ്രകാരഭേദങ്ങൾ എല്ലാക്രിയകൾക്കുമുണ്ട്. രണ്ടും തമ്മിൽ യാതൊരു അർത്ഥവ്യത്യാസവുമില്ല. സാധാരണയായി ഗദ്യത്തിൽ, ܠ ചേർത്ത രൂപമാണ് കൂടുതലായി ഉപയോഗിക്കുന്നത്. പത്ത് മാതൃകാ ക്രിയകളുടെയും ഈരൂപഭേദങ്ങൾ താഴെചേർക്കുന്നു.

ܠܡܶܒܥܳܐ	ܡܶܒܥܳܐ	ܒܥܳܐ .	I
ܠܡܶܩܪܳܐ	ܡܶܩܪܳܐ	ܩܪܳܐ .	II
ܠܡܶܐܚܰܕ	ܡܶܐܚܰܕ	ܐܶܚܰܕ .	III
ܠܡܶܕܳܢ	ܡܶܕܳܢ	ܕܳܢ .	IV
ܠܡܶܬܰܠ	ܡܶܬܰܠ	ܝܗܰܒ .	V
ܠܡܶܕܰܥ	ܡܶܕܰܥ	ܝܺܕܰܥ .	VI
ܠܡܶܐܠܰܦ	ܡܶܐܠܰܦ	ܝܶܠܰܦ .	VII
ܠܡܶܣܒܰܠ	ܡܶܣܒܰܠ	ܣܒܰܠ .	VIII
ܠܡܺܐܬܳܐ	ܡܺܐܬܳܐ	ܐܶܬܳܐ .	IX
ܠܡܶܫܡܰܥ	ܡܶܫܡܰܥ	ܐܶܫܡܰܥ .	X

ഇവയുടെ പ്രയോഗരീതി താഴെ കാണിക്കുന്നു:—

ܐܰܒܳܐ ܐܶܡܰܪ ܠܒܪܶܗ ܠܡܶܩܪܳܐ ܟܬܳܒܶܐ ܘܠܡܶܐܠܰܦ =

പിതാവ് തന്റെ പുത്രനോട് പുസ്തകങ്ങൾ വായിച്ചു പഠിക്കുവാൻ പറഞ്ഞു.

ܐܰܒܳܗ̈ܳܬܳܐ ܐܶܡܰܪܘ ܠܒܢܰܝ̈ܗܘܢ ܠܡܶܩܪܳܐ ܟܬܳܒܶܐ ܘܠܡܶܐܠܰܦ .

ܐܶܡܳܐ ܐܶܡܪܰܬ ܠܒܪܰܬܳܗ ܠܡܶܩܪܳܐ ܟܬܳܒܶܐ ܘܠܡܶܐܠܰܦ .

ഇങ്ങനെ ലിംഗ, വചന, പുരുഷഭേദം കൂടാതെ ഇതുപയോഗിക്കാം.

ക്രിയകളുടെ ഭാവികാലത്തോട് ܘ എന്ന അക്ഷരം ചേർത്ത് ഇതേഅർത്ഥത്തിൽ തന്നെ ഉപയോഗിക്കാവുന്നതാണ്. ഉദാ:—

= ܐܒܐ ܐܡܪ ܠܒܪܗ ܕܢܩܪܐ ܟܬܒܐ ܘܢܐܠܦ

പിതാവ് തൻെറ പുത്രനോട് പുസ്തകം വായിച്ച് പഠിക്കുവാൻ (പഠിക്കണമെന്ന്) പറഞ്ഞു.

രണ്ടും തമ്മിലുള്ള അൽപ്പമായ അർത്ഥവ്യത്യാസം പ്രത്യേകം ശ്രദ്ധിക്കുക. ഈ വിധത്തിലുപയോഗിക്കുമ്പോൾ വചനം, ലിംഗം, പുരുഷൻ, ഇവയിൽ ആഖ്യയോട് യോജിച്ചിരിക്കേണ്ടതാണ്.

നിയോജകത്തെക്കുറിച്ച് മുൻ പാഠത്തിൽ വിവരിച്ചിരിക്കുന്നതുപോലെ, ഈ അപൂർണ്ണക്രിയയോടും നിഷേധാർത്ഥത്തിന് വേണ്ടി ܠܐ ചേർക്കുകയില്ല. അതിനുപകരം നിയോജക രൂപത്തിൽ എന്നപോലെ തന്നെ, ഭാവികാലം ഉപയോഗിക്കേണ്ടതാണ്. ഉദാ:—

ܐܒܐ ܐܡܪ ܠܒܪܗ ܕܠܐ ܠܡܩܪܐ ܟܬܒܐ.

ഇങ്ങനെ പറയുവാൻ പാടില്ല. അതിന് പകരം

ܐܒܐ ܐܡܪ ܠܒܪܗ ܕܠܐ ܢܩܪܐ ܟܬܒܐ

എന്നു വേണം പറയുവാൻ.

അപൂർണ്ണ ക്രിയാരൂപം കർമ്മണിക്രിയകൾക്കുമുണ്ട്. വർത്തമാനകാലത്തിൽ ആരംഭത്തിൽ ܡ വരുന്ന കർതൃക്രിയകളുടെ അപൂർണ്ണ രൂപത്തിൻെറ അന്ത്യം ܘ എന്നായിരിക്കുമെന്നു [illegible]. [illegible]. [illegible]. എന്ന ക്രിയകളിൽനിന്നു കാണാമല്ലൊ. കർമ്മണിക്രിയകളെല്ലാം ഈ വിധത്തിലുള്ളവയാകയാൽ, എല്ലാം ܘ എന്നു തന്നെ അവസാനിക്കുന്നു.

പത്ത് മാതൃകാക്രിയകളുടെ കർമ്മണിയുടെ അപൂർണ്ണക്രിയാരൂപം താഴെ ചേർക്കുന്നു.

[illegible]	[illegible]	. [illegible]	I
[illegible]	[illegible]	. [illegible]	II
[illegible]	[illegible]	. [illegible]	III
[illegible]	[illegible]	. [illegible]	IV
[illegible]	[illegible]	. [illegible]	V
[illegible]	[illegible]	. [illegible]	VI
[illegible]	[illegible]	. [illegible]	VII
[illegible]	[illegible]	. [illegible]	VIII
[illegible]	[illegible]	. [illegible]	IX
[illegible]	[illegible]	. [illegible]	X

ഇതോടുകൂടി ക്രിയകളുടെ [illegible] അവസാനിക്കുന്നു. ഓരോ ക്രിയയുടെയും സിദ്ധരൂപത്തിൽ, ഓരോ കാലത്തിലെയും ധാതു അതിന്റെ പുല്ലിംഗം ഏകവചനം, തൃതീയ പുരുഷനാണല്ലൊ. എല്ലാ ക്രിയകളുടെയും ഓരോ കാലത്തിലുള്ള ഈ ധാതുക്കൾ ഓർത്തിരുന്നാൽ, മററുള്ളവ എളുപ്പമാണ്. പത്ത് മാതൃകാക്രിയകളുടെ സിദ്ധരൂപം ഇതിന് ഉപരി നൽകിയിട്ടുണ്ടെങ്കിലും, അവയുമായി വ്യത്യാസമുള്ള ക്രിയകൾ ധാരാളമുള്ളതിനാൽ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആകയാൽ ഓരോ

പുതിയ ക്രിയയും പഠിക്കുമ്പോൾ. അവയുടെ ഭൂതം, വർത്തമാനം, ഭാവി, നിയോജകം, അപൂർണ്ണം, എന്നീ അഞ്ചുകാലങ്ങളിലെ ധാതുക്കൾ പ്രത്യേകം പഠിച്ചുകൊണ്ടിരിക്കണം. ഉദാ:—

ܐܣܝ . ܐܣܝ . ܢܐܣܘ . ܐܣܘ . ܠܡܐܣܝ .

ܐܡܪ . ܐܡܪ . ܢܐܡܪ . ܐܡܪ . ܠܡܐܡܪ .

ܐܬܐ . ܐܬܐ . ܢܐܬܐ . ܬܐ . ܠܡܐܬܐ .

ܡܠܟ . ܡܠܟ . ܢܡܠܟ . ܡܠܟ . ܠܡܡܠܟ .

ഇങ്ങനെ എല്ലാ ക്രിയകളും പഠിക്കുക. പത്ത് മാതൃകാക്രിയകളുടെ ഗണത്തിലുൾപ്പെട്ടുവരുന്ന. സാധാരണ ഉപയോഗത്തിൽ വരാവുന്ന ഏതാനും ക്രിയകൾ, അവസാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നതും പ്രത്യേകം ശ്രദ്ധിക്കണം.

Vocabulary

സമ്മാനം ദാനം = ܡܘܗܒܬܐ .F ഓക്കെദ് നോസർപ്പം = ܐܪܒܐ .F

മുഖപക്ഷക്കാരൻ = ܡܣܒ ܒܐܦܐ നിർബന്ധിച്ചു. ഞെരുക്കി = ܐܠܨ

ചെറിയകപ്പൽ പടക് = ܐܠܦܬܐ F ഉയർത്തി = ܐܪܝܡ

യുവാവ് = ܥܠܝܡܐ m സുഖം പ്രാപിച്ചു = ܐܢܝܚ

കോപം = ܪܘܓܙܐ .m ആകയാൽ = ܡܛܠ

യോഗ്യനായി = ܫܘܐ കോണ്. മൂല = ܙܘܝܬܐ .F

തെരുവ് = ܫܘܩܐ m അവകാശിച്ചു = ܝܪܬ

അഴിച്ചു = ܫܪܐ ഉപേക്ഷിച്ചു = ܫܒܩ

Exercise ഭാഷാന്തരം ചെയ്യുക:—

ܟܕ ܚܙܐ ܠܟܪ̈ܝܗܐ ܘܠܡܚ̈ܝܠܐ ܕܐܬܘ ܠܡܕܝܢܬܗ
ܐܡܪ ܠܗܘܢ : ܚܠܝ̈ܡܐ ܘܐܚ̈ܝܕܐ ܠܐ ܣܢܝܩܝܢ ܠܐܣܝܐ
ܠܡܕܝܢܬܐ ܡܢ ܕܘܟܬܐ ܘܐܬܐ . ܠܐ ܐܢܫ ܡܫܟܚ
ܠܡܥܠ ܬܡܢ ܡܛܠ ܣܘܓܐܐ ܠܡܥܒܪ . ܠܐ ܬܕܚܠܘܢ ܡܢ ܐܝܠܝܢ
ܕܩܛܠܝܢ ܦܓܪܐ : ܢܦܫܐ ܕܝܢ ܠܐ ܡܫܟܚܝܢ
ܠܡܩܛܠ . ܟܕ ܫܡܥ ܝܫܘܥ ܕܡܬܩܪܒ ܠܥܘܕܪܢ
ܠܡܫܬܪܝܗܘܢ : ܫܠܚ ܡܢ ܠܘܬ ܡܠܟܐ ܘ
ܘܠܡܥܒܪܘ ܒܩܪ̈ܝܢܬܗ . ܐܡܪܝܢ ܠܗ : ܡܠܦܢܐ :
ܝܗܒ ܕܝܢܐ ܡܠܝ ܐܬܐ . ܟܕ ܗܘܐ ܕܝܢ ܩܪܒܘ
ܠܘܬܗ ܬܠܡܝܕܘܗܝ ܘܐܡܪܘ ܠܗ : ܐܝܢܐ ܗܘ ܪܒܐ
ܗܘ : ܡܢܘ ܠܟܬܒ̈ܐ ܘܢܒ̈ܝܐ ܘܢܡܘܣܐ ܡܠܟܘܬܐ .
ܗܘ ܕܝܢ ܐܡܪ ܠܗܘܢ : ܗܒܘ ܠܗܘܢ ܐܢܬܘܢ
ܠܡܐܟܠ . ܡܚܝܐ ܕܝܢ ܠܡܫܬܪܝܗܘܢ ܘܢܫܬܒܩܘܢ
ܠܡܫܒܩܘ ܕܢܒܠܥܘܢ ܡܛܠܬܗܘܢ ܠܓܒܪܐ . ܗܘ ܕܝܢ

ܦܳܠܶܣ ܠܗܽܘܢ ܒܠܶܫܳܢܗܽܘܢ ܠܡܶܬܦܰܢܝܽܘ . ܢܫܰܠ
ܬܰܐܪܳܐ ܡܶܢ ܟܠܳܐ ܘܗܽܘܠܶܡ ܟܽܠ ܩܢܳܐ ܘܢܶܦܠܰܬ ܒܟܽܘܟ
ܢܩܽܘܫ . ܚܙܰܘ ܐܢܽܘܢ ܠܡܰܒܪ̈ܢܐ ܡܰܠܝܳܐܬܳܐ ܘܠܶܒܰܬܳܐ
ܘܠܡܰܐܦܫܽܘ ܒܫܽܘܪܳܐ . ܟܰܕ ܢܗܰܪ ܘܨܰܒܳܐ ܘܢܳܐܬܳܐ ܒܫܡܽܘܢ
ܢܒܰܩܽܘܪ ܠܒܰܩܳܐ ܘܢܶܩܰܘ ܐܦܰܩܘܗ ܒܳܐܬܳܐ ܒܫܡܽܘܢ.
ܠܐ ܬܶܕܚܠܽܘܢ ܡܶܢ ܐܰܝܠܶܝܢ ܕܩܳܛܠܺܝܢ ܦܰܓ̈ܪܳܐ: ܒܫܡܽܘܢ
ܘܡܶܢ ܒܬܰܪ ܟܶܢ ܠܰܝܬ ܠܗܽܘܢ ܡܶܕܶܡ ܝܰܬܺܝܪ ܠܡܶܥܒܰܕ . ܡܰܚܘܶܐ
ܐܢܐ ܕܶܝܢ ܠܟܽܘܢ ܡܶܢ ܕܬܶܕܚܠܽܘܢ . ܡܶܢ ܗܰܘ ܐܝܢ ܕܡܳܫܚܶܠ
ܒܓܶܗܰܢܳܐ ܘܡܫܰܟܰܚ ܠܡܰܘܒܳܕܽܘ ܒܓܶܗܰܢܳܐ ܒܢܰܦܫܳܐ
ܘܚܰܡܫܳܐ ܠܡܰܘܒܕܽܘ ܘܠܡܶܫܬܰܠܛܽܘ ܠܓܶܗܰܢܳܐ . ܟܪ ܘܡܢ
ܐܠܽܘ ܡܶܢ ܢܡܰܘܣܶܐ ܠܡܶܫܬܰܠܛܽܘ ܠܓܶܗܰܢܳܐ ܟܽܠ ܢܡܰܘܣܺܝܢ .
ܐܶܡܪܳܐ ܘܐܰܦܢ ܚܰܡܫܳܐ ܨܶܦܪ̈ܶܐ ܡܶܙܕܰܒܢܺܝܢ ܗܘܰܝ ܒܐܶܣܪ̈ܶܝܢ
ܒܪܺܝܟ ܘܐܰܢܬ ܠܡܶܫܬܰܐܠܽܘ . ܘܐܡܰܪ ܠܗ ܢܫܽܘܥ :
ܩܰܕܺܝܫ ܐܶܠܳܗܳܐ ܘܡܰܠܰܐܟܽܘܗܝ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:–

നിങ്ങളാരെങ്കിലും അപ്പം ചോദിക്കുന്ന സ്വപുത്രന് അപ്പത്തിനുപകരം കല്ലുകൊടുക്കുമോ. ദുഷ്ടൻമാരായ നിങ്ങൾക്ക് സ്വന്തമക്കൾക്ക് നല്ല സമ്മാനങ്ങൾ നൽകുവാൻ അറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ

നിങ്ങളുടെ പിതാവ് തന്നോടുചോദിക്കുന്നവർക്ക് എത്രഅധികമായി പരിശുദ്ധാത്മാവിനെ നൽകും. അപ്പോൾ ശിഷ്യൻമാർ, കർത്താവേ! യോഹന്നാൻ അവൻെറ ശിഷ്യൻമാരെ പഠിപ്പിച്ചതുപോലെ പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമേ എന്നു പറഞ്ഞു. ഇത് ആരും അറിയരുത് എന്ന് പറഞ്ഞിട്ട് അവൾക്ക് ഭക്ഷണം നൽകുവാൻ കൽപ്പിച്ചു. ഞാൻ കുടിക്കുന്ന കാസായിൽനിന്ന് കുടിക്കുവാനും ഞാൻ മുങ്ങുന്ന മാമോദീസാ മുങ്ങുവാനും നിങ്ങൾക്ക് കഴിയുമോ? പ്രധാനാചാര്യൻമാരും പ്രീശൻമാരും യേശുവിനെ വധിക്കുവാൻ സാക്ഷികളെ അന്വേഷിച്ചുകൊണ്ടിരുന്നു. വളരെജനം തൻെറ വചനം കേൾക്കുവാനും രോഗശാന്തിലഭിക്കുവാനുമായി അവിടെ വന്നുകൂടി അദ്ദേഹം ആ യുവാവിനോട് എഴുന്നേൽക്കുക എന്നുപറഞ്ഞു. അപ്പോൾ ആ മൃതൻ എഴുന്നേററ് സംസാരിക്കുവാൻതുടങ്ങി. ആ പെൺകുട്ടി എഴുന്നേററഉടൻ അവൾക്ക് ഭക്ഷണം നൽകുവാൻ അദ്ദേഹം അവരോടുപറഞ്ഞു.

പാഠം 19

ചില പ്രത്യേക ക്രിയകൾ.

മുൻപാഠങ്ങളിൽ വിവരിച്ചിരിക്കുന്ന പത്ത്മാതൃകാക്രിയകളിൽനിന്ന് വ്യത്യാസമുള്ള ധാരാളം ക്രിയകളുള്ളതായി മുൻപുപറഞ്ഞിട്ടുണ്ടല്ലൊ. തൽസംബന്ധമായ കൂടുതൽ വിശദീകരണങ്ങൾ അവസാനം ചേർത്തിരിക്കുന്ന അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ നിയമങ്ങളിൽ നിന്നെല്ലാം വളരെ വ്യത്യസ്ഥമായ ചില പ്രത്യേകക്രിയകളുണ്ട്. അങ്ങനെയുള്ള ക്രിയകളിൽ സാധാരണ ഉപയോഗത്തിൽ വരാവുന്ന ചില ക്രിയകളുടെ വിവരണങ്ങൾ ഈ പാഠത്തിൽ നൽകുന്നു.

1 മടികാണിച്ചു = ܡܐܢ   ദുഃഖിച്ചു = ܟܪܐ

ഈ ക്രിയകളുടെ ധാതു രൂപമാണ് മേൽ കാണിച്ചിരിക്കുന്നത്. എന്നാൽ ആ രൂപത്തിൽ അവ ഒരിക്കലും ഉപയോഗിക്കുകയില്ല. ഭൂതം, ഭാവി, വർത്തമാനം എന്ന മൂന്നു കാലങ്ങളിൽ അതാതു കാലത്തിലെ സ്ത്രീലിംഗം ഏകവചനം തൃതീയ പുരുഷരൂപമായ ഒരുപദം മാത്രമേ ഉപയോഗിക്കയുള്ളു. നിയോജകം, അപൂർണ്ണം എന്ന രണ്ടു രൂപഭേദങ്ങൾ തീർത്തും ഉപയോഗിക്കയുമില്ല. രണ്ടു ക്രിയകളുടെയും പ്രയോഗത്തിലുള്ള രൂപങ്ങൾ ഇവയാണ്

ܬܟܪܐ	ܟܪܝܐ	ܟܪܝܬ·
ܬܡܐܢ	ܡܐܢܐ	ܡܐܢܬ·

ഇവയ്ക്ക് ലിംഗ, വചന, പുരുഷഭേദങ്ങൾ വരുത്തുന്നതിന് ܠܝ ܠܟ ആദിയായ സാർവ്വനാമിക പ്രത്യയങ്ങൾചേർക്കുന്നു. ഉദാ:-

നീ ദുഃഖിച്ചു = ܟܪܝܬ ܠܟ

ഞാൻ ദുഃഖിക്കുന്നു = ܟܪܝܐ ܠܝ

അവർ ദുഃഖിക്കുന്നു = ܟܪܝܐ ܠܗܘܢ

നിങ്ങൾ ദുഃഖിക്കും = ܢܟܪܐ ܠܟܘܢ

എനിക്ക് മടിതോന്നി = ܡܐܢܬ ܠܝ

നിനക്കു മടിതോന്നി = ܡܐܢܬ ܠܟ

എനിക്കു മടിതോന്നുന്നു = ܡܐܢܐ ܠܝ

അവർക്കു മടിതോന്നുന്നു = ܡܐܢܐ ܠܗܘܢ

നിങ്ങൾക്കു മടിതോന്നും = ܢܡܐܢ ܠܟܘܢ

ഇങ്ങനെ എല്ലാ പുരുഷ, ലിംഗ, വചനങ്ങളും ഉപയോഗിക്കാം.

2. യോഗ്യമായി = ܘܠܐ   ന്യായമായി = ܙܕܩ

യോഗ്യമായി = ܦܐܐ   യുക്തമായി = ܝܐܐ

ഈ നാലുക്രിയകളും മേൽകാണിച്ചിരിക്കുന്ന അവയുടെ ധാതുരൂപത്തിൽ ഉപയോഗിക്കുകയില്ല. അവയുടെ വർത്തമാനകാലത്തിലെ നാലുരൂപഭേദങ്ങൾ മാത്രമേ ഉപയോഗിക്കുകയുള്ളു.

ܐܙܠ	ܐܙܠܐ	ܐܙܠܝܢ	ܐܙܠ̈ܢ
ܐܬܐ	ܐܬܝܐ	ܐܬܝܢ	ܐܬܝ̈ܢ
ܗܠܟ	ܗܠܟܐ	ܗܠܟܝܢ	ܗܠܟ̈ܢ
ܡܛܐ	ܡܛܝܐ	ܡܛܝܢ	ܡܛܝ̈ܢ

വർത്തമാനകാലത്തിലെ മേൽ കാണിച്ചിരിക്കുന്ന നാലു പദങ്ങളോട്, മററ് ക്രിയകളിലെപ്പോലെ ܐܢܐ. ܐܢܬ മുതലായ സർവ്വനാമങ്ങൾ ചേർക്കുന്നതിന് പകരം. ܢܐ. ܬ. മുതലായവ ചേർക്കുന്നു.

ഇവയിൽ ܐܙܠ എന്ന ക്രിയയുടെ പ്രയോജക രൂപമായ ܐܘܒܠ അതിൻെറ കർമ്മണിരൂപമായ ܐܬܘܒܠ എന്നിവ, എല്ലാകാലങ്ങളിലും, ലിംഗ, വചന പുരുഷഭേദങ്ങളിലും, മററ് ക്രിയകൾ പോലെ തന്നെ ഉപയോഗിക്കുന്നു.

ܠܡܘܒܠܘ	ܐܘܒܠ	ܢܘܒܠ	ܡܘܒܠ	ܐܘܒܠ
ܠܡܬܘܒܠܘ	ܐܬܘܒܠ	ܢܬܘܒܠ	ܡܬܘܒܠ	ܐܬܘܒܠ

3. പ്രാപ്തിയുണ്ടായി = ܡܨܐ

ഈ ക്രിയയും മേൽ പറഞ്ഞിരിക്കുന്ന പ്രകാരം വർത്തമാനകാലത്തിലെ നാലു പദങ്ങൾ മാത്രം ഉപയോഗിക്കുന്നു. എന്നാൽ അതിനോട് സാധാരണ ക്രിയകളെപ്പോലെ ܐܢܐ. ܐܢܬ മുതലായവ തന്നെ ചേർത്തുപയോഗിക്കുന്നു.

ܝܗܝܒ ܝܗܝܒܐ ܝܗܝܒܝܢ ܝܗ̈ܝܒܢ

ഇതിന്റെയും കർമ്മണി രൂപമായ ܐܬܝܗܒ എല്ലാ രൂപഭേദങ്ങളിലും ഉപയോഗിക്കാം.

ܐܬܝܗܒ . ܐܬܝܗܒܬ ܐܬܝܗܒ ܬܬܝܗܒܘܢ

4. തന്നു. കൊടുത്തു = ܢܬܠ തന്നു. കൊടുത്തു = ܝܗܒ

ഇവ രണ്ടും ഒരേ അർത്ഥത്തിലുള്ള രണ്ടു ക്രിയകളാണ്. എന്നാൽ ഇവയുടെ സിദ്ധരൂപം വ്യത്യസ്ഥമാണ്. ܝܗܒ എന്ന ക്രിയയുടെ ഭാവികാലരൂപവും അപൂർണ്ണക്രിയാരൂപവും ഉപയോഗിക്കുകയില്ല. ܢܬܠ എന്ന ക്രിയയുടെ ഭാവികാലം, അപൂർണ്ണക്രിയ, എന്ന രണ്ടുരൂപങ്ങൾ മാത്രമേ ഉപയോഗിക്കുകയുള്ളു. ആകയാൽ ഈ രണ്ടുക്രിയകളും കൂടി ചേരുമ്പോഴാണ് അവയുടെ സിദ്ധരൂപം പൂർത്തിയാകുന്നത്.

ܝܗܒ ܝܗܒܬ ܢܬܠ ܝܗܒܬ ܢܬܠܘܢ

ഈ നിലയിൽ ഈ ക്രിയയുടെ എല്ലാ കാലങ്ങളിലും, എല്ലാ ലിംഗ, വചന, പുരുഷ വ്യത്യാസങ്ങളും ഉപയോഗിക്കാവുന്നതാണ്. ഇതിന്റെ ഭാവികാലം പൂർണ്ണമായി താഴെ കാണിക്കുന്നു.

ܢܬܠܘܢ	ܢܬܠ 3	M
ܢܬ̈ܠܢ	ܬܬܠ 3	F
ܬܬܠܘܢ	ܬܬܠ 2	M
ܬܬ̈ܠܢ	ܬܬܠܝܢ 2	F
ܢܬܠ	ܐܬܠ 1	C

ഇതിൽ [illegible] എന്ന ക്രിയയ്ക്ക് അതിന്റെ കർമ്മണി രൂപത്തിൽ പൂർണ്ണമായ സിദ്ധരൂപമുണ്ട്.

[illegible]

5 ചില ക്രിയകളോട് ബന്ധപ്പെട്ടു വരുന്ന കർമ്മങ്ങളുടെ ആരംഭത്തിൽ ܠ നു പകരം മററുചില സംജ്ഞകരം ചേർക്കുന്നു.

തർക്കിച്ചു, അപേക്ഷിച്ചു, അന്വേഷിച്ചു. = ܒܥܐ

ഇങ്ങനെ മൂന്നർത്ഥങ്ങളുള്ള ഈ ക്രിയയുടെ ഓരോ അർത്ഥത്തിനുമുള്ള പ്രയോഗം വ്യത്യസ്ഥ രീതികളിലാണ്. അന്വേഷിച്ചു എന്ന അർത്ഥത്തിൽ പ്രയോഗിക്കുമ്പോരം ܠ, അപേക്ഷിച്ചു എന്ന അർത്ഥത്തിൽ പ്രയോഗിക്കുമ്പോരം ܡܢ, തർക്കിച്ചു എന്ന അർത്ഥത്തിൽ ܥܡ എന്നിങ്ങനെഉപയോഗിക്കുന്നു.

ഉദാ:—

കുട്ടി തന്റെ പിതാവിനെ അന്വേഷിച്ചു = ܛܠܝܐ ܒܥܐ ܠܐܒܘܗܝ

കുട്ടി തന്റെ പിതാവിനോട് അപേക്ഷിച്ചു = ܛܠܝܐ ܒܥܐ ܡܢ ܐܒܘܗܝ

കുട്ടി തന്റെ പിതാവുമായി തർക്കിച്ചു = ܛܠܝܐ ܒܥܐ ܥܡ ܐܒܘܗܝ

6. ഭയപ്പെട്ടു = ܕܚܠ ചോദിച്ചു = ܫܐܠ

ഈ ക്രിയകളുടെ പിന്നാലെ സാധാരണയായി ܡܢ എന്ന പദം ഉപയോഗിക്കുന്നു. ഉദാ:-

കുട്ടി തന്റെ പിതാവിനോടു ചോദിച്ചു = ܛܠܝܐ ܫܐܠ ܡܢ ܐܒܘܗܝ

കുട്ടി തന്റെ പിതാവിനെ ഭയപ്പെട്ടു = ܛܠܝܐ ܕܚܠ ܡܢ ܐܒܘܗܝ

7. സംസാരിച്ചു = ܡܠܠ പോരാടി = ܐܬܟܬܫ

ഈ ക്രിയകളുടെ പിന്നാലെ ܥܡ എന്ന പദം പ്രയോഗിക്കുന്നു. ഉദാ:-

കുട്ടി തന്റെ പിതാവുമായി സംസാരിച്ചു = ܛܠܝܐ ܡܠܠ ܥܡ ܐܒܘܗܝ

കുട്ടി തന്റെ പിതാവുമായി പോരാടി = ܛܠܝܐ ܐܬܟܬܫ ܥܡ ܐܒܘܗܝ

8. പരിഹസിച്ചു = ܓܚܟ സൂക്ഷിച്ചുനോക്കി = ܚܪ

ഈ ക്രിയകളുടെ പിന്നാലെ ܒ ചേർക്കുന്നു. ഉദാ:-

കുട്ടി ആകാശത്തിലേക്കു സൂക്ഷിച്ചു നോക്കി = ܛܠܝܐ ܚܪ ܒܫܡܝܐ

കുട്ടി തന്റെ സഹോദരനെ പരിഹസിച്ചു = ܛܠܝܐ ܓܚܟ ܒܐܚܘܗܝ

9. ലംഘിച്ചു. കടന്നു = ܥܒܰܪ

ഈ ക്രിയയുടെ പിന്നാലെ, പ്രത്യേകിച്ച് ലംഘിച്ചു എന്ന അർത്ഥത്തിലുപയോഗിക്കുമ്പോൾ ܥܠ എന്ന പദം പ്രയോഗിക്കുന്നു. ഉദാ:–

കുട്ടി കൽപ്പന ലംഘിച്ചു = ܛܠܝܳܐ ܥܒܰܪ ܥܰܠ ܦܘܩܕܳܢܳܐ

10. കുടിച്ചു = ܐܶܫܬܺܝ

ഈ ക്രിയയുടെ ധാതുരൂപമാണ് മേൽ കാണിച്ചിരിക്കുന്നത്. പ്രഥമ ദൃഷ്ടിയിൽ ഇതൊരു കർമ്മണി ക്രിയയാണെന്ന് തോന്നാമെങ്കിലും ഇത് കർതൃക്രിയതന്നെയാണ്. സാധാരണ രീതിയിൽ ഇതിൻെറ വർത്തമാനകാലം ܡܶܫܬܶܐ എന്നാണെന്നു തോന്നാമെങ്കിലും അങ്ങനെയല്ല.

ܐܶܫܬܺܝ ܫܳܬܶܐ ܢܶܫܬܶܐ ܐܶܫܬܺܝ ܡܶܫܬܝܳܢ

11. ദരിദ്രനായി = ܐܶܬܡܰܣܟܰܢ ആനന്ദിച്ചു = ܐܶܬܒܰܣܰܡ

തിരിച്ചറിഞ്ഞു = ܐܶܫܬܰܘܕܰܥ ഗ്രഹിച്ചു = ܐܶܣܬܰܟܰܠ

ഓർമ്മിച്ചു = ܐܶܬܕܟܰܪ

ഈ ക്രിയകൾ കർമ്മണി ക്രിയകളാണെന്നു തോന്നാമെങ്കിലും, ഇവസാക്ഷാൽ കർതൃക്രിയകൾ തന്നെയാണ്. ഇങ്ങനെയുള്ള ക്രിയകൾക്ക് ܒܩܳܠ ܡܫܰܡܥܬܳܐ ശബ്ദത്തിൽ മാത്രം കർമ്മണി എന്നുപറയുന്നു.

12. മുൻപ് പ്രയോജകക്രിയകളെക്കുറിച്ച് വിവരിക്കുന്ന പാഠത്തിൽ, സാധാരണ ക്രിയകളെ പ്രായോജകാർത്ഥത്തിലുപയോഗിക്കാവുന്ന വിധത്തെക്കുറിച്ച് പിന്നാലെ വിവരിക്കുന്നതാണെന്ന്

പറഞ്ഞിട്ടുണ്ടല്ലൊ. അതിനു സ്വീകരിക്കുന്നമാർഗ്ഗം താഴെ ചേർക്കുന്നു.

അവനെ എഴുന്നേൽപ്പിച്ചു = ܐܩܝܡܗ̇

അവനെ എഴുന്നേൽപ്പിച്ചു = ܥܒܕܗ̇ ܕܢܩܘܡ

മേൽ കാണിച്ചിരിക്കുന്ന രണ്ടു പ്രയോഗങ്ങളും തമ്മിൽ അൽപ്പമായ അർത്ഥവ്യത്യാസമുണ്ട്. രണ്ടാമത്തെ വാചകത്തിന്റെ കൃത്യമായ അർത്ഥം 'അവനെ എഴുന്നേൽക്കാറാക്കി' എന്നാണ്.

ഇങ്ങനെയുള്ള പ്രത്യേക പദങ്ങളിൽ, സാധാരണ ഉപയോഗത്തിൽ വരാവുന്ന ചുരുക്കം ചിലത് മാത്രമാണ് മേൽ കാണിച്ചിരിക്കുന്നത്. മററുള്ളവ അതാതു പാഠങ്ങളിൽ ഇത്തരം പദങ്ങൾ വരുമ്പോൾ ശ്രദ്ധിച്ചു പഠിച്ചുകൊള്ളേണ്ടതാണ്.

Vocabulary

സ്തോത്രം

കൊയ്തു = ܚܨܕ   ചെയ്തു = ܥܒܕ

എപ്പോഴും = ܡܬܘܡ   തെററിച്ചു = ܐܛܥܝ

സഹദാ

സാക്ഷി = ܣܗܕܐ .m   പ്രധാനി = ܪܝܫܢܐ .m

സഹായി = ܡܥܕܪܢܐ .m   നിറവേറി = ܐܫܬܠܡ

False

താലം = ܦܝܢܟܐ .m   വ്യാജമായ = ܕܓܠܐ .m

പുകഴ്ച = ܬܫܒܘܚܬܐ .m   വിതച്ചു = ܙܪܥ

ഉയിർപ്പ് = ܩܝܡܬܐ .F   പാല് = ܚܠܒܐ

വീഞ്ഞ് = ܚܡܪܐ .m

Exercise ഭാഷാന്തരം ചെയ്യുക:—

ܐܡܪ ܠܗܘܢ ܐܦ ܡܠܬܐ ܕܒܥܒܕܝܗܘܢ ܢܓܠܘܢ
ܘܠܐ ܐܬܡܠܟܘ ܠܗܘܢ . ܬܗܪܬ ܠܒܪܢܫܐ ܘܐܡܪ ܠܗ
ܬܠܬ ܐܢܫܝܢ . ܘܡܢܐ ܥܒܕ ܫܡܥܐ ܠܗ ܘܢܡܠܐ ܟܠܗ
ܬܪܥܬܐ . ܟܠ ܡܠܝܢ ܥܒܕ ܬܘܒ ܘܡܠܝ ܥܠܝܢܝ
ܬܬܒܥܘ . ܗܘ ܕܝܢ ܟܕ ܫܡܥ ܗܠܝܢ ܬܗܪܬ
ܠܗ . ܐܝܟ ܗܘܐ ܕܢܬܡܠܐ ܡܬܠܐ . ܘܟܠܢܐ ܗܘ
ܗܟܢܐ ܠܟܘ ܡܢ ܥܒܕܐ ܗܠܝܢ ܕܗܘܒ ܢܫܡܥܘܢ
ܒܪܒܐ ܗܢܐ ܟܠܗ : ܕܗܘܐ ܢܫܡܥܘܢ ܥܠ ܗܘܐ
ܘܡܫܠܡܬܗ . ܘܫܪܘ ܗܘܘ ܠܬܪܥܗ ܥܒܕܐ ܬܘܒܢ
ܕܒܗܘܢ ܡܢܗ ܘܠܐ ܬܬܡܠܟ ܘܬܬܐ ܢܦܫܗܘܢ .
ܗܘ ܕܝܢ ܟܕ ܫܡܥ ܗܠܝܢ ܬܗܪܬ ܠܗ . ܟܕ ܗܠܝܢ
ܡܠܟܐ ܗܘܐ ܢܦܩܗܘܢ ܐܬܐ ܐܘܪܚܐ ܚܕ . ܚܙܘ
ܒܦܪܘܫܘܬܐ ܘܒܡܠܬܐ ܘܠܐ ܐܘܠܦ ܗܘܐ ܢܫܡܥ . ܗܘܦܟ
ܚܕ ܡܢ ܬܘܒܫܪ ܘܡܬܠܐ ܕܗܘܢܐ ܒܦܘܪܫܢܐ ܐܝܟ
ܠܡܬ ܘܫܒܩܬܗ ܘܐܡܪ ܠܗܘܢ : ܡܢܐ ܥܒܕܝܢ ܐܢܬܘܢ
ܠܡܠܟ ܠܢ : ܘܐܢܐ ܡܫܠܡ ܐܢܐ ܠܗ ܠܟܠܗܘܢ .

ܠܦܘܩܕܢܗ ܕܝܪ ܡܫܡܫܢܐ ܕܝܠܗ ܘܢܦܠܘܗܝ ܠܐܪܥܐ
ܘܩܘܦܠܐ ܐܝܟ ܕܢܗܘܘܢ ܠܐ ܡܬܝܕܥܐ ܐܦ ܠܒܪܢܫܐ .
ܢܦܘܥ ܕܝܢ ܗܘ ܘܐܡܪ ܠܗ : ܐܘ ܐܚܝ ܒܠܡܬܘܡ
ܘܐܝܟ ܕܝܢ ܗܘܐ ܠܡܫܩܠܘܬܐ . ܒܥܠܬ ܗܠܝܢ ܒܢܝ
ܘܒܗ ܫܥܬܐ ܕܝܢ ܡܬܩܪܒܗ ܘܐܡܪܝܢ ܠܗ . ܘܫܠܡܐ
ܟܠܗ ܘܐܬܘܢ ܐܝܟ ܠܗܘܢ ܘܐܡܪ : ܡܢܐ ܐܚܝ ܘܠܐ
ܫܥܬܐ ܒܠܒܘܢ . ܐܡܪ ܐܢܐ ܠܟܘܢ ܕܠܐ ܐܚܝܬܐ ܫܡ
ܗܘܐ ܫܡ ܗܘܐ ܕܢܦܠ ܠܢܘܡܐ ܕܗܘܐ ܐܚܬܐ ܐܢܐ
ܢܡܟܘܢ ܒܡܠܟܘܬܐ ܘܐܦ . ܟܕ ܫܡܥ ܡܘܟܝܢ :
ܟܕ ܦܪܫ ܠܡܟܘܢܬܐ : ܘܟܕ ܗܘܐ ܡܘܠܟܢܐ . ܕܢܚܬ
ܠܐ ܡܢܝܢ ܘܢܬܠܘܢ ܟܕ . ܕܢܚܬ ܘܡܫܡܫܢܐ ܠܐ
ܐܢܫܐ ܠܟܘܢ . ܐܝܟ ܕܡܠܟܐ ܘܒܢܐ ܘܡܦܪ
ܠܐܝܠܝܢ . ܫܠܘ ܠܡ ܫܐܠܐ ܘܢܗܘܐ ܠܗܘܢ ܐܦܘܣܛܠܐ
ܘܐܬܦܬܐ . ܠܐ ܢܗܘܐ ܠܟܘܢ ܫܐܠܬܐ ܕܫܐܠܬܐ ܗܘ
ܢܦܘܩܘܢ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:-

യൌനാൻ ഇതുകേട്ടപ്പോൾ വളരെ ദുഃഖിച്ചുകൊണ്ട് നിനുവയിൽനിന്നുപുറപ്പെട്ടു. ഇന്ന് നിൻെറ വീട്ടിലേക്കു വരുവാൻ എനിക്കു സാധ്യമല്ല

എൻെറ സഹോദരിയുടെ പുത്രൻ ഇന്നുവരാതിരുന്നതുകൊണ്ട് അവരാക്ക് വളരെ ദുഃഖമുണ്ടായി. തങ്ങളുടെ സഹോദരൻമാരെ സ്നേഹിക്കാത്ത മനുഷ്യർക്ക് ദൈവത്തെ സ്നേഹിപ്പാനും കഴിയുകയില്ല. ഞാൻ കുടിക്കുന്ന കാസയിൽ നിന്ന് കുടിക്കുവാനും ഞാൻ മുങ്ങുന്ന മാമോദീസാ മുങ്ങുവാനും നിങ്ങാക്കു കഴിയുമോ എന്ന് യേശു അവരോടു ചോദിച്ചു. നീ ചോദിക്കുന്നതെല്ലാം ഞാൻ നിനക്കു നൽകാം എന്നു ഹേറോദേസ് അവളോട് പറഞ്ഞു. അപ്പോാം യോഹന്നാൻെറ തല ഒരു താലത്തിൽ എനിക്ക് നൽകണം എന്ന് അവാം പറഞ്ഞു. രജാവിന് അതുകേട്ടപ്പോാം വളരെ ദുഃഖമുണ്ടായി. എങ്കിലും അത് അവാംക്കു നൽകുവാൻ അദ്ദേഹം കൽപ്പിച്ചു. യേശു അപ്പവും വീഞ്ഞും തൻെറ കൈകളിൽ എടുത്തു, സ്വർഗ്ഗത്തിലേക്കു നോക്കി, അവയെ വാഴ്ത്തി ശുദ്ധീകരിച്ച് തൻെറ ശിഷ്യൻമാർക്ക് നൽകി

പാഠം 20

ܡܠܬ ܫܡܐ ❖

ക്രിയാനാമം—VERBAL NOUN

സുറിയാനി ഭാഷയിൽ എല്ലാക്രിയകളിൽ നിന്നും നാമങ്ങാം ഉത്ഭവിക്കുന്നുണ്ട്, മൂന്നുവിധ നാമങ്ങളാണ് ഇങ്ങനെ ഉത്ഭവിക്കുന്നത്. സകർമ്മക ക്രിയകളിൽനിന്നും അകർമ്മകക്രിയകളിൽനിന്നും ഈ മൂന്നുവിധ നാമങ്ങാം ഉത്ഭവിക്കുന്നു.

1. ܫܡܳܐ ܕܥܳܒܽܘܕܳܐ . കർതൃസൂചക ക്രിയാനാമം
Active Noun·

ഇത് വർത്തമാനകാലത്തിൽ പ്രവൃത്തി ചെയ്യുന്ന ആളെ സൂചിപ്പിക്കുന്നു. ഉദാ:–

ܡܰܢ ܕܩܳܛܶܠ	കൊല്ലുന്നവൻ =	ܩܳܛܽܘܠܳܐ
ܡܰܢ ܕܩܳܪܶܐ	വിളിക്കുന്നവൻ =	ܩܳܪܽܘܝܳܐ
ܡܰܢ ܕܒܳܙܶܙ	കവർച്ച ചെയ്യുന്നവൻ =	ܒܳܙܽܘܙܳܐ
ܡܰܢ ܕܪܳܦܶܣ	ചവിട്ടുന്നവൻ =	ܪܳܦܽܘܣܳܐ
ܡܰܢ ܕܪܳܚܶܡ	സ്നേഹിക്കുന്നവൻ =	ܪܳܚܽܘܡܳܐ
ܡܰܢ ܕܝܳܠܶܦ	പഠിക്കുന്നവൻ =	ܝܳܠܽܘܦܳܐ
ܡܰܢ ܕܐܳܟܶܠ	ഭക്ഷിക്കുന്നവൻ =	ܐܳܟܽܘܠܳܐ

1. A. മേൽ കാണിച്ചിരിക്കുന്നവയ്ക്കും പുറമേ ചില ക്രിയകളിൽ നിന്ന്, മററ് വിധത്തിലുള്ള കർതൃസൂചക ക്രിയാനാമങ്ങൾ തന്നെ ഉത്ഭവിക്കുന്നുണ്ട്. ഉദാ:–

ܩܳܛܳܠܳܐ .	ܩܳܛܠܳܐ .	ܡܰܢ ܕܩܳܛܶܠ
ܩܳܪܳܝܳܐ		ܡܰܢ ܕܩܳܪܶܐ
ܒܳܙܳܙܳܐ		ܡܰܢ ܕܒܳܙܶܙ

ܕܰܝܳܢܳܐ . ܕܳܝܽܘܢܳܐ . ܕܰܝܳܢܽܘܬܳܐ . ܡܶܢ ܕܳܢ

ܪܳܚܡܳܐ ܡܶܢ ܪܚܶܡ

ܢܳܛܽܘܪܳܐ ܡܶܢ ܢܛܰܪ

ܐܳܟܠܳܐ ܡܶܢ ܐܶܟܰܠ

മേൽ 1, A, യിൽ കാണിച്ചിരിക്കുന്ന വിധത്തിലുള്ള നാമങ്ങളുടെ ഉപയോഗം വളരെ അപൂർവ്വമായി, പ്രത്യേകിച്ചു കവിതയിൽ, മാത്രമേ കാണുകയുള്ളു. എന്നാൽ ചില ക്രിയകളെ സംബന്ധിച്ചിടത്തോളം, ആദ്യം കാണിച്ചിരിക്കുന്ന രൂപം അപൂർവ്വമായും, മറേറതെങ്കിലുമൊരു രൂപം സാധാരണയായും ഉപയോഗിക്കുന്നുണ്ട്. ഉദാ:-

ܪܳܚܡܳܐ ܡܶܢ ܪܚܶܡ = സ്നേഹിതൻ

ܝܳܪܬܳܐ ܡܶܢ ܝܺܪܶܬ = അവകാശി

ܣܳܗܕܳܐ ܡܶܢ ܣܗܶܕ = സാക്ഷി

ܦܳܠܚܳܐ ܡܶܢ ܦܠܰܚ = വേലചെയ്യുന്നവൻ

ܦܳܪܽܘܩܳܐ ܡܶܢ ܦܪܰܩ = മോഷ്ടാവ്

ܪܳܥܝܳܐ ܡܶܢ ܪܥܳܐ = ഇടയൻ

ܕܰܝܳܢܳܐ ܡܶܢ ܕܳܢ = ന്യായാധിപൻ

ആകയാൽ ഓരോ പുതിയ ക്രിയയും പഠിക്കുമ്പോഴും അവയിൽനിന്നുത്ഭവിക്കുന്ന നാമങ്ങളുംകൂടി പഠിച്ചുകൊണ്ടിരിക്കണം.

1. B. , പുള്ളിയിൽ ആരംഭിക്കയും, മൂന്നോ അതിൽ കൂടുതലൊ അക്ഷരങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന, അതായത് വർത്തമാനകാലത്തിൽ ആരംഭത്തിൽ ܡ എന്ന അക്ഷരം സ്വീകരിക്കുന്ന ക്രിയകളിൽ നിന്നുത്ഭവിക്കുന്ന ഇത്തരം നാമങ്ങൾ ܡ എന്ന അക്ഷരത്തിലാരംഭിച്ച് ܢܐ എന്നവസാനിക്കുന്നു. ഉദാ:-

ജീവിപ്പിക്കുന്നവൻ = ܡܰܚܝܳܢܳܐ ܡܶܢ ܐܰܚܺܝ

സ്വീകരിക്കുന്നവൻ = ܡܩܰܒܠܳܢܳܐ ܡܶܢ ܩܰܒܶܠ

എഴുന്നേൽപ്പിക്കുന്നവൻ = ܡܩܺܝܡܳܢܳܐ ܡܶܢ ܐܩܺܝܡ

ഇത്തരം ക്രിയകളിൽ നിന്ന് ഈ ഒരു വിധത്തിലുള്ള കർതൃസൂചകക്രിയാനാമങ്ങൾ മാത്രം ഉത്ഭവിക്കുന്നു.

2. ܫܡܳܐ ܡܶܬܥܰܒܕܳܢܳܐ . കർമ്മസൂചകക്രിയാനാമം Passive Noun

ഈ നാമം ഭൂതകാലത്തിൽ പ്രവൃത്തി അനുഭവിച്ച ആളെ സൂചിപ്പിക്കുന്നു. ഉദാ:-

ܡܶܢ ܩܛܰܠ	കൊല്ലപ്പെട്ടവൻ = ܩܛܺܝܠܳܐ
ܡܶܢ ܩܪܳܐ	വിളിക്കപ്പെട്ടവൻ = ܩܪܺܝܳܐ
ܡܶܢ ܐܰܚܺܝ	ജീവിപ്പിക്കപ്പെട്ടവൻ = ܡܰܚܝܳܐ
ܡܶܢ ܒܙܰܙ	കവർച്ചചെയ്യപ്പെട്ടവൻ = ܒܙܺܝܙܳܐ
ܡܶܢ ܕܳܫ	ചവിട്ടപ്പെട്ടവൻ = ܕܝܫܳܐ

ܗܘ ܕܪܚܝܡ സ്നേഹിക്കപ്പെട്ടവൻ = ܪܚܝܡܐ

ܗܘ ܕܝܠܝܦ പഠിക്കപ്പെട്ടവൻ = ܝܠܝܦܐ

ܗܘ ܕܩܒܝܠ സ്വീകരിക്കപ്പെട്ടവൻ = ܩܒܝܠܐ

ܗܘ ܕܐܟܝܠ ഭക്ഷിക്കപ്പെട്ടവൻ = ܐܟܝܠܐ

ܗܘ ܕܐܩܝܡ എഴുന്നേൽപ്പിക്കപ്പെട്ടവൻ = ܡܩܝܡܐ

2. A. കർമ്മണിക്രിയകളുടെ വർത്തമാനകാലത്തിൽ നിന്നുത്ഭവിക്കുന്നതും, വർത്തമാനകാലത്തിൽ പ്രവർത്തി അനുഭവിക്കുന്ന ആളെ സൂചിപ്പിക്കുന്നതുമായ വേറൊരു വിധം കർമ്മസൂചക ക്രിയാനാമം കൂടിയുണ്ട്. ഉദാ:—

ܗܘ ܕܡܬܩܛܠ കൊല്ലപ്പെടുന്നവൻ = ܡܬܩܛܠܢܐ

ܗܘ ܕܡܬܩܪܐ വിളിക്കപ്പെടുന്നവൻ = ܡܬܩܪܝܢܐ

ܗܘ ܕܡܬܚܝܐ ജീവിപ്പിക്കപ്പെടുന്നവൻ = ܡܬܚܝܢܐ

ܗܘ ܕܡܬܒܙܙ കവർച്ചചെയ്യപ്പെടുന്നവൻ = ܡܬܒܙܙܢܐ

ܗܘ ܕܡܬܕܝܫ ചവിട്ടപ്പെടുന്നവൻ = ܡܬܕܝܫܢܐ

ܗܘ ܕܡܬܪܚܡ സ്നേഹിക്കപ്പെടുന്നവൻ = ܡܬܪܚܡܢܐ

ܗܘ ܕܡܬܝܠܦ പഠിപ്പിക്കപ്പെടുന്നവൻ = ܡܬܝܠܦܢܐ

ܗܘ ܕܡܬܩܒܠ സ്വീകരിക്കപ്പെടുന്നവൻ = ܡܬܩܒܠܢܐ

ܗܘ ܕܡܬܐܟܠ ക്ഷേിക്കപ്പെടുന്നവൻ = ܡܬܐܟܠܢܐ

ܗܘ ܕܡܬܬܩܝܡ എഴുന്നേൽപ്പിക്കപ്പെടുന്നവൻ = ܡܬܬܩܝܡܢܐ

3 ܫܡܐ ܕܣܘܥܪܢܐ ക്രിയാനാമം. Noun of Action

ഈ നാമം, ചെയ്യുന്ന പ്രവർത്തിയെ കാലവ്യത്യാസം കൂടാതെ കാണിക്കുന്നു. ഈ വിധ നാമങ്ങൾ വ്യത്യസ്ത രീതികളിൽ ഉത്ഭവിക്കുന്നതിനാൽ, ഇതിന് ക്ലിപ്തമായ ഒരു നിയമം പറയുവാൻ നിവർത്തിയില്ല. പത്തു മാതൃകാ ക്രിയകളിൽ നിന്നുള്ള ഇത്തരം നാമങ്ങളുടെ സാധാരണ ഉപയോഗത്തിലുള്ള മാതൃകകൾ താഴെ ചേർക്കുന്നു.

ܦܥܰܠ ܩܛܰܠ   കൊല = ܩܛܳܠܳܐ

ܦܥܰܠ ܩܪܳܐ   വിളി. വായന = ܩܪܳܝܳܐ . ܩܶܪܝܳܢܳܐ

ܦܥܰܠ ܒܙܰ   കവർച്ച = ܒܶܙܬܳܐ . ܒܙܳܙܳܐ

ܦܥܰܠ ܕܳܫ   ചവിട്ട് = ܕܰܘܫܳܐ . ܕܝܳܫܳܐ

ܦܥܰܠ ܪܚܶܡ   സ്നേഹം = ܪܚܡܬܳܐ

ܦܥܰܠ ܝܼܠܶܦ   പഠിത്തം = ܝܘܼܠܦܳܢܳܐ

ܦܥܰܠ ܩܒܶܠ   സ്വീകരണം = ܩܘܼܒܳܠܳܐ

ܦܥܰܠ ܐܶܟܰܠ ഭക്ഷണം = ܡܶܐܟܘܼܠܬܳܐ . ܐܶܟܳܠܳܐ

ܦܥܰܠ ܩܳܡ നിൽപ്പ് = ܩܝܳܡܳܐ . ܩܝܳܡܬܳܐ

4 മേൽ കാണിച്ചിരിക്കുന്ന മൂന്നു വിധ നാമങ്ങൾക്കും, അവയുടെ ബഹുവചന രൂപങ്ങളും സ്ത്രീലിംഗ രൂപങ്ങളുമുണ്ട്. ഇവയുടെ ലിംഗ, വചന, വ്യത്യാസങ്ങൾ, ഏറെക്കുറെ മുൻ പാഠങ്ങളിൽ നാമങ്ങളുടെ ലിംഗവചന ഭേദങ്ങൾക്കു നൽകിയിരിക്കുന്ന നിയമങ്ങളനുസരിച്ചു തന്നെയാണ്.

എന്നാൽ മൂന്നാമത്തെ ഇനത്തിലുൾപ്പെട്ട ചില നാമങ്ങൾക്ക് ലിംഗഭേദം ഉണ്ടായിരിക്കുകയില്ല. മേൽ കാണിച്ചിരിക്കുന്ന നാമങ്ങളുടെ ലിംഗ, വചന രൂപഭേദങ്ങൾ താഴെ ചേർക്കുന്നു.

ܡܰܠܟܬ݂ܳܐ . ܡܰܠܟ̈ܳܬ݂ܳܐ . ܡܰܠܟܽܘܬ݂ܳܐ . ܡܰܠܟ̈ܘܳܬ݂ܳܐ .

ܥܰܒ݂ܕܬ݂ܳܐ . ܥܰܒ݂ܕ̈ܳܬ݂ܳܐ . ܥܰܒ݂ܕܽܘܬ݂ܳܐ . ܥܰܒ݂ܕ̈ܘܳܬ݂ܳܐ .

ܟܳܪܽܘܙܬ݂ܳܐ . ܟܳܪ̈ܽܘܙܳܬ݂ܳܐ . ܟܳܪܽܘܙܘܬ݂ܳܐ . ܟܳܪ̈ܽܘܙܘܳܬ݂ܳܐ .

ܪܳܚܽܘܡܬ݂ܳܐ . ܪܳܚ̈ܽܘܡܳܬ݂ܳܐ . ܪܳܚܽܘܡܽܘܬ݂ܳܐ . ܪܳܚܽܘ̈ܡܘܳܬ݂ܳܐ .

ܪܳܫܽܘܡܬ݂ܳܐ . ܪܳܫ̈ܽܘܡܳܬ݂ܳܐ . ܪܳܫܽܘܡܽܘܬ݂ܳܐ . ܪܳܫܽܘ̈ܡܘܳܬ݂ܳܐ .

ܢܒ݂ܺܝܬ݂ܳܐ . ܢܒ݂ܺܝ̈ܳܬ݂ܳܐ . ܢܒ݂ܺܝܽܘܬ݂ܳܐ . ܢܒ݂ܺܝ̈ܘܳܬ݂ܳܐ .

ܐܰܚܬ݂ܳܐ . ܐܰܚ̈ܘܳܬ݂ܳܐ . ܐܰܚܽܘܬ݂ܳܐ . ܐܰܚ̈ܘܳܬ݂ܳܐ .

ܡܰܠܟܳܐ . ܡܰܠܟ̈ܶܐ . ܡܰܠܟܽܘܬ݂ܳܐ . ܡܰܠܟ̈ܘܳܬ݂ܳܐ .

ܡܰܠܟܳܐ . ܡܰܠܟ̈ܶܐ . ܡܰܠܟܽܘܬ݂ܳܐ . ܡܰܠܟ̈ܘܳܬ݂ܳܐ .

ܥܰܒ݂ܕܳܐ . ܥܰܒ݂ܕ̈ܶܐ . ܥܰܒ݂ܕܽܘܬ݂ܳܐ . ܥܰܒ݂ܕ̈ܘܳܬ݂ܳܐ .

ܟܳܪܽܘܙܳܐ . ܟܳܪ̈ܽܘܙܶܐ . ܟܳܪܽܘܙܽܘܬ݂ܳܐ . ܟܳܪ̈ܽܘܙܘܳܬ݂ܳܐ .

ܪܳܚܡܳܐ . ܪܳܚ̈ܡܶܐ . ܪܳܚܡܽܘܬ݂ܳܐ . ܪܳܚ̈ܡܘܳܬ݂ܳܐ .

ܪܳܚܡܳܐ . ܪܳܚ̈ܡܶܐ . ܪܳܚܡܽܘܬ݂ܳܐ . ܪܳܚ̈ܡܘܳܬ݂ܳܐ .

ܪܳܫܽܘܡܳܐ . ܪܳܫ̈ܽܘܡܶܐ . ܪܳܫܽܘܡܽܘܬ݂ܳܐ . ܪܳܫܽܘ̈ܡܘܳܬ݂ܳܐ

ܢܠܦܐ . ܢܠ̈ܦܐ . ܢܠܦܬܐ . ܢܠ̈ܦܬܐ .

ܐܟܠܐ . ܐܟ̈ܠܐ . ܐܟܠܬܐ . ܐܟ̈ܠܬܐ .

ܡܬܐܡܪܢܐ . ܡܬܐܡܪ̈ܢܐ . ܡܬܐܡܪܢܝܬܐ . ܡܬܐܡܪ̈ܢܝܬܐ .

ܡܬܩܛܠܢܐ . ܡܬܩܛܠ̈ܢܐ . ܡܬܩܛܠܢܝܬܐ . ܡܬܩܛܠ̈ܢܝܬܐ .

ܡܬܩܛܩܛܢܐ . ܡܬܩܛܩܛ̈ܢܐ . ܡܬܩܛܩܛܢܝܬܐ . ܡܬܩܛܩܛ̈ܢܝܬܐ

ܫܡܐ ܢܫܘܫܐ .

ܦܫܝܛܐ . ܦܫܝ̈ܛܐ . ܦܫܝܛܬܐ . ܦܫܝ̈ܛܬܐ

ܦܪܝܐ . ܦܪ̈ܝܐ ܦܪܝܬܐ . ܦܪ̈ܝܬܐ .

ܡܬܐܡܪܐ . ܡܬܐܡ̈ܪܐ . ܡܬܐܡܪܬܐ . ܡܬܐܡ̈ܪܬܐ .

ܒܪܝܐ . ܒܪ̈ܝܐ . ܒܪܝܬܐ . ܒܪ̈ܝܬܐ .

ܙܕܩܐ . ܙܕ̈ܩܐ . ܙܕܩܬܐ . ܙܕ̈ܩܬܐ .

ܙܕܝܩܐ . ܙܕܝ̈ܩܐ . ܙܕܝܩܬܐ . ܙܕܝ̈ܩܬܐ .

ܢܠܝܦܐ . ܢܠܝ̈ܦܐ . ܢܠܝܦܬܐ . ܢܠܝ̈ܦܬܐ .

ܡܬܟܠܐ . ܡܬܟ̈ܠܐ . ܡܬܟܠܬܐ . ܡܬܟ̈ܠܬܐ .

ܐܟܝܠܐ . ܐܟܝ̈ܠܐ . ܐܟܝܠܬܐ . ܐܟܝ̈ܠܬܐ .

ܡܬܩܛܝܠܐ . ܡܬܩܛܝ̈ܠܐ . ܡܬܩܛܝܠܬܐ . ܡܬܩܛܝ̈ܠܬܐ .

ܡܶܬܩܰܛܠܳܢܳܐ . ܡܶܬܩܰܛܠܳܢ̈ܶܐ . ܡܶܬܩܰܛܠܳܢܺܝܬܳܐ .

ܡܶܬܩܰܛܠܳܢܝ̈ܳܬܳܐ .

ܡܶܬܩܰܕܪܳܢܳܐ . ܡܶܬܩܰܕܪܳܢܶܐ . ܡܶܬܩܰܕܪܳܢܺܝܬܳܐ .

ܡܶܬܩܰܕܪܳܢܝܳܬܳܐ .

ܡܶܬܐܰܢܫܳܢܳܐ . ܡܶܬܐܰܢܫܳܢ̈ܶܐ . ܡܶܬܐܰܢܫܳܢܺܝܬܳܐ .

ܡܶܬܐܰܢܫܳܢܝ̈ܳܬܳܐ .

ܡܶܬܒܰܙܙܳܢܳܐ . ܡܶܬܒܰܙܙܳܢ̈ܶܐ . ܡܶܬܒܰܙܙܳܢܺܝܬܳܐ .

ܡܶܬܒܰܙܙܳܢܝ̈ܳܬܳܐ .

ܡܶܬܪܰܘܚܳܢܳܐ . ܡܶܬܪܰܘܚܳܢ̈ܶܐ . ܡܶܬܪܰܘܚܳܢܺܝܬܳܐ .

ܡܶܬܪܰܘܚܳܢܝ̈ܳܬܳܐ .

ܡܶܬܪܰܘܡܡܳܢܳܐ . ܡܶܬܪܰܘܡܡܳܢܶܐ . ܡܶܬܪܰܘܡܡܳܢܺܝܬܳܐ .

ܡܶܬܪܰܘܡܡܳܢܝ̈ܳܬܳܐ .

ܡܶܬܢܰܣܒܳܢܳܐ . ܡܶܬܢܰܣܒܳܢ̈ܶܐ . ܡܶܬܢܰܣܒܳܢܺܝܬܳܐ .

ܡܶܬܢܰܣܒܳܢܝ̈ܳܬܳܐ .

ܡܶܬܦܰܣܩܳܢܳܐ . ܡܶܬܦܰܣܩܳܢ̈ܶܐ . ܡܶܬܦܰܣܩܳܢܺܝܬܳܐ .

ܡܶܬܦܰܣܩܳܢܝ̈ܳܬܳܐ .

ܡܶܬ݂ܐܰܟ݂ܠܳܢܳܐ . ܡܶܬ݂ܐܰܟ݂ܠܳܢܶܐ . ܡܶܬ݂ܐܰܟ݂ܠܳܢܺܝܬ݂ܳܐ
ܡܶܬ݂ܐܰܟ݂ܠܳܢܝܳܬ݂ܳܐ

ܡܶܬ݂ܟܰܫܦ݂ܳܢܳܐ . ܡܶܬ݂ܟܰܫܦ݂ܳܢܶܐ . ܡܶܬ݂ܟܰܫܦ݂ܳܢܺܝܬ݂ܳܐ
ܡܶܬ݂ܟܰܫܦ݂ܳܢܝܳܬ݂ܳܐ

ܫܡܳܐ ܙܥܽܘܪܳܢܳܝܳܐ .

ܩܰܛܢܳܐ . ܩܰܛܢܶܐ . ܩܰܛܢܬ݂ܳܐ . ܩܰܛܢܳܬ݂ܳܐ .

ܒ݁ܪܽܘܢܳܐ . ܒ݁ܪܽܘܢܶܐ . ܒ݁ܪܽܘܢܬ݂ܳܐ . ܒ݁ܪܽܘܢܝܳܬ݂ܳܐ .

m. ܩܶܪܽܘܢܳܐ . ܥܶܪܽܘܢܶܐ .

ܓܽܘܙܳܐ . ܓܽܘܙܶܐ . ܓܽܘܙܬ݂ܳܐ . ܓܽܘܙܝܳܬ݂ܳܐ .

F. ܓܽܘܙܬ݂ܳܐ . ܓܽܘܙܳܬ݂ܳܐ .

ܕܶܢܚܳܐ . ܕܶܢܚܶܐ . ܕܶܢܚܬ݂ܳܐ . ܕܶܢܚܝܳܬ݂ܳܐ .

ܕܽܘܚܳܐ . ܕܽܘܚܶܐ . ܕܽܘܚܬ݂ܳܐ . ܕܽܘܚܝܳܬ݂ܳܐ .

F. ܕܢܦܠܬ݂ܳܐ . ܕܢܦܠܳܬ݂ܳܐ .

m. ܢܽܘܠܒ݁ܳܢܳܐ . ܢܽܘܠܒ݁ܳܢܶܐ .

m. ܫܽܘܒܠܳܐ . ܫܽܘܒܠܶܐ .

m. ܐܽܘܒܠܳܐ . ܐܽܘܒܠܶܐ .

F. ܡܐܽܘܒܠܬ݂ܳܐ . ܡܐܒ݁ܠܳܬ݂ܳܐ .

F. ܩܳܛܽܘܠܬܳܐ . ܩܳܛܽܘ̈ܠܳܬܳܐ .

m ܩܳܛܽܘܠܳܐ . ܩܳܛܽܘ̈ܠܶܐ .

5. മേൽ വിവരിച്ചിരിക്കുന്ന കർതൃസൂചക ക്രിയാനാമങ്ങളിൽ നിന്നും, കർമ്മസൂചക ക്രിയാനാമങ്ങളിൽ നിന്നും അവയുടെ പുല്ലിംഗം ഏകവചനത്തിൽനിന്ന് ആ നാമം സൂചിപ്പിക്കുന്ന അവസ്ഥയെ കാണിക്കുന്ന ഒരു വിധം നാമങ്ങൾ കൂടി ഉത്ഭവിക്കുന്നുണ്ട്. അതാതു നാമങ്ങളുടെ അന്ത്യത്തിൽ ܘܬܐ എന്നു ചേർത്താണ് ഈ നാമങ്ങൾ രൂപപ്പെടുത്തുന്നത്. ഉദാ:–

ܩܳܛܽܘܠܳܐ ܡܶܢ . കൊലപാതകത്വം = ܩܳܛܽܘܠܽܘܬܳܐ

ܩܳܪܽܘܝܳܐ ܡܶܢ . വായിക്കുന്ന അവസ്ഥ = ܩܳܪܽܘܝܽܘܬܳܐ

ܩܛܺܝܠܳܐ ܡܶܢ . കൊല്ലപ്പെട്ട അവസ്ഥ = ܩܛܺܝܠܽܘܬܳܐ

ܡܶܬܩܰܛܠܳܢܳܐ ܡܶܢ

കൊല്ലപ്പെടുന്ന അവസ്ഥ = ܡܶܬܩܰܛܠܳܢܽܘܬܳܐ

ഇങ്ങനെ എല്ലാനാമങ്ങളോടും ചേർത്തുപയോഗിക്കാം. മേൽ വിവരിച്ചിരിക്കുന്ന രണ്ടുവിധം ക്രിയാനാമങ്ങൾക്കു പുറമെ, മററു മിക്കവാറും സാധാരണ നാമങ്ങളും ഈ നിലയിൽ ഉപയോഗിക്കാറുണ്ട്. ഉദാ:–

ܡܰܠܟܳܐ ܡܶܢ രാജ്യം, രാജത്വം. = ܡܰܠܟܽܘܬܳܐ

ܛܠܳܝܳܐ ܡܶܢ . ബാല്യം = ܛܠܳܝܽܘܬܳܐ

ܐ݈ܢܳܫܳܐ ܡܶܢ . മനുഷ്യത്വം = ܐ݈ܢܳܫܽܘܬܳܐ

ܐܰܠܳܗܳܐ ܡܶܢ ദൈവത്വം = ܐܰܠܳܗܽܘܬܳܐ

ഇവയ്ക്കെല്ലാം ഇവയുടെ ബഹുവചന രൂപങ്ങളുമുണ്ട്. ഉദാ:-

ܡܠܟܘܬܐ ܡܠܟܘ̈ܬܐ . ܩܕܝܫܘܬܐ ܩܕܝܫܘ̈ܬܐ

ܐܢܫܘܬܐ ܐܢܫܘ̈ܬܐ . ܛܝܒܘܬܐ ܛܝܒܘ̈ܬܐ

6. മുൻ എട്ടാം പാഠത്തിൽ നാമങ്ങളുടെ ലോപത്തെക്കുറിച്ച് വിവരിച്ചിട്ടുണ്ടല്ലൊ. അതുപോലെ മേൽകാണിച്ചിരിക്കുന്ന എല്ലാനാമങ്ങളും ലോപിക്കാവുന്നതാണ്. പുല്ലിംഗം ഏകവചനനാമങ്ങൾക്ക്, അവിടെ വിവരിച്ചിരിക്കുന്ന പ്രകാരം ഒരുവിധത്തിലുള്ള ലോപം മാത്രവും അവയുടെ ബഹുവചനം, സ്ത്രീലിംഗം മുതലായ മററു രൂപഭേദങ്ങൾക്ക് രണ്ടു വിധലോപങ്ങളുമാണുള്ളത്.

ഇങ്ങനെ നാമങ്ങൾ ലോപിച്ച് വാചകത്തിൽ ഉപയോഗിക്കുമ്പോൾ, അവയ്ക്ക് ക്രിയാർത്ഥം കൂടി ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ടാണ് ഇവയ്ക്ക് ܡܠܬ ܫܡܐ ക്രിയാനാമം Verbal Noun- എന്ന് പേര് പറയുന്നത് ഉദാ:-

ܦܩܘܕܐ . ܦܩܘܕ

ܦܩܘܕ̈ܐ . ܦܩܘܕ̈ܝܢ ܦܩܘܕ̈ܝ

ܦܩܘܕܬܐ . ܦܩܘܕܐ ܦܩܘܕܬ

ܦܩܘܕ̈ܬܐ . ܦܩܘܕ̈ܢ ܦܩܘܕ̈ܬ

ܦܩܘܕܘܬܐ . ܦܩܘܕܘ ܦܩܘܕܘܬ

ܦܩܘܕܘ̈ܬܐ . ܦܩܘܕܘ̈ܢ ܦܩܘܕܘ̈ܬ

ܡܫܰܒܚܳܐ .	ܡܫܰܒܰܚ	
ܡܫܰܒܚܶܐ .	ܡܫܰܒܚܺܝܢ	ܡܫܰܒܚܺܝܢܰܢ
ܡܫܰܒܰܚܬܳܐ .	ܡܫܰܒܚܳܐ	ܡܫܰܒܚܰܬ
ܡܫܰܒܚܳܬܳܐ .	ܡܫܰܒܚܳܢ	ܡܫܰܒܚܳܬ
ܡܫܰܒܚܳܢܽܘܬܳܐ .	ܡܫܰܒܚܳܢܽܘ	ܡܫܰܒܚܳܢܽܘܬ
ܡܫܰܒܚܳܢܘܳܬܳܐ .	ܡܫܰܒܚܳܢܘܳܢ	ܡܫܰܒܚܳܢܘܳܬ

ഇങ്ങനെ മേൽ കാണിച്ചിരിക്കുന്ന എല്ലാനാമങ്ങരം ക്കും ലോപമുണ്ട്. പുല്ലിംഗം ഏകവചനമൊഴികെ യുള്ള മററുനാമങ്ങരംക്കെല്ലാം രണ്ടു വിധലോപ ങ്ങരം കാണിച്ചിട്ടുണ്ടല്ലോ. അതിൽ ഒന്നാമത് കാ ണിച്ചിരിക്കുന്ന ലോപത്തിന് 'ആകുന്നു' എന്ന വർ ത്തമാനകാല ക്രിയാർത്ഥം കൂടിയുണ്ട്. ഒരു വാചക ത്തിൽ അവ പ്രയോഗിക്കുന്ന പക്ഷം, അതിനു പിന്നെ ക്രിയ ഉപയോഗിക്കേണ്ട ആവശ്യമില്ല. ഉദാ:–

ഈ ആളുകരം കൊലപാതകികളാകുന്നു = ܗܳܠܶܝܢ ܓܰܒܪ̈ܶܐ ܩܳܛܽܘܠܺܝܢ

ഈ വാചകത്തിൽ കൂടുതൽ Emphasis നു വേണ്ടി വേണമെങ്കിൽ ക്രിയയും ചേർക്കാവുന്ന താണ് ഉദാ:–

ܗܳܠܶܝܢ ܓܰܒܪ̈ܶܐ ܩܳܛܽܘܠܺܝܢ ܐܺܝܬܰܝܗܽܘܢ (ܐ̱ܢܽܘܢ)

ഈ വിധത്തിലുപയോഗിക്കുമ്പോരം ഇവർക്ക് 'ആകുന്നു' എന്ന വർത്തമാനകാലക്രിയാർത്ഥമാണ

ല്ലൊ ഉള്ളത്. എന്നാൽ ܗܘܐ എന്ന ക്രിയയുടെ ഭൂത കാലമൊ ഭാവികാലമൊ, ലിംഗവചനങ്ങൾക്കനുയോജ്യമായി ഇവയോടു ചേർത്തുപയോഗിക്കാവുന്നതാണ്. അങ്ങനെ ഉപയോഗിക്കുന്നപക്ഷം അവയ്ക്ക് ഭൂതകാലാർത്ഥമൊ, ഭാവികാലാർത്ഥമൊ, ആവശ്യാനുസരണം നൽകാവുന്നതാണ്. ഉദാ:-

ഈ ആളുകൾ കൊലപാതകികളായിരുന്നു = ܗܳܠܶܝܢ ܐ̈ܢܳܫܳܐ ܩܳܛ̈ܽܘܠܶܐ ܗܘܰܘ

ഈ ആളുകൾ = ܗܳܠܶܝܢ ܐ̈ܢܳܫܳܐ ܩܳܛ̈ܽܘܠܶܐ ܢܶܗܘܽܘܢ
കൊലപാതകികളായിത്തീരും.

Vocabulary

ഗൂഢമായ = ܟܰܣܝܳܐ .m വിലപിച്ചു = ܐܠܠ

ഹൃദയം = ܠܶܒܳܐ .m അനുവദിച്ചു = ܐܰܦܶܣ

ശ്രേഷ്ഠമായ = ܡܝܰܬܪܳܐ .m ഗർഭം ധരിച്ചു = ܒܶܛܢܰܬ

വിവാഹം നിശ്ചയിച്ചു = ܡܟܰܪ ആശ്വസിപ്പിച്ചു = ܒܰܝܺܐ

വല. കെണി = ܡܨܝܕܬܐ .F വെളിപ്പെട്ടു = ܓܠܝ

തുടച്ചു വെടിപ്പാക്കി = ܡܪܰܩ വിധം. തരം = ܙܢܳܐ

നയിച്ചു ആകർഷിച്ചു = ܢܓܰܕ മുടന്തൻ = ܚܓܝܪܳܐ .m

ഉയിർപ്പിച്ചു = ܐܰܚܺܝ അപഹരിച്ചു = ܒܙܰܙ

കോടാലി = ܢܰܪܓܳܐ .m അരിക്. തീരം = ܓܕ

ശതാധിപൻ = ܩܶܢܛܪܽܘܢܳܐ .m വികലാംഗൻ = ܡܚܝܠܳܐ m

ഇട്ടു = ܪܡܳܐ ഓളം. ഇട. വരെ = ܥܕܰܡܳܐ

ദാനം നൽകി = ܚܳܢ വേര് = ܥܶܩܳܪܳܐ m

നിവർത്തിയായി പൂർത്തിയായി = ܫܠܶܡ മീൻപിടിച്ചു നായാടി = ܨܳܕ

പിടിപ്പിച്ചു = ܚܰܒܶܫ കുരുവി = ܨܶܦܪܳܐ .F

Exercise. ഭാഷാന്തരം ചെയ്യുക:—

ܟܰܕ ܡܰܟܪܶܙ ܗ̱ܘܳܐ ܡܳܪܰܢ ܐܺܝܫܽܘܥ ܠܟܶܢܫ̈ܶܐ :
ܚܙܰܘ ܠܦܳܪܰܚܬ݂ܗܽܘܢ : ܐܶܬ݂ܒܰܩܰܘ ܒܨܶܦ̈ܪܶܐ ܕܠܳܐ ܙܳܪ̈ܥܺܝܢ
ܘܚܳܨܕܺܝܢ . ܟܰܕ ܕܶܝܢ ܐܢܳܫܺܝܢ ܢܦ݂ܰܩܘ ܒܰܥܠܳܬ݂ܗܽܘܢ
ܘܰܚܙܳܘ ܒܝܰܡܳܐ ܕܛܰܒܪܺܝܳܐ ܡܠܰܚܳܐ . ܗܳܫܳܐ ܢܺܝܫܳܐ
ܕܨܰܝܕܳܐ ܟܽܠܗܽܘܢ . ܗܳܐ ܢܽܘܢܳܐ ܚܙܳܘ ܟܽܠ ܥܶܩܳܪܳܐ
ܘܰܐܟ݂ܠܳܐ . ܗܽܘ ܕܶܝܢ ܕܰܥܒܰܕ ܐܶܠܳܐ ܢܶܬ݂ܒܰܥ ܗܽܘ ܫܡܰܝܳܐ .
ܗܽܘ ܕܶܝܢ ܕܰܚܙܳܐ ܠܗܽܘ ܐܰܠܨܶܦܪܳܐ ܠܡܶܫܬܰܒܩܽܘ ܨܰܝܳܕܳܐ . ܟܰܕ
ܡܶܬ݂ܚܰܫܰܒ ܟܽܠ ܚܰܕ ܢܦ݂ܰܫܳܐ ܘܰܚܠܳܠܳܐ ܚܙܳܐ ܠܥܰܕܰܡ ܐܰܢܫܺܝܢ
ܘܰܦܠܰܚ ܡܶܫܬ݂ܰܡܥܳܐ ܒܰܫܡܰܝܳܐ : ܐܰܠܗܳܐ ܗܳܘܰܘ ܢܺܝܫܳܐ
ܨܳܝܕܳܐ . ܐܳܦ ܠܳܐ ܢܰܦ݂ܫܳܐ ܢܦ݂ܰܩ ܠܚܰܠܕܳܐ ܒܰܨܰܕ ܨܰܝܳܕܳܐ
ܐܰܝܟ ܕܰܒ݂ܨܶܦܪܳܐ ܢܽܘܚܳܐ ܠܰܡܫܺܝܚܽܘܬ݂ܗܽܘܢ . ܘܰܨܳܕ ܗܽܘ
ܨܳܕܰܘܗܝ ܐܳܦ ܗܽܘ ܥܕܰܡܳܐ ܕܐܰܪܡܳܐ : ܡܕܰܡ :

ܠܠܝܐ ܕܗܘܐ ܒܒܝܬܐ ܕܡܫܝܚܐ ܘܒܡܫܬܘܬܐ ܕܡܫܬܘܬܗܘܢ.
ܐܡܪ ܠܗܘܢ ܝܫܘܥ : ܠܡܠܟܐ ܕܡܫܬܠܡܝܢ ܐܢܬܘܢ
ܘܫܡܝܐ ܗܝ ܡܠܟܘܬܐ ܕܒܫܡܝܐ . ܗܢܘ ܕܝܢ ܕܫܠܡܘܬܐ
ܕܒܗ ܡܠܟܘܬܐ . ܗܘ ܕܒܗ ܐܬܟܪܙ ܠܡܠܟܐ ܐܘ .
ܡܠܟܐ ܕܗܘܢ ܕܒܠܘܬܗ ܘܐܡܝܢܐ . ܫܪܝܘ ܕܝܢ
ܐܠܗܘܢ ܡܫܠܡܘܬܗ ܕܠܡܠܟܐ ܘܫܪܝܘ ܡܠܟܐ . ܠܐ
ܕܡܢ ܠܒܪ ܡܢܠܐ ܡܫܝܚܐ ܡܠܟܐ ܠܐ ܡܫܡܠܝܘܬܗܘܢ .
ܠܡܠܟܐ ܠܡܫܡܫܝܢ ܕܡܢ ܟܠ ܡܫܡܠܝܢܘܬܐ
ܘܟܢܫܐ ܘܠܐ ܡܫܬܪܝܢ ܐܣܝܪܝܢ ܟܕ ܐܟܠܝܢ
ܠܡܠܟܐ . ܫܠܡܐ ܐܢܘܢ ܢܦܫܘ ܫܠܡܐ . ܡܫܡܫܐ
ܠܫܘܒܚܐ ܡܫܝܚܘܬܗ ܠܟܠܗܘܢ ܐܦܫܗ ܠܗܘܢ ܘܠܫܪܗܘܢ
ܢܫܝܟܘܢ . ܗܘ ܕܝܢ ܠܗ ܡܠܝܡܐ ܐܡܪ ܠܗ
ܘܫܡܠܐ ܢܬܦܫ ܘܗܘܝ . ܟܠܗ ܠܫܘܒܚܐ ܡܠܟܘܬܗ
ܘܠܗܐ ܒܐܪܡܘܬܗ . ܗܝ ܠܝܗ ܕܝܢ ܐܬܠܝܗܘܢ
ܘܐܝܟܐ ܢܫܬܦܐ . ܠܡܠܟ ܝܫܪ ܫܪܝܪ ܘܟܫܐ ܘܠܐ ܢܬܠܝܠܐ
ܘܫܡܫܡܫܝܢ ܘܠܐ ܢܬܠܝܢܐ . ܗܝ ܨܒܪܐ ܡܫܝܚܝܬܐ ܡܠܬܗܘܢ
ܢܠܗܘܢ . ܝܗܒܐ ܗܘ ܐܢܬ ܗܘܐ ܠܡܠܟ ܘܫܡܫܐ ܐܣܝܪܗ.

ܡܐ ܕܒܥܝ ܐܢܬ ܡܫܟܚ ܡܢܝ ܠܡܫܡܫܢܐ ܚܛܝܐ :
ܚܛ̈ܝܐ : ܦܫܝܛܐ . ܡܫܡܠܝܐ ܘܪ̈ܚܡܬܐ ܘܡܫܒܚܢܐ
ܘܡ̈ܠܠܬܐ . ܐܢܬ ܐܠܗܝ ܦܪܘܩܐ ܘܡܪܘܡܡܢܐ
ܘܡܗܝܡܢܐ ܘܒܟܠܗܘܢ ܥ̈ܠܡܐ . ܐܒܪܐ ܘܡܘܫ̈ܠܐ
ܫܒ̈ܚܬܐ ܘܝܗܒ ܗܘܐ ܡܘܗܒ̈ܬܐ ܠܟܠܗܘܢ ܒܢ̈ܝܢܫܐ ;
ܡܢ̈ܥܐ ܡ̈ܚܘܠܐ ܟܪ̈ܝܗܐ ܘܝܗܒ ܗܘܐ ܐܣܝܘܬܐ ܠܟܠܗܘܢ
ܒܢ̈ܝܢܫܐ ❖

സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യുക:—

അപ്പോരം ഒററുകാരനായ യീഹൂദാ അവരുടെ കൂട്ടത്തിൽ നിൽക്കുകയായിരുന്നു. നിൻെറ നിന്ദകരുടെ നിന്ദ എൻെറ മേൽ പതിച്ചു. കർത്താവേ! നീ ബലഹീനരെ ശക്തിപ്പെടുത്തുന്നവനും, അനുതാപികളെ കൈക്കൊള്ളുന്നവനും, തൻെറ കാരുണ്യത്താൽ സകലത്തെയും ശുദ്ധീകരിക്കുന്നവനുമാകുന്നു. നിങ്ങരം ഭക്ഷിച്ച ജീവപ്രദമായ ശരീരവും പാപപരിഹാരപ്രദമായ രക്തവും പുനരുത്ഥാന ദിവസത്തിൽ നിങ്ങളെ എൻെറ വലത്തു ഭാഗത്ത് നിറുത്തും. നീ എൻെറ രക്ഷകനും സങ്കേതസ്ഥാനവുമാകുന്നു. എൻെറ പ്രാർത്ഥനയും അപേക്ഷയും നിൻെറ മുമ്പാകെ സ്വീകാര്യമായിത്തീരണമെ. എൻെറ സഹായകൻ ആകാശത്തിൻെറയും ഭൂമിയുടെയും സൃഷ്ടാവായ ദൈവമാകുന്നു. വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ച് സന്തോഷിക്കും. കാരുണ്യവാനായ കർത്താവേ! നിൻെറ കരുണാവാതിൽ

ഞങ്ങളുടെ മുമ്പാകെ അടയ്ക്കരുതേ. ഞാൻ ദുഷ്ടത പറയുകയൊ പ്രവർത്തിക്കുകയൊ ചെയ്യാതിരിപ്പാൻ എന്റെ വായ്ക്കും ഹൃദയത്തിനും കാവൽക്കാരനെ നിയമിക്കണമേ. നിന്നെ വിളിക്കുവാനും എന്റെ തെററുകൾക്ക് പരിഹാരവും എന്റെ രോഗാവസ്ഥയ്ക്ക് വൈദ്യവും നിന്നോട് യാചിക്കുവാനും എന്നെ യോഗ്യനാക്കണമേ. നിന്റെ ശ്രേഷ്ഠതയുടെ ശുശ്രൂഷകൻമാരായ മാലാഖമാർ എനിക്ക് കാവൽക്കാരായിരിക്കണമേ. നിന്റെ കൃപയാൽ ബലഹീനനായ എനിക്ക് വിശുദ്ധിയും വെടിപ്പും നൽകണമേ.

പാഠം 21

❖ ܟܢܘܬܐ ܕܫܡܗ̈ܐ

COGNATE ADJECTIVES.

നാമങ്ങളുടെ അന്ത്യത്തിൽ ചില അക്ഷരങ്ങൾ ചേർത്ത് അവയെ നാമവിശേഷണങ്ങളായി ഉപയോഗിക്കാവുന്നതാണ്. സാധാരണയായി ܝ . ܢ . ܝ . ܬ . ܘ . ܝ . ܠ . ܘ (ܝܘܠܬܘܢܝ) എന്നീ അക്ഷരങ്ങളാണ് അങ്ങിനെ ചേർക്കുന്നത്. ഇതിൽ നിന്ന് ഒന്നോ രണ്ടോ മൂന്നോ അക്ഷരങ്ങൾ ആവശ്യാനുസരണം ചേർക്കുന്നു.

1. Proper Nouns ഉൾപ്പെടെ എല്ലാവിധ നാമങ്ങളോടും [illegible] എന്നു ചേർക്കുന്നു.

ഉദാ:–

അബ്രഹാമ്യൻ = ܐܰܒ݂ܪܳܗܳܡܳܝ . ܐܰܒ݂ܪܳܗܳܡܳܝܳܐ

ഉർശ്ലേംകാരൻ = ܐܽܘܪܺܫܠܶܡܳܝ . ܐܽܘܪܺܫܠܶܡܳܝܳܐ

ഇൻഡ്യാക്കാരൻ = ܗܶܢܕܘܳܝ . ܗܶܢܕܘܳܝܳܐ

ദൈവികൻ = ܐܰܠܳܗܳܝ . ܐܰܠܳܗܳܝܳܐ

മാനുഷീകമായ = ܐ݈ܢܳܫܳܝ . ܐ݈ܢܳܫܳܝܳܐ

സ്വാഭാവികമായ = ܟܝܳܢܳܝ . ܟܝܳܢܳܝܳܐ

ܐܰܝܟܰܢܳܐ . ܠܚܽܘܕ് മുതലായ ചില ക്രിയാവിശേഷണ പദങ്ങളോടും ഇവചേർത്തുപയോഗിക്കുന്നുണ്ട്. ഉദാ:-

ܐܰܝܟܰܢܳܐ ܐܰܝܟܰܢܳܝܳܐ . ܠܚܽܘܕ ܠܚܽܘܕܳܝܳܐ .

ചില പ്രത്യേക പദങ്ങളോട് ഇവ ചേർക്കുന്നത് അൽപ്പം വ്യത്യസ്ഥമായ രീതികളിലാണ്. ഉദാ:-

പൈതൃകമായ = ܐܰܒ݂ܳܝ . ܐܰܒ݂ܳܗܳܝܳܐ

മാതാവിന്നടുത്ത = ܐܶܡܳܝ . ܐܶܡܳܗܳܝܳܐ

പട്ടണക്കാരൻ = ܡܕܺܝܢܬܳܝ . ܡܕܺܝܢܬܳܝܳܐ

പീടികക്കാരൻ = ܚܰܢܘܳܬܳܝ . ܚܰܢܘܳܬܳܝܳܐ

ഇവയ്ക്കെല്ലാം അവയുടെ സ്ത്രീലിംഗ രൂപങ്ങളും ബഹുവചനരൂപങ്ങളുമുണ്ട് ഉദാ:–

ܐܰܠܳܗܳܝܳܐ ܐܰܠܳܗܳܝ̈ܐ . ܐܰܠܳܗܳܝܬܳܐ ܐܰܠܳܗܳܝ̈ܬܳܐ .

ܐܽܘܪܺܫܠܶܡܳܝܳܐ ܐܽܘܪܺܫܠܶܡܳܝ̈ܐ ܐܽܘܪܺܫܠܶܡܳܝܬܳܐ ܐܽܘܪܺܫܠܶܡܳܝ̈ܬܳܐ

2. Common Nouns നോട് സാധാരണയായി ܝܐ എന്നു ചേർത്തുപയോഗിക്കുന്നു. ഉദാ:-

ശാരീരികൻ = ܦܓܪܝܐ . ܦܓܪܐ

ദേശക്കാരൻ = ܐܬܪܝܐ . ܐܬܪܐ

ആത്മീയൻ = ܢܦܫܢܝܐ . ܢܦܫܐ

അഗ്നിക്കടുത്തവൻ = ܢܘܪܝܐ . ܢܘܪܐ

3. മേൽ വിവരിച്ചിരിക്കുന്ന പ്രകാരം ܝܐ എന്ന് ചേർക്കുന്ന പദങ്ങളോട് വീണ്ടും ܢ ന്റെ പിന്നാലെ ഒരു ܐ കൂടി ചേർത്തുപയോഗിക്കാം. അപ്പോഴ അൽപ്പമായ അർത്ഥവ്യത്യാസവും വരുന്നതാണ്. അതായത് ܝܐ എന്നുമാത്രം ചേർക്കുന്നത് പ്രാഥമികവിശേഷണവും ܢܝܐ എന്ന് ചേർക്കുന്നത് അതിന്റെ മദ്ധ്യമവിശേഷണവുമായിരിക്കും. ഉദാ:-

ആത്മീയൻ - ܢܦܫܝܐ സ്വർഗ്ഗീയൻ = ܫܡܝܝܐ

സ്വർഗ്ഗവുമായി ബന്ധപ്പെട്ടവൻ - ܫܡܝܢܝܐ

ആത്മാവുമായി ബന്ധപ്പെട്ടവൻ = ܢܦܫܢܝܐ

മേൽ കാണിച്ചിരിക്കുന്ന പദങ്ങളുടെ അർത്ഥവ്യത്യാസം ശ്രദ്ധിക്കുക. മാലാഖമാർ സ്വർഗ്ഗീയരാണ്, ആത്മീയരുമാണ്. അവരെക്കുറിച്ച് ܫܡܝܝܐ എന്നും ܢܦܫܝܐ എന്നും പറയാം. എന്നാൽ സാധാരണ അങ്ങ

നെയല്ലാതിരുന്നിട്ട്, സ്വർഗ്ഗത്തിനും ആത്മീയാവസ്ഥയ്ക്കും അർഹത പ്രാപിക്കുന്ന മനുഷ്യരെക്കുറിച്ച് ܫܡܝܢܝܐ എന്നും ܪܘܚܢܝܐ എന്നും മാത്രമേ പറയുവാൻ പാടുള്ളു.

4. ചില നാമങ്ങളോട്, പ്രത്യേകിച്ച് ക്രിയാനാമങ്ങളോട് ܒܪ എന്നു ചേർത്തുപയോഗിക്കുന്നു. ഉദാ:—

ബലവാൻ = ܚܝܠܬܢܐ . ܒܪܚܝܠܐ

യോദ്ധാവ് = ܩܪܒܬܢܐ . ܒܪܩܪܒܐ

5. ചില പ്രത്യേക പദങ്ങൾ രണ്ടു രീതികളിൽ ഉപയോഗിക്കുന്നു. ഉദാ:—

ഏവൻഗേലിയോൻ = ܐܘܢܓܠܝܘܢ

. ܐܘܢܓܠܝܣܛܐ . ܐܘܢܓܠܝܘܢܝܐ

. ܐܣܛܘܢܐ̈ . ܐܣܛܘܢܐ തൂണ് = ܐܣܛܘܢܐ

സ്ക്കൂം = ܐܣܟܝܡ

. ܐܣܟܝܡܐ . ܐܣܟܝܡܛܘܣܐ

മേൽ കാണിച്ചിരിക്കുന്ന പദങ്ങൾക്കെല്ലാം അവയുടെ ബഹുവചന, സ്ത്രീലിംഗ, രൂപങ്ങളുമുണ്ട്.

6. ഒരു വിധത്തിൽമാത്രം, എന്നാൽ അത് പ്രത്യേക രീതികളിൽ, ഉപയോഗിക്കുന്ന ചില പദങ്ങളുമുണ്ട്. ഉദാ:—

പോരാളി = ܩܪܒܬܢܐ   പോരാട്ടം = ܩܪܒܐ

കപ്പൽക്കാരൻ = ܐܠܦܢܐ   കപ്പൽ = ܐܠܦܐ

ഭണ്ഡാരസൂക്ഷിപ്പുകാരൻ = ܓܙܒܪܐ   ഭണ്ഡാരം = ܓܙܐ

7. ഇനി നാമങ്ങളുടെ ന്യൂനീകരണം ܫܡܐ ܙܥܘܪܝܐ Diminutive എന്നൊരു രൂപഭേദം കൂടിയുണ്ട്.

ഒരു നാമത്തിന്റെ അന്ത്യത്തിൽ ܘܢܐ അല്ലെങ്കിൽ ܘܢܐ എന്ന് ചേർക്കുമ്പോൾ, നാമം സൂചിപ്പിക്കുന്ന വസ്തുവിനെ ചെറുതാക്കിക്കാണിക്കുന്നു. ഇവയിൽ ܘܢܐ എന്നു ചേർത്തുള്ള പ്രയോഗമാണ് കൂടുതലും ഉപയോഗത്തിലുള്ളത്. ܘܢܐ എന്നുചേർത്തുള്ളപ്രയോഗം അപൂർവ്വമാണ്, ഈ പ്രയോഗം Common Nouns ൽ അല്ലാതെ Proper Nounsൽ സാധാരണമല്ല. ഉദാ:-

മനുഷ്യൻ = ܒܪܢܫܐ

ചെറിയ മനുഷ്യൻ = ܒܪܢܫܘܢܐ . ܒܪܢܫܘܢܐ

ചെറിയ കുട്ടി = ܛܠܝܘܢܐ . ܛܠܝܘܢܐ   കുട്ടി = ܛܠܝܐ

ആട്ടിൻ കുട്ടി = ܐܡܪܐ

ചെറിയ ആട്ടിൻ കുട്ടി = ܐܡܪܘܢܐ . ܐܡܪܘܢܐ

ഈ പദങ്ങളെ ഈ അക്ഷരങ്ങൾ തന്നെ ചേർത്ത് വീണ്ടും ന്യൂനീകരിക്കാവുന്നതാണ്. അപ്പോൾ അവയുടെ അർത്ഥത്തിലും തദനുസരണമായ ന്യൂനീകരണം ഉണ്ടാകുന്നു. ഉദാ:-

[illegible] .

[illegible] .

രണ്ട് നാമങ്ങൾ ചേർത്തുണ്ടാകുന്ന Compound Nouns ൽ [illegible] എന്നു ചേർത്തുള്ള ഒരു രൂപഭേദം മാത്രമേ ഉപയോഗിക്കുകയുള്ളു. ഉദാ:–

[illegible] .

[illegible] .

[illegible] എന്നവസാനിക്കുന്ന സ്ത്രീലിംഗപദങ്ങളുടെ ന്യൂനീകരണത്തിന്, അവയുടെ അന്ത്യത്തിൽ [illegible] എന്നു ചേർക്കുന്നു. ഉദാ:–

[illegible] .

[illegible] .

ഈ പദങ്ങൾക്ക് മേൽ വിവരിച്ചിരിക്കുന്ന വിധത്തിലുള്ള രണ്ടാംഘട്ട ന്യൂനീകരണവുമുണ്ട് ഉദാ:–

[illegible] .

[illegible] .

[illegible] .

ഈ വിധപ്രയോഗങ്ങളെല്ലാം സാഹിത്യത്തിലുള്ളതാണെങ്കിലും അവ ഉപയോഗത്തിൽ വളരെ വിരളം മാത്രമാണ്. കവിതയിൽ, അതും വളരെ അപൂർവ്വ

മായി മാത്രമേ ഇവ കാണുകയുള്ളു. ഈദൃശപ്രയോഗങ്ങളുമുണ്ടെന്നു മനസ്സിലാക്കുവാൻവേണ്ടി, അവ ഇവിടെ സൂചിപ്പിച്ചിരിക്കുന്നു എന്നു മാത്രം.

Vocabulary

പീടിക = ܚܳܢܽܘܬܳܐ .F	ഭണ്ഡാരം = ܓܰܙܳܐ .m
നിന്ദിച്ചു = ܚܣܰܕ	വണ്ടി = ܥܓܳܠܳܐ .m
കടുക് (ധാന്യത്തിന്റെ) = ܚܰܪܕܠܳܐ m	തോട്ടം = ܓܰܢܬܳܐ .F
മണി = ܙܳܓܽܘܪܬܳܐ .F	ഭാഗ്യം = ܛܽܘܒܳܐ .m
യുദ്ധം = ܩܪܳܒܳܐ .m	പ്രകൃതി, സ്വഭാവം = ܟܝܳܢܳܐ .m
കശ്ശീശ മൂപ്പൻ = ܩܰܫܺܝܫܳܐ .m	ഭാഷ. നാവ് = ܠܶܫܳܢܳ̈ܐ .m
പീഢിപ്പിച്ചു = ܐܰܠܶܨ	ആദ്യന്തമില്ലാത്തവൻ = ܡܬܽܘܡܳܝܳܐ .m
ഉയരം = ܪܰܘܡܳܐ .m	സസ്യം = ܥܶܣܒܳܐ .m
ത്രിത്വം = ܬܠܺܝܬܳܝܽܘܬܳܐ .F	കുരള = ܓܰܪܓܽܪܬܳܢܳܐ .m

ܓܰܢܬܳܐ യുടെ ബഹുവചനം ܓܰܢܶ̈ܐ

ܛܽܘܒܳܐ എന്ന പദത്തോട് ܒܰܪ എന്നും ܒܰܪܬ എന്നും ചേർത്ത് ഭാഗ്യവാൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കാം.

ഭാഗ്യവാൻ = ܛܽܘܒܬܳܢܳܐ . ܛܽܘܒܳܢܳܐ

ഇതിനും പുറമെ ഈ പദത്തോട് ܝܗܘܢ എന്ന പ്രത്യയങ്ങൾ ചേർത്ത് ഉപയോഗിക്കാവുന്നതാണ്. അപ്പോൾ അൽപ്പമായ അർത്ഥവ്യത്യാസമുണ്ട്. ഉദാ:-

ഞാൻ ഭാഗ്യവാൻ = ܛܘܒܝ

അവർ ഭാഗ്യവാൻമാർ = ܛܘܒܝܗܘܢ

അവൻ ഭാഗ്യവാൻ = ܛܘܒܘܗܝ

അവൾ ഭാഗ്യവതി = ܛܘܒܝܗ

Exercise. ഭാഷാന്തരം ചെയ്യുക:-

ܠܡܫܝܚܘܬܐ ܘܡܫܡܫܢܐ ܠܐ ܟܠܠܘܗܝ. ܗܘܝܢ ܡܢܗ
ܠܗ ܘܕܘܟܝܐ ܢܗܘܐ. ܠܡܫܝܚܐ ܠܡܫܡܫܘܢ ܟܢܝܪܝܢ ܟܠ
ܡܫܡܫܢܘܬܐ ܘܥܒܕܐ. ܦܪܘܫܬܐ ܘܢܗܘܪܐ ܟܠ
ܘܐܘܪܚܐ ܐܪܙܐ: ܕܐܘܪܝܬܐ ܐܝܬ ܒܗ ܡܢ ܟܠܗܘܢ ܐܪܙܝܬܐ
ܘܟܠ ܐܪܙܐ: ܘܫܡܫܐ ܘܗܘܢܐ ܘܟܠ ܡܢ ܟܠܗܘܢ
ܡܬܩܪܐ. ܐܦ ܐܝܬ ܠܗ ܢܦܫܐ ܢܗܝܪܐ ܗܘܐ.
ܢܦܫ ܘܡܢ ܟܠܗ ܢܗܝܪܐ ܠܥܠܡܐ ܘܢܘܗܪ ܒܠܒܐ
ܠܡܫܡܫܢܘܬܐ. ܡܫܡܫܢܐ ܡܫܒܚܐ ܐܡܪܝܢ ܘܐܪܙܐ
ܘܫܡܫܐ ܡܫܡܫܝܢ. ܡܪܐ ܘܟܠܗܝܢ ܘܫܒܚܐ ܘܬܠܬܝܢ
ܟܠ ܗܘܢ ܐܘܪܫܠܡ. ܡܫܒܚܝܢ

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യുക:-

മേലുള്ളവരുടെ നാഥനും താഴെയുള്ളവരുടെ ശരണവുമേ! ഈ പ്രഭാതത്തിൽ തിരുമുമ്പാകെ ഞാൻ പ്രാർത്ഥിക്കുന്നു. സ്വർഗ്ഗീയനായ ഗബ്രിയേൽ മാലാഖ മറിയാമിനോട്, അവൾ കന്യാത്വത്തിൽ ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കുമെന്ന് അറിയിച്ചു. സന്ധ്യയായപ്പോൾ ധാരാളം പിശാചുബാധിതരെയും മററു രോഗികളെയും അവർ യേശുവിൻെറ അടുക്കൽ കൊണ്ടുവന്നു. നിങ്ങളെല്ലാവരും എൻെറ ആത്മീയമക്കളാകുന്നു. ഈ മനുഷ്യൻ നസ്രായരുടെ ഉപദേശത്തിൻെറ തലവനാകുന്നു. ഇന്നലെ ഒരു വണ്ടിയിൽ നിന്ന് വണ്ടിക്കാരൻ വഴിയിൽ വീണു മരിച്ചു. ഇന്ന് നഗരവാസിയായ ഒരു മനുഷ്യൻ

ഞങ്ങളുടെ വീട്ടിൽ വന്ന് ഞങ്ങളുടെ ചെറിയ പട്ടിക്കുട്ടിയെ വാങ്ങി. ഇൻഡ്യാക്കാരനായ ഒരു മനുഷ്യൻ ലണ്ടൻപട്ടണത്തിൽ ചെന്ന് രണ്ടുകൊല്ലം അവിടെ താമസിച്ച് ഇംഗ്ലീഷുഭഷേ പഠിച്ചശേഷം തിരിയെ വന്നു. ഇന്നലെ ഇവിടെ വന്ന കപ്പലിൽ നിന്ന് അതിലെ കപ്പൽക്കാർ ഇറങ്ങി ഞങ്ങളുടെ സ്ക്കൂളിൽ വന്നു. മിശിഹാക്കാലം 1958–ൽ ഓർത്തഡോക്സ് സുറിയാനി സഭയിൽ സമാധാനമുണ്ടായി.

പാഠം 22

❖ ܡܢܝ̈ܢܐ ܛܟܣܝ̈ܐ ❖

ORDINAL NUMBERS

മുൻ 9–ാം പാഠത്തിൽ അക്കങ്ങളെക്കുറിച്ചും സംഖ്യാനാമങ്ങളെക്കുറിച്ചും വിവരിച്ചിട്ടുണ്ട്. സംഖ്യാനാമങ്ങൾ,

അവയുടെ അന്ത്യത്തിൽ ܝܐ എന്നു ചേർത്ത് ക്രമസൂചകനാമങ്ങളായി ഉപയോഗിക്കാം.

ܢܩܒܬܐ	ܕܟܪܐ	
ܩܕܡܝܬܐ	ഒന്നാമൻ = ܩܕܡܝܐ	ܚܕ
ܬܪܝܢܝܬܐ	രണ്ടാമൻ = ܬܪܝܢܐ	ܬܪܝܢ
ܬܠܝܬܝܬܐ	മൂന്നാമൻ = ܬܠܝܬܝܐ	ܬܠܬܐ

ܪܒܝܥܝܬܐ	നാലാമൻ	= ܪܒܝܥܝܐ	ܐܪܒܥ
ܚܡܝܫܝܬܐ	അഞ്ചാമൻ	= ܚܡܝܫܝܐ	ܚܡܫ
ܫܬܝܬܝܬܐ	ആറാമൻ	- ܫܬܝܬܝܐ	ܫܬ
ܫܒܝܥܝܬܐ	ഏഴാമൻ	= ܫܒܝܥܝܐ	ܫܒܥ
ܬܡܝܢܝܬܐ	എട്ടാമൻ	= ܬܡܝܢܝܐ	ܬܡܢܐ
ܬܫܝܥܝܬܐ	ഒൻപതാമൻ	= ܬܫܝܥܝܐ	ܬܫܥ
ܥܣܝܪܝܬܐ	പത്താമൻ	= ܥܣܝܪܝܐ	ܥܣܪ

ഇതുപോലെ ܚܕܥܣܝܪܝܐ . ܬܪܥܣܝܪܝܐ എന്നിങ്ങനെ മേലോട്ടുള്ള സംഖ്യകൾക്കും ഉപയോഗിക്കാവുന്നതാണ്. ഇതിൽ ഒന്ന് എന്നനാമത്തിൽ വന്നിട്ടുള്ള വ്യത്യാസം പ്രത്യേകം ശ്രദ്ധിക്കുക. ܚܕ എന്നതിന് പകരം ܩܕܡܝܐ എന്നവേറൊരു പദമാണ് ഉപയോഗിക്കുന്നത്. ܚܕ എന്ന പദത്തോട് ܝܐ എന്നു ചേർത്ത് ܚܕܝܐ എന്നുപയോഗിക്കുമെങ്കിലും അതിൻെറ അർത്ഥം 'ഒന്നാമൻ" എന്നല്ല, പ്രത്യുത ഏകമായ എന്നാകുന്നു.

ഇരുപതുമുതൽ മേലോട്ടുള്ള സംഖ്യാനാമങ്ങളും ഈ വിധത്തിൽ ഉപയോഗിക്കാം. ഉദാ:-

ܥܣܪܝܢܝܐ . ܬܠܬܝܢܝܐ . ܐܪܒܥܝܢܝܐ . ܚܡܫܝܢܝܐ ܡܐܬܢܝܐ

ഇവയ്ക്കെല്ലാം ബഹുവചനരൂപങ്ങളും സ്ത്രീ ലിംഗ രൂപങ്ങളു മുണ്ട്. ഉദാ:-

ܚܡܝܫܝܬܐ ܚܡܝܫܝ̈ܬܐ . ܚܡܝܫܝܐ ܚܡܝܫܝ̈ܐ

2. മേൽകാണിച്ചിരിക്കുന്ന പ്രകാരം സംഖ്യാ നാമങ്ങരം ഇങ്ങനെ ܝܐ ചേർത്തുപയോഗിക്കുന്നതിന് പകരം ആരംഭത്തിൽ ܕ ചേർത്തും ഉപയോ ഗിക്കാം. ഉദാ:-

ܩܕܡܝܐ = ܕܚܕ .   ܬܠܝܬܝܐ = ܕܬܠܬܐ

ܬܪܝܢܝܐ = ܕܬܪܝܢ .   ܪܒܝܥܝܐ = ܕܐܪܒܥܐ .

ܚܡܝܫܝܐ = ܕܚܡܫܐ .   ܫܬܝܬܝܐ = ܕܫܬܐ

3. ഭിന്നസംഖ്യകരം താഴെ കാണുന്ന പ്രകാരം ഉപയോഗിക്കാം.

മൂന്നിലൊന്ന് = ܬܘܠܬܐ   പകുതി = ܦܠܓܐ

അഞ്ചിലൊന്ന് = ܚܘܡܫܐ നാലിലൊന്ന് = ܪܘܒܥܐ

ആറിലൊന്ന് = ܫܘܬܬܐ ܐܘ ܫܬܬܐ

എട്ടിലൊന്ന് = ܬܘܡܢܐ ഏഴിലൊന്ന് = ܫܘܒܥܐ

പത്തിലൊന്ന് = ܥܘܣܪܐ ഒൻപതിലൊന്ന് = ܬܘܫܥܐ

4. സംഖ്യാനാമങ്ങരം ഒരു പദം തന്നെ ആവർത്തിച്ച് ക്രിയാവിശേഷണമായി ഉപയോഗിക്കാം.

ഈരണ്ടായി = ܬܪܝܢ ܬܪܝܢ   ഒരോന്നായി = ܚܕ ܚܕ

മാസങ്ങൾ, ആഴ്ചയിലെ ദിവസങ്ങൾ മുതലായവയുടെ പേരുകൾ

ജൂൺ = ܚܙܝܪܢ ആണ്ട് = ܫܢܬܐ

ജൂലൈ = ܬܡܘܙ ആഴ്ചവട്ടം = ܫܒܘܥܐ

ഓഗസ്റ്റ് = ܐܒ മാസം = ܝܪܚܐ

സെപ്റ്റംബർ = ܐܝܠܘܠ ആഴ്ച = ܫܒܬܐ

ഒക്ടോബർ = ܬܫܪܝܢ ܩܕܝܡ ജനുവരി = ܟܢܘܢ ܐܚܪܝ

നവംബർ = ܬܫܪܝܢ ܐܚܪܝ ഫെബ്രുവരി = ܫܒܛ

ഡിസംബർ = ܟܢܘܢ ܩܕܝܡ മാർച്ച് = ܐܕܪ

ഞായറാഴ്ച = ܚܕ ܒܫܒܐ ഏപ്രിൽ = ܢܝܣܢ

തിങ്കളാഴ്ച = ܬܪܝܢ ܒܫܒܐ മെയ് = ܐܝܪ

മിനിയന്ന് = ܩܕܡ ܐܬܡܠܝ ചൊവ്വാഴ്ച = ܬܠܬܐ ܒܫܒܐ

നാളെകഴിഞ്ഞ് = ܒܬܪ ܡܚܪ ബുധനാഴ്ച = ܐܪܒܥܐ ܒܫܒܐ

കിഴക്ക് = ܡܕܢܚܐ വ്യാഴാഴ്ച = ܚܡܫܐ ܒܫܒܐ

വടക്ക് = ܓܪܒܝܐ വെള്ളിയാഴ്ച = ܥܪܘܒܬܐ

തെക്ക് = ܬܝܡܢܐ ശനിയാഴ്ച = ܫܒܬܐ

പടിഞ്ഞാറ് = ܡܥܪܒܐ ഇന്ന് = ܝܘܡܢܐ

വേനൽക്കാലം = ܩܝܛܐ നാളെ = ܡܚܪ

വർഷകാലം = ܣܬܘܐ ഇന്നലെ = ܐܬܡܠܝ

Vocabulary

ഉദിച്ചു = ܕܢܚ   Class കൂട്ടം = ܓܘܕܐ .F

ഗ്രന്ഥം = ܟܬܒܐ .m   അക്രമിച്ചു അപഹരിച്ചു = ܓܙܠ

പെരുന്നാൾ = ܥܐܕܐ .m   പ്രത്യേകമായി ܝܚܝܕܝܐ .m

തിരികെ കൊടുത്തു = ܦܪܥ   സാദൃശ്യം = ܕܡܘܬܐ .F

വേർതിരിച്ചു = ܦܪܫ   ഒരു നാണയം = ܡܢܐ .m

നോമ്പ് = ܨܘܡܐ .m   വഹിച്ചു = ܛܥܢ

തലവരി പണം = ܟܣܦ ܪܫܐ   പെട്ടകം = ܩܒܘܬܐ .F

കൊമ്പ്, അഗ്രം = ܩܪܢܐ   ഒരു നാണയം = ܕܝܢܪܐ .m

ܫܡܥܘܢ പേര് = ܫܡܐ .m   ഒഴുകി, യാത്രചെയ്തു = ܪܕܐ

കുറുനരി = ܬܥܠܐ .m   അധികാരപ്പെട്ടു = ܫܠܛ

Exercise. ഭാഷാന്തരം ചെയ്യുക:—

[illegible]

[illegible]

[illegible]

[illegible]

[illegible]

ܫܒܩܘܗܝ ܘܡܫܬܥܒܕܐ ܒܐܒܐ. ܩܪܒܘ ܗܢܘܢ ܘܢܫܒܘܩ
ܚܘܒܝܢ ܚܘܒܝܢ ܐܬܐܢ ܘܒܫܒܩܐ ܘܚܫܐ ܠܟܘܢ ܒܐܦܐ. ܐܡܪ
ܠܗ ܝܫܘܥ: ܠܐ ܐܡܪ ܐܢܐ ܠܟ ܥܕܡܐ ܠܫܒܥ: ܐܠܐ
ܥܕܡܐ ܠܫܒܥܝܢ ܙܒܢܝܢ ܫܒܥ ܫܒܥ. ܐܝܬ ܗܘܘ
ܠܡܠܟܘܬܗ ܐܢܫܐ ܡܠܟܐ. ܩܪܝܒܐ ܢܣܒ ܐܝܬ
ܘܫܬܝܬ. ܘܚܘܝܬ ܗܘܐ ܠܗ ܟܠܝܐ ܡܠܟܐ ܐܢܬܟܗ
ܠܐܢܫܘܗܝ. ܗܘܐ ܐܦ ܗܘ ܘܟܘܪܝ ܐܦ ܗܘ ܘܟܟܪܬܐ
ܕܚܝܒܐ ܠܡܣܒܠܬܗܘܢ. ܟܠ ܢܘܟܪܝܐ ܗܘ ܘܟܠ ܡܢܬܐ
ܗܘܝ ܐܢܫ ܠܐ ܕܪܫ. ܠܢܘܟܪܝܐ ܘܚܫܒ ܘܐܢܬܘܗܝ
ܟܠܗ ܕܪܘܫܬܐ: ܐܬܟܢܫܘ ܘܟܢ ܟܘܗܢܐ ܘܦܪܘܫܐ
ܠܟܘܢ ܦܢܝܬܘܢ. ܒܪܫܐ ܘܝܢ ܘܡܫܬܐ ܘܠܝܐ ܗܘ
ܕܒܫܡܐ: ܐܬܬ ܡܪܢܫ ܡܢ ܕܠܐ ܡܬܐ ܘܡܪܢܫ ܐܢܫܐ
ܘܢܦܠ ܠܩܕܡܘܗܝ. ܒܪܢܫܐ ܘܡܬܐ ܐܬܟܠܝܢ ܒܬܪܐܠ
ܡܠܟܘܬܐ ܥܠ ܠܟܘܢ ܐܬܪܐ. ܫܢܐ ܕܒܪܝ ܐܝܬܗ ܡܢܫ
ܘܠܐ ܡܢܝܢ ܠܡܟܢܝܘ ܒܡܬܐ. ܒܗ ܢܠܡܐ
ܘܒܗ ܘܢܬܝܢ: ܬܘܪܬܗ ܘܢܬܠܟܢܝܢ. ܐܟܠܘ
ܦܪܝܐ ܒܐܘܪܚܫܬܐ ܒܪܢܫܐ ܦܪܝܫܐ ܘܗ ܢܦܫܝܢ.

ܐܡܪܘ ܠܗܘܢ ܒܩܘܫܬܐ ܡܫܠܡܬܐ ܡܬܡܠܝܬܐ.
ܐܬܟܠܠ ܟܘܡܪܐ ܡܢܗܘܢ ܕܩܘܪܝܣ ܫܡܗ ܗܘܐ ܒܢܣܪܝܢ
ܐܘܪܚܐ ܒܢܦܫܗܘܢ ܢܗܪܐ ܒܪܘܚܬܐ. ܐܬܒܪܟ ܫܡܫܐ
ܘܥܠܝܢ ܒܢܗܪܐ ܠܥܠܡܐ ܘܗܘ ܢܗܝܪ. ܒܬܪ ܗܠܝܢ
ܦܪܫ ܢܦܫܗ ܡܢ ܠܚܡܝܢܘܬܐ ܐܝܬܘܗܝ ܫܒܝܚܝܢ
ܡܫܪ ܐܢܫ ܠܘܬܗ ܠܟܠ ܐܦ ܡܫܪܝܢܐ
ܘܠܬܝܪ ܗܘܐ ܗܘ ܠܫܡܗ. ܒܪ ܗܠܝܢ ܡܠܟܐ
ܗܘܐ ܐܘܪܫܠܡ ܐܬܐ ܢܦܩ ܡܢ ܒܝܬܗ ܘܡܫܪܐ.
ܗܠ: ܡܘܬܪܐ ܘܦܬܝܪܐ ܠܟܠ. ܐܡܪ ܠܗܘܢ
ܢܗܘܐ: ܢܟܠ: ܐܡܪ ܠܬܠܡܝܕܐ : ܗܐ ܡܠܘܬ
ܐܢܐ ܗܘܐ ܘܗܘܝܬ ܐܢܐ ܥܒܕܐ ܬܘܒ ܡܫܝܚܐ.
ܠܟܠܢܫ ܡܫܪܐ ܘܠܝ ܚܝ ܒܪܘܚܐ ܡܪܝ ܐܢܐ.
ܟܢ ܫܪܐ ܕܩܘܪܝܐ ܫܪܐ ܘܡܢܗܘܢ ܡܫܠܡܝܢ
ܘܡܫܪ ܠܗܘܢ: ܐܬܝܪ ܒܪ ܐܢܐ ܐܢܐ ❖

സുറിയാനിയിലേക്ക് ഭാഷാന്തരം ചെയ്യുക:—

ഇപ്പോഴം ഞങ്ങളുടെ സ്ക്കൂളിൽ അഞ്ഞൂററി ഏഴുപത്തിഅഞ്ച് കുട്ടികളുണ്ട്. അതിൽ മൂന്നിലൊന്ന് പെൺകുട്ടികളും ബാക്കി ആൺകുട്ടികളുമാണ് എല്ലാദിവസവും ഞങ്ങളുടെ പ്രധാനാദ്ധ്യാ

പകൻ ആൺകുട്ടികളിൽ നിന്നും പെൺകുട്ടികളിൽ നിന്നും ഈരണ്ടുപേരെ വിളിച്ച്, ആ ദിവസത്തേക്കുള്ള പ്രത്യേകജോലികൾ അവരെ ഏൽപ്പിക്കും. എന്റെ ഇളയ സഹോദരൻ കഴിഞ്ഞകൊല്ലം അവന്റെ ക്ലാസ്സിൽ ഒന്നാമനായിരുന്നു. എന്നാൽ ഈ ആണ്ടിൽ രോഗം കാരണം ഒരു മാസം അവന് സ്ക്കൂളിൽ പോകുവാൻ സാധിച്ചില്ല. അതു കാരണം ഇപ്പോൾ അവൻ ക്ലാസ്സിൽ നാലാമനാണ്. എല്ലാം ആഴ്ചയിലും വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം ഒരു പ്രത്യേക അദ്ധ്യാപിക വന്ന് പെൺകുട്ടികളെ പാട്ടു പാടുവാൻ പഠിപ്പിക്കുന്നുണ്ട്. ഇന്നലെയും മിനിയാന്നും ഞങ്ങളുടെ ക്ലാസ്സിലെ അദ്ധ്യാപകൻ വരാതിരുന്നതു കാരണം ഞങ്ങൾക്ക് ഒന്നും പഠിക്കുവാൻ സാധിച്ചില്ല. നാളെ പക്ഷേ അദ്ദേഹം വരുമായിരിക്കാം. നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ ഡിസംബർ മാസം ഇരുപത്തിഅഞ്ചാം തീയതിയാകുന്നു. ഈ ആണ്ടിൽ അത് ബുധനാഴ്ച ദിവസമായിരുന്നു. ഇസ്രായേൽ ജനം ഏപ്രിൽ മാസം പതിനാലാം തീയതി പെസഹാപെരുന്നാൾ ആചരിച്ച് വന്നിരുന്നു. മോറാൻമോർബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായുടെ ഓർമ്മദിവസം ജനുവരി മാസം മൂന്നാം തീയതിയാകുന്നു .വലിയനോമ്പിന്റെ നാലാമത്തെ ആഴ്ചയിലെ ബുധനാഴ്ച പാതിനോമ്പും, അബ്ഗാർ രാജാവിന്റെ ഓർമ്മയും ആകുന്നു. മാർച്ചുമാസം ഒൻപതാം തീയതിയാകുന്നു നാൽപ്പത് സഹദേൻമാരുടെ ഓർമ്മ. എന്നാൽ ആ തീയതി, ശനിയാഴ്ചയൊ ഞായറാഴ്ചയൊ ആയിട്ട് വന്നാൽ മാത്രം, ആ തീയതിയിൽ തന്നെ ഈ ഓർമ്മ ആചരിക്കണം. അല്ലെങ്കിൽ ആ മാസം പതിനാലാം തീയതിക്ക് മുൻപുള്ള ശനിയാഴ്ചയൊ ഞായറാഴ്ചയൊ

ഈ ഓർമ്മ നടത്തണം. നോഹയുടെ പെട്ടകം കിഴക്കു നിന്ന് പടിഞ്ഞാറോട്ടും വടക്കുനിന്ന് തെക്കോട്ടും സ്ലീബാ ആകൃതിയിൽ വെള്ളത്തിൻമേൽ കൂടി സഞ്ചരിച്ചു.

പാഠം 23

❖ ܦܘܢܳܝܶܐ ܕܦ̈ܥܠܶܐ

ക്രിയകളുടെ സാർവ്വനാമിക പ്രത്യയം.

OBJECTIVE PRONOMINAL SUFFIXES OF VERBS

ഒരു ക്രിയയോട് ബന്ധപ്പെട്ട് വരുന്ന കർമ്മത്തിനു മുൻപിൽ സാധാരണയായി ܠ എന്ന പ്രത്യയം ചേർക്കുമല്ലൊ. എന്നാൽ അതിനു പകരം സകർമ്മക ക്രിയകളോട് അവയ്ക്കു കർമ്മാർത്ഥം കൂടി ലഭിക്കത്തക്കവിധം, മുൻ ഏഴാം പാഠത്തിൽ വിവരിച്ചിരിക്കുന്ന ܢܘܢ എന്ന അക്ഷരങ്ങൾ ചേർക്കാവുന്നതാണ്. - ഉദാ:-

ܩܛܠ എന്ന ക്രിയയുടെ ധാതുരൂപമായ ഭൂതകാലം തൃതീയ പുരുഷൻ, പുല്ലിംഗം എടുക്കാം.

അവൻ കൊന്നു = ܩܛܰܠ

അവൻ എന്നെ കൊന്നു = ܩܛܰܠܰܢܝ - ܩܛܰܠ ܠܝ̱

ഇങ്ങനെ സകർമ്മക ക്രിയകളുടെ സിദ്ധരൂപത്തിലെ എല്ലാ രൂപഭേദങ്ങളോടും ചേർക്കാം. അകർമ്മകക്രിയകൾക്കും കർമ്മണിക്രിയകൾക്കും ഈ പ്രക്രിയ ഇല്ല.

ഈ വിഷയത്തിൽ ശ്രദ്ധിക്കുവാനുള്ള ചില പ്രത്യേക നിയമങ്ങൾ താഴെ ചേർക്കുന്നു.

1 തൃതീയപുരുഷ ബഹുവചന പ്രത്യയങ്ങളായ ܗܘܢ ، ܗܝܢ എന്നിവ, ക്രിയകളോടു ചേർക്കുകയില്ല. പകരം ܢܘ̈ܢ ، ܢܝ̈ܢ എന്ന പ്രത്യയങ്ങൾ ചേർക്കുന്നു. ഉദാ:—

"അവൻ അവരെ കൊന്നു" എന്നതിനു ܩܛܠܗܝܢ ، ܩܛܠܗܘܢ എന്നു പ്രയോഗിക്കുകയില്ല. പകരം ܢܘ̈ܢ ܩܛܠ ، ܢܝ̈ܢ ܩܛܠ എന്നോ അല്ലെങ്കിൽ ܐܢܘܢ ܩܛܠ ، ܐܢܝܢ ܩܛܠ എന്നോ ഉപയോഗിക്കണം. ഇവയിൽ ܢܘܢ ، ܢܝܢ എന്ന പ്രത്യയങ്ങളാണ് സാധാരണയായി ഉപയോഗിക്കുന്നത്.

2. ക്രിയകളുടെ സിദ്ധരൂപത്തിലെ, ഓരോ ലിംഗവചന, പുരുഷ രൂപത്തിനും, അതാതു ഗണത്തിലുള്ള പ്രത്യയങ്ങൾ ചേർക്കുകയില്ല. എന്നാൽ തൃതീയപുരുഷ പദങ്ങളോട് എല്ലാപ്രത്യയങ്ങളും ചേർക്കാവുന്നതാണ്. ഉദാ:-

നീ കൊന്നു = ܩܛܠܬ . ഇതിനോട് ദ്വിതീയ പുരുഷ പ്രത്യയങ്ങൾ ചേർക്കുകയില്ല. അതായത് ܩܛܠܬܟ എന്ന് പ്രയോഗിക്കുകയില്ല. അങ്ങനെ പ്രയോഗിച്ചാൽ അതിന്റെ അർത്ഥം 'നീ നിന്നെ കൊന്നു' എന്നാണല്ലോ.

3. വർത്തമാനകാലത്തിലെ ഒരു രൂപഭേദത്തോടും ഈ നിലയിൽ പ്രത്യയങ്ങൾ ചേർക്കുകയില്ല. പകരം ܠܟ݂ . ܠܗ̇ . മുതലായവ ആവശ്യാനുസരണം ചേർത്തുപയോഗിക്കുന്നു.

